2015 ആഗസ്റ്റ് 25 മുതൽ സപ്തംബർ 24 വരെ
വില 10 രൂപ

# നക്ഷത്രരാജ്യം

**The National, State, District, Village star news Kerala & India**

**Cinema,
Sports,
Arts &
Literature**

ഫിഫ ലോക കപ്പ് ഫുട്ബോൾ 2018
ഭാസി മലാപ്പറമ്പിന്റെ ലേഖനം





| | |
|---|---|
| ഇയ്യങ്കോട് ശ്രീധരൻ | (ലേഖനം) |
| പി.ആർ. നാഥൻ | (ലോകവിചാരം) |
| രാജൻ ചിന്നങ്ങത്ത് | (കഥ) |
| എം.എസ്. കുമാർ | (കഥ) |
| പൂനൂർ. കെ.കരുണാകരൻ | (ലേഖനം) |
| ഭാസി മലാപ്പറമ്പ് | (സ്പോർട്സ്) |
| വിനോദ്കുമാർ ദാമോദർ | (ലേഖനം) |
| ജോസ് പൂതക്കുഴി | (ലേഖനം) |
| വാസു അരീക്കോട് | (കവിത) |
| കുട്ടികൃഷ്ണൻ നായർ ഇളവന | (ഓർമ്മ) |
| ടി.ജെ.നായർ മഞ്ചേരി | (വിചാരം) |
| അശോകൻ മല്ലിശ്ശേരി | (കഥ) |
| ഗിരീഷ് മൂഴിപ്പാടം | (കർട്ടൂൺ) |




മുഖചിത്രം
**പത്മപ്രിയ**
(ഫിലിംസ്റ്റാർ)

Since : 2008
Nakshathra Rajyam
(Monthly Magazine)
2015 August 25
Reg. No. 2008/11/2718/D/
RNI EN No. 40980 Dated: 10-10-2007
Issue 53 Volume 6
Managing Editor, Publisher &
Owned by
**Nakshathrarajyam** E. Radhakrishnan
Edoli House, Kommeri P.O.
Kozhikode - 673007
Address
Managing Editor
NAKSHATHRA RAJYAM
P.B. No. 1205
Mankave P.O., Kozhikode - 7
Kerala, India.
Mob: 9744233997
9847649567
email:nakshathrarajyam@gmail.com
Layout:
BHAVANA GRAPHICS, Tali
Inside Art:
GIREESH MOOZHIPADAM
Cover
Amina Creations, Palazhi, Clt.
Price 10.00

**എഡിറ്റോറിയൽ**



# ഓണം

മഹാബലി ചക്രവർത്തിയുടെ ഭൂമിയിലെ ഭരണവും, പ്രജകളുടെ സമ്പദ്സമൃദ്ധിയും, കള്ളവും ചതിയുമി ല്ലാത്ത ജീവിതവും, രാജഭരണത്തിലെ ജന ക്ഷേമപ്രവർത്തനവും ക് ഭൂമിയും ദേവലോകത്തെ പ്പോലെ സ്വർഗ്ഗമാകുമെന്നുഭയപ്പെട്ട് അസൂയാലുവാകു കയും - സ്വന്തം പദവികളും സ്ഥാനമാനങ്ങളും നഷ്ട പ്പെടുമെന്ന് വിശ്വസിക്കുകയും ചെയ്ത ദേവന്മാരുടെ പരാതിയിൽ തെറ്റിദ്ധരിപ്പിക്കപ്പെട്ട മഹാവിഷ്ണു ഭൂമി യിൽ വാമനനായി അവതരിച്ചു. മഹാബലിയെ പാതാള ത്തിലേക്ക് അയക്കുവാനുള്ള വാമനന്റെ തന്ത്രപരമായ സമീപനത്തിൽ ഈരേഴ്പതിനാലുലകവും വാമനൻ തന്റെ കാൽക്കടിയിലാക്കി. മഹാവിഷ്ണുവാണു തന്റെ മുന്നിൽ നിൽക്കുന്നതെന്നും തന്റെ ചക്രവർത്തി പദവി സ്ഥാനത്യാഗമാണ് മഹാവിഷ്ണു ആഗ്രഹിക്കുന്ന തെന്നും മനസ്സിലാക്കിയും ആ ചക്രവർത്തി മഹാവി ഷ്ണുവിന്റെ അവതാരമായ വാമനന്റെ മുന്നിൽ ശിരസ്സു കുനിച്ചു. വാമനൻ തന്റെ മൂന്നാമത്തെ കാലടി മഹാബലി യുടെ തലയിൽവെച്ച് ആ ജനക്ഷേമ പ്രജാപതിയായ ഭൂമിയിലെ ചക്രവർത്തിയെ പാതാളത്തിലേക്ക് അയച്ചു. ഹിന്ദു ദൈവസങ്കൽപ്പങ്ങളിൽ തൃമൂർത്തികളിൽ ഒരാ ളായ മഹാവിഷ്ണുവിനെ പ്രജാക്ഷേമ വിരുദ്ധനായി തെറ്റിദ്ധരിപ്പിക്കുന്ന വിധമാണ് മലയാളിയുടെ ഓണസങ്ക ല്പമെങ്കിലും ഓണക്കാലത്ത് പുള്ള സമയങ്ങളിൽ സമ്പ ദ്സമൃദ്ധിയും ആഹ്ളാദവും കളിയാടിയിരുന്നു. ഇന്നു മലയാളിക്ക് ജീവിതം നയിക്കാനുള്ള ധനസ മ്പത്തിനെക്കുറിച്ചുള്ള (അപര്യാപ്തതയെക്കുറിച്ചുള്ള) വേവലാതിയേക്കാൾ നാട്ടിലെ ആക്രമപ്രവർത്തിക ളെക്കുറിച്ചുള്ള വേവലാതിയാണ് തെളിഞ്ഞു നിൽക്കുന്ന തെന്നു വ്യക്തമായും ഭരണാധികാരികൾ മനസ്സിലാക്കേി യിരിക്കുന്നു.

നിയമങ്ങൾപോലും വിവാദമാകുന്ന ഈ കാല യളവിൽ ഭരണകർത്താക്കളെ ധരിപ്പിക്കട്ടെ!

മുൻകൂട്ടി പ്ലാൻചെയ്ത് പരസ്പരം കൊല്ലും കൊലയും ചെയ്യുന്നത് പരിഷ്കൃത സമൂഹത്തിൽനിന്ന് തൂത്തെറിയേതാണ് ഭരണകർത്താക്കളുടെ കർത്തവ്യ മെന്നും ധനസ്ഥിതി അഷ്ടിക്ക് പര്യാപ്തമല്ലെങ്കിലും സമാധാനത്തോടെയുള്ള ജീവിതംകാംക്ഷിക്കുന്ന സാധാരണജനങ്ങൾക്ക് ജീവിക്കാനും സഞ്ചരിക്കാനും ഉള്ള അവസരം സംരക്ഷിക്കണമെന്നും ആശങ്കയോടെ ഇന്ത്യൻപൗരനായ ഒരുപാമരൻപോലും ഭരണകൂടങ്ങളെ പ്രാർത്ഥിക്കുന്നു. പാവം നിഷ്കളങ്കരായ, കൊലവെറിയി ല്ലാത്ത, കള്ളവും ചതിയുമില്ലാത്ത, മോഷണവും പിടിച്ചു പറയുമില്ലാത്ത, കരിഞ്ചന്തയും പൂഴ്ത്തിവെപ്പുമില്ലാത്ത, മതാന്ധത തീാത്ത സാധാരണജനങ്ങളാണ് ബഹുഭൂരിപ ക്ഷവും ഭാരതത്തിൽ വിശിഷ്യ കേരളത്തിലും ജീവിക്കു ന്നതും അന്തിയുറങ്ങുന്നതും. അവരുടെ സ്വതന്ത്രജീവി തത്തിനു താങ്ങുംതണലുമാകട്ടെ ഭരണകൂടം.

മാനേജിംഗ് എഡിറ്റർ

# HmWWwþDÕh tlc-f-¯nsâ hc-Zm\w



പൂനൂർ. കെ. കരുണാകരൻ

ഓരോമലയാളിയുടെ മനസ്സിലും കാല്പനീകഭാവങ്ങളുടെ മന്ദ്രമധുരമായ ഈണമുയർത്തി ഒരിയ്ക്കൽക്കൂടി ഓണനാളുകൾ കടന്നു വരുന്നു. ചിങ്ങം പിറന്നു കഴിഞ്ഞാൽ പിന്നെ മഹാകവി പി. കുഞ്ഞിരാമൻനായർ പാടിയതുപോലെ, പ്രകൃതിയുടേയും കേരളീയ ജീവിതത്തിന്റേയും ഉള്ളിൽ നിറഞ്ഞു തുളുമ്പുന്ന ഒരന്വേഷണമു് :

പൂവിളിയോടെ,തുടിയോടെ,
പാണൻപാട്ടിന്നൊലിയോടെ,
നിൻതറവാടിൻ പടി കേറി
ഓണം വന്നോ, നീലമലേ?

ഈ അന്വേഷണത്തിലെ ഗൃഹാതുരത ഓണനാളുകളിലെ ആഢംബരപൂർണ്ണമായ സന്തോഷത്തിന്റെ വിളംബരമാകുന്നു.

ഓണം എന്ന സങ്കല്പത്തിന്റെ, തായ് വേര് കേരളീയ ചരിത്രവുമായി ബന്ധപ്പെട്ട ഒരു ഐതിഹ്യത്തിൽ നിന്നാണല്ലോ. കള്ളവും ചതിയുമില്ലാത്ത, ജനങ്ങളെ ഒന്നായി കിരുന്ന ഒരു ജനാധിപത്യ ജീവിത ക്രമത്തെ ക്കുറിച്ചുള്ള സ്വപ്നങ്ങളാണ് ഈ ഐതിഹ്യം മുന്നോട്ടുവെയ്ക്കുന്നത്. ഈ കഥയുടെ വശ്യതയേയും കാല്പനികതയേയും മാറ്റി നിർത്തിയാൽ നമ്മുടെയൊക്കെ പ്രതീക്ഷകളുടേയും ആഗ്രഹങ്ങളുടേയും താളലയങ്ങളാണ് ഓണാഘോഷങ്ങളുടെ രൂപത്തിൽ നമ്മിളിലേയ്ക്ക്തന്നെ തിരിച്ചു വരുന്നത്. മറ്റൊന്നുകൂടി ഇതിനോട് ചേർത്ത് വായിക്കേതു്. "ദൈവത്തിന്റെ സ്വന്തം നാടെ"ന്നു വിളിപ്പേരുള്ള ഈ മണ്ണിന് പ്രകൃതി കനിഞ്ഞു നൽകിയ അനുഗ്രഹങ്ങളിലൊന്നാണ് ചിങ്ങമാസത്തിലെ കാലാവസ്ഥ. പൂവും, വെയിലും, കുളിരും, നിലാവുമൊക്കെ ഹൃദയാകർഷകമാക്കി മാറ്റുന്ന ഈ കാലം തന്നെ ഓണം കൊാടാനായി തിരഞ്ഞെടുത്ത ധൈഷണിക ഭാവനയെ നമിയ്ക്കാതെ വയ്യ. ചിങ്ങപ്പുലരി, ചിങ്ങ നിലാവ്, ചിങ്ങ വെയിൽ എന്നിവയൊക്കെ നമ്മുടെ കവികളുടെ ഇഷ്ടവിഷയങ്ങളായത് അതുകൊാണ്. കാലത്തിന്റെ ഈ ആനുകൂല്യവും, മലയാളത്തിന്റെ ആപിറവിയും, കർക്കിട വറുതിയിൽനിന്നുള്ള മോചനവും അതു നൽകുന്ന സമൃദ്ധിയുമൊക്കെ കൂടിയാവണം ഓണം എന്ന മഹോത്സവത്തെ ഇത്രയധികം ജനകീയമാക്കിത്തീർത്തത്. ദേശീയോത്സവം എന്ന ശ്രേഷ്ഠപദവി യിലേയ്ക്ക് അത് നേടിയെടുത്ത അംഗീകാരത്തിന്റെ നിദാനവും അതുതന്നെ.



ഒരു കാലത്ത് നമ്മുടെ നാടൻകലകളുടെ സർഗ്ഗാത്മകമായ ഉയിർത്തെഴുന്നേൽപ്പിനു ഊർജ്ജം നൽകിയത് ഓണാഘോഷങ്ങളായിരുന്നു. പഴന്തുടിയും നാടൻകവിതകളുമായി വീടിന്റെ പടികടന്നുവരുന്ന പാണനാർ ഓണത്തിന്റെ ആഹ്ലാ



ദകരമായ സവിശേഷതയായിരുന്നു. എന്നാൽ ഇന്ന് നമ്മുടെ ഇളം തലമുറയ്ക്ക് അങ്ങിനെയൊരു കാഴ്ച കാണണമെങ്കിൽ പഴയ "ബ്ലാക്ക് ഏന്റ് വൈറ്റ്" സിനിമകളുടെ സി.ഡി. പരതേവരും. തുമ്പിതുള്ളൽ, ഉറിയടി, ഓണത്തല്ല് തുടങ്ങി, ഓണവുമായി ബന്ധപ്പെട്ടുകേട്ടിരുന്ന എല്ലാ തനതു നാടൻ കലകളും വിസ്മൃതിയുടെ മഹാപ്രവാഹത്തിൽ അപ്രത്യക്ഷമായിപ്പോയി. കേരളീയ ഗ്രാമങ്ങളെ കാലത്തു മുതൽ ശബ്ദമുഖരിതവും ആവേശഭരിതവുമാക്കിയിരുന്ന "പൂവേ പൊലി"പാട്ടുകൾ ഇളം തലമുറയ്ക്കുപോലും കേട്ടുകേൾവി മാത്രമായി. ഓണം എന്നു കേൾക്കുമ്പോൾ ആദ്യമായി മനസ്സിലേക്കോടിയെത്തുക ഓണപ്പൂക്കളമാണ്. പഴയ ആവേശപ്പെരുമയൊന്നുമില്ലെങ്കിലും ഓണപ്പൂക്കളവും പൂക്കളമത്സരവുമൊക്കെ ഓണത്തിന്റെ അടയാളമുദ്രകളായി ഇപ്പോഴും സാമാന്യം നല്ല നിലയിൽ നിലനിൽക്കുന്നു. അതിനു കാരണം നമ്മുടെ ഉയർന്ന സാമൂഹ്യജീവിതത്തിനു ഒഴിച്ചുകൂടാൻപറ്റാത്ത ഒരു സാംസ്ക്കാരിക ആവശ്യമായി അത് മാറി എന്നതുകൊണ്ട്. വീട്ടുമുറ്റങ്ങളിൽ പൂക്കളങ്ങളുടെ സർഗ്ഗസൗന്ദര്യത്തിനു മാറ്റുകൂട്ടിയിരുന്ന പാരമ്പര്യ ഘടകങ്ങളായിരുന്നു തുമ്പപ്പൂവും, മുക്കുറ്റിയും,തെച്ചിപ്പൂവുമൊക്കെ. പക്ഷേ അവയൊക്കെ ഇപ്പോൾ മരുന്നു കമ്പനികളുടെ ഔഷധത്തോട്ടങ്ങളിൽ കുടിയേറി സ്വന്തം അസ്തിത്വം ചെറിയതോതിലെങ്കിലും നിലനിർത്താനുള്ള തീവ്രശ്രമത്തിലാണ്. ഓണക്കാലത്ത് നാടൊട്ടാകെ നടത്തപ്പെടുന്ന ഓണപ്പൂക്കളമത്സരങ്ങൾക്ക് നാം നന്ദി പറയേതും അയൽസംസ്ഥാനക്കാരായ തമിഴ് മക്കളോടാണ്. പൂക്കൾക്ക് നിറംകൂട്ടാൻ കീടനാശിനി തളിയ്ക്കുന്നതായി ഇതുവരെ ഒരാരോപണവും ഉയർന്നിട്ടില്ലാത്തതിനാൽ ഇത് ഇനിയും തുടരുമെന്ന് പ്രത്യാശിയ്ക്കുക.

മലയാളിയുടെ ആഗ്രഹങ്ങളേയും പൊങ്ങച്ചങ്ങളേയും സൗന്ദര്യസങ്കല്പങ്ങളേയും വിളിച്ചുണർത്തിയിരുന്ന ഓണം, ഇന്നുപക്ഷേ വിപണിയുടേതുമാത്രമായി മാറിക്കഴിഞ്ഞു. ബോണസ്സും അഡ്വാൻ സുമൊക്കെയായി, മാർക്കറ്റിൽ ഒഴുകിപ്പരക്കുന്ന പണത്തിന്റെ പൊലിമയാണ് ഓണത്തിന്റെ ഓജസ്സായി രൂപാന്തരം പ്രാപിക്കുന്നത്. ഓണത്തിന്റെ പേരിൽ നാം സ്വന്തമെന്ന കിനാവുകിരുന്നതൊക്കെ കമ്പോളത്തിന്റേതു മാത്രമായി. മനോഹരങ്ങളായ പൂക്കളും ഹൃദ്യമായ പൂക്കളങ്ങളും മാത്രമല്ല, അവയുടെ നിർമ്മിതിയ്ക്കാവശ്യമായ വൈവിധ്യങ്ങളായ ഡിസൈനുകൾ, അത് സാക്ഷാത്ക്കരിച്ചു തരുന്ന പ്രഗൽഭരായ കലാകാരന്മാർ, നമ്മുടെ നാവ് ഒരിയ്ക്കലും മറക്കാനിടയില്ലാത്ത ഓണസ്സദ്യ – ഇവയൊക്കെ ഇന്ന് ഏത് "ഓണം കേറാമൂലയിലും വിലയ്ക്ക് കിട്ടും." പത്രങ്ങൾ മുഴുവൻ വാർത്തകളേക്കാൾ പരസ്യങ്ങൾകൊു സമ്പന്നമാവുന്ന കാലവും ഓണത്തിന്റേതാണ്. വീട്ടിലേയ്ക്ക് വേതും വോത്തതുമായ എല്ലാം "ഓണക്കോടി", "ഓണസമ്മാനം" തുടങ്ങിയ പേരുകളിൽ നമ്മുടെ ആഗ്രഹങ്ങളെ പ്രലോഭിപ്പിച്ചുകൊിരിയ്ക്കുന്നതും വിപണിയുടെ മിടുക്ക് തന്നെ. ആഗോളീകരണത്തിന്റെ ഈ കാലത്ത് ഇതിൽനിന്ന് മാറി നിൽക്കുക എന്നത് അചിന്ത്യവുമാണ്. ജനനന്മയെ മാത്രം ലക്ഷ്യമാക്കി പ്രവർത്തിച്ച മഹാനായ ചക്രവർത്തിയെന്നു ഐതിഹ്യ കഥ തന്നെ നമ്മോടു പറഞ്ഞുതന്ന നല്ല ഭരണാധികാരിയെ കാലൻ കുടയും കുടവയറും കൊമ്പൻമീശയുമുള്ള "മാവേലി"യായി അവതരിപ്പിയ്ക്കുന്ന രീതിയും മറ്റൊരു വിപണനതന്ത്രമാണല്ലോ.

ഇതൊക്കെയാണെ



ങ്കിലും ഓണം ഇന്നു കേരളീയന്റെ ജീവിതത്തിലെ നിറപ്പകിട്ടാർന്ന ഒരദ്ധ്യായമാണ്. കുടംബങ്ങളും കൂട്ടുകാരും ഒന്നിച്ചുകൂടുന്നതും സ്നേഹം പങ്കുവെയ്ക്കുന്നതുമൊക്കെ, ഓണക്കാലം മാത്രം കൊുവരുന്ന ജീവചൈതന്യമാവുന്നു. മതവും ജാതിയും കക്ഷി,യുമൊന്നും അതിനു തടസ്സമാവുന്നില്ല.- “കാണം വിറ്റും ഓണം ഉണ്ണണം” എന്ന് മലയാളി ചിന്തിക്കുന്നതിന്റെ അടിസ്ഥാന കാരണവും ഓണത്തോടുള്ള ഈ സമ്പൂർണ്ണ സമർപ്പണമാണ്. ഏത് കൊടും വറുതിയിലും ഓണം ഒരു സാന്ത്വനമാകുന്നു മലയാളിയ്ക്ക്. കേരളത്തിന്റെ സാംസ്ക്കാരിക മനസ്സ് ഉത്തേജിതമാവുന്നതും ഓണദിവസങ്ങളിലാണ്. മലയാളക്കര മുഴുവൻ അതിന്റെ മാറ്റൊലി ഏറ്റു വാങ്ങുന്നു. അനുകാലികങ്ങളുടെ വിശേഷാൽ പ്രതികൾ മുതൽ ഗ്രാമഗ്രാമാന്തരങ്ങളിൽപ്പോലും അരങ്ങേറപ്പെടുന്ന സമ്മേളനങ്ങൾവരെ തിരുവാതിരക്കളി മുതൽ ഉറിയടിവരെ നടത്തപ്പെടുന്ന ഹൃദ്യമായ കലാപ്രകടനങ്ങൾ, ഓണ നാളുകളിലെങ്കിലും കേരളം ദൈവത്തിന്റെ സ്വന്തം നാടായി മാറുന്നു.

■






## sshhm-lnlw

വരൻ
**റിജുലേഷ്**
കെ.പി. ശിവാനന്ദൻ
(കുഴിയാനിപ്പുറത്ത്)
പറമ്പത്ത് മീത്തൽ ഹൗസ്
കൊമ്മേരി





വധു
**പ്രഭിത**
തലശ്ശിര്യൻ
കരോളിൽ ഹൗസ്
എനാലൂർ
പുകയൂർ

**ഇവർ വിവാഹിതരാകുന്നു: 2015 ആഗസ്റ്റ് 23 – 1191 ചിങ്ങം 7**
**വിവാഹവേദി: ശ്രീവളയനാട് ക്ഷേത്രം**
**മുഹൂർത്തം : പകൽ 10നും 10.30നും മദ്ധ്യേ**

ELECTRICALS

# PEE KAY ELECTRICALS

**WHOLESALE & RETAIL**

**City Tower, Mavoor Road, Calicut**

Ph: 0495 2560330,Mob: 9447393749, 9061884419
E-mail: pkelectricals.clt@gmail.com
www.pkelectrical.in

Finolex
WIPRO Applying Thought
legrand®
BAJAJ
Bajaj Electricals Ltd.
Inspiring Trust
KUNDAN CAB
HAVELLS

# ഫിഫാ ലോകകകപ്പ് റഷ്യ 2018



ഭാസിമലാപ്പറമ്പ്

**ലോകകപ്പ് ഫൈനൽ റൌിൽ ആതിഥ യർക്കുള്ള സിഥിരം സ്ഥാനം ഒഴികെ ബാക്കി 31 സ്ഥാനങ്ങൽക്കുവേി യോഗ്യതാ റൌിൽ ഫിഫയുടെ 209 അംഗരാഷ്ട്രങ്ങളിൽ 206 ദേശീയടീമുകൾ രംഗത്ത്.**

2018ൽ റഷ്യ ആതിഥേയത്വം വഹിക്കുന്ന ഇരുപത്തിയൊന്നാമത ്ഫിഫ ലോകകപ്പ ്ഫുട്ബോൾ ചാമ്പ്യ ൻഷിപ്പിന്റെ യോഗ്യതാ മത്സര ങ്ങളുടെ ഫിക്ചർ നിർണ്ണയം കഴിഞ്ഞ ജൂലായ് 25 ശനി യാഴ്ച അരങ്ങേറി. റഷ്യയിൽ സെന്റ് പീറ്റേഴ്സ്ബർഗ്ഗ് നഗര ത്തിലെ കോൺസ്റ്റാന്റിൽ പാലർസ് ആയിരുന്നുവേദി. റഷ്യൻ പ്രസിഡ് വ്ളാഡി മിർപുടിന്റെ സ്വാഗത ഭാഷണ ത്തോടെയാണ് യോഗ്യതാ മത്സരങ്ങളിൽ എൻട്രി നൽകിയ ദേശീയ ഫുട്ബോൾ അസോസിയേ ഷൻ പ്രതിനിധികളുടെ സന്നിധിയിൽ നറുക്കെടപ്പ് ആരംഭിച്ചത്. 21-ാമത് ലോക കപ്പിന്ന് ഫിഫയുടെ ചരിത്ര ത്തിൽ ആദ്യമായി ലോക ത്തിൽ ഏറ്റവും അംഗരാഷ്ട്ര ങ്ങളുള്ള പിഫയിലെ 209 അംഗരാഷ്ട്രങ്ങളും "എൻട്രി" നൽകിയിരുന്നു. ഏഷ്യൻവൻകര ഉൾപ്പെടെ ചില വൻകര സംഘടനക ളിൽ യോഗ്യതാ റൌിലെ പ്രീറൌ് മത്സരങ്ങൾക്ക് തിര ശ്ശീല ഉയരുകയും ചെയ്തി രുന്നു ;- ബംഗളൂരുവിൽ വെച്ച് ഇന്ത്യ ഒമാനെതിരെ ഒന്നിനെതിരെ രു(1-2) ഗോളു കൾക്ക് പരാജയപ്പെട്ടത് ഈ വിധത്തിൽ ഏഷ്യൻവൻകര യിൽ നടന്ന യോഗ്യതാ മത്സ രത്തിന്റെ ആദ്യറൌിലാണ്. ഇന്ത്യക്ക് ഇനിയും തുടർ മത്സരങ്ങൾ അവശേഷിക്കുന്നു. ഇറാനെഅടുത്തു തന്നെ ബംഗളൂരിൽ വെച്ചുതന്നെ നമ്മുടെ ടീം പരീ ക്ഷിക്കുന്നു!

പുടിൻ സ്വാഗതഭാഷണമോതിയ ഫിക്സ്ചർ നിർണ്ണയച്ചടങ്ങിൽ യോഗ്യതാ മത്സരങ്ങൾക്ക് തുടക്കമിട്ട ഏഷ്യൻ വൻകരാ യോ ഗ്യത മത്സരങ്ങളാണ് നിർണ്ണയിക്കപ്പെട്ടത്. ഓരോ വൻകരാ കോൺഫെഡറേഷനിലേയും യോഗ്യതാ




ലോകകപ്പ് (ഇംഗ്ല്) 1966 ൽ സോവിയറ്റു യൂണിയൻ- പശ്ചിമ ജർമ്മനി സെമി ഫൈനൽ മത്സരത്തിൽ യു.എസ്.എസ്.ആർ. ഗോളി ലെവ് യാഷിൻ, ഊവ് സീലറുടെ (പ. ജർമ്മനി) കാലിൽ നിന്നും പന്ത് രക്ഷപ്പെടുത്തുന്നു. യു.എസ്. എസ്.ആർ ഡിഫന്റർ വാഡി സ്ലോവ് ഡാനിലോവ് ഇടതുവശം



കോൺസ്റ്റാന്റിൻ പാലസ് (സെന്റ് പീറ്റേർസ് ബർഗ്)- ഫിഫലോകകപ്പ് 2018 ന്റെ ഫിക്സ്ചർ നിർണ്ണയവേദി

ഫിക്സ്ച്ചറിന്ന് കോൺസ്റ്റാന്റിൻ പാലസിൽ രൂപം നൽകി.

പ്രശസ്തരായ മുൻലോകതാരങ്ങളാണ് ഫിക്സ്ചർ നറുക്കെടുപ്പിൽ ടീമുകളുടെ നറുക്കെടുക്കുവാൻ ക്ഷണിക്കപ്പെട്ടത്. റഷ്യൻ പ്രസിഡ് പുടിന്റെ സ്വാഗതഭാഷണത്തിന് കാതോർക്കുവാൻ (2000) രായിരം അതിഥികൾ ഹാളിൽ സ്ഥലം പിടിച്ചു.

നറുക്കെടുപ്പിനു മുമ്പും, കഴിഞ്ഞശേഷവും ലോകപ്രശസ്ത ഗായക, നടനതാരങ്ങൾ മേളക്ക് കൊഴുപ്പാർന്ന കലാസൗന്ദര്യവും നൽകി. 95 (തൊണ്ണൂറ്റിയഞ്ച്) ദശലക്ഷം പേർ ടെലിവിഷനിൽ ചടങ്ങിന്റെ തദ്സമയ സാക്ഷ്യം വഹിച്ചു.

ഓരോമേഖലയിൽനിന്നും യോഗ്യതാ റൌിൽ പന്ത് തട്ടുന്ന രാഷ്ട്രങ്ങളുടെ എണ്ണവും റഷ്യയിലേക്ക് യോഗ്യത ലഭിക്കുന്ന ടീമുകളുടെ എണ്ണവും താഴെ :

**1. ആഫ്രിക്ക:**
യോഗ്യതാ റൌിലെ ടീമുകൾ: 53
റഷ്യ 2018ലെ സ്ഥാനങ്ങൾ: 5

**2. ഏഷ്യൻ കോൺഫെഡറേഷ്യൻ:**
യോഗ്യതാ റൌിലെ ടീമുകൾ: 45
റഷ്യ 2018ലെ സ്ഥാനങ്ങൾ: 4.50

**3. യൂറോപ്പ്:**
യോഗ്യതാ റൗ് ടീമുകൾ: 52
റഷ്യ 2018ലെ സ്ഥാനങ്ങൾ:14+
ആതിഥേയ ടീം: 0.1
ആകെ ടീം: 15

**4. ഉത്തര, മധ്യ അമേരിക്ക, കരീബിയൻ കോൺഫെഡറേഷൻ**
യോഗ്യതാ റൗ് ടീമുകൾ: 35
റഷ്യ 2018 ലെ സ്ഥാനങ്ങൾ: 3.50

**5. സൗത്ത് അമേരിക്ക**
യോഗ്യതാ റൗ് ടീമുകൾ: 35
റഷ്യ 2018ലെ സ്ഥാനങ്ങൾ: 4.50

**6. ഓഷ്യാനിയ**
യോഗ്യതാ റൌിലെ ടീമുകൾ: 11
റഷ്യ 2018ലെ സ്ഥാനങ്ങൾ: 0.50
പ്ലേ ഓഫിൽ സ്ഥാനം നഷ്ടപ്പെടുന്നവർ: 2
=(-) 2
ആകെ: 31
ആതിഥേയർ(റഷ്യ): 1
ആകെ:325 ടീമുകൾ

ലോകകപ്പ് യോഗ്യതാ മത്സരചരിത്രത്തിലെ നാഴികക്കല്ലുകളിലേക്ക് ഒരെത്തിനോട്ടം ഇങ്ങനെ:

**ഒന്ന്:** ബ്രസീൽ 2014 ലോകകപ്പിന്റെ യോഗ്യതാ റൗ് മത്സരങ്ങളിൽ സ്റ്റേഡിയങ്ങളിലെത്തിയത് 170 ( നൂറ്റിയെഴുപത്) ലക്ഷം കാണികൾ. ഒരു മത്സരത്തിന്റെ ശരാശരി 23,000 പേർ. യോഗ്യതാ മത്സരങ്ങളിൽ ടീമുകളുടെ സ്വന്തം സ്റ്റേഡിയം നിറച്ചതിലെ ആദ്യ സ്ഥാനങ്ങൾ യഥാക്രമം 82000 വും 80000വും- മെക്സിക്കോ, ഇംഗ്ല് ടീമുകളുടെ മത്സരത്തിൽ. സ്റ്റാറ്റിസ്റ്റിക്സിൽ ഈ രു രാഷ്ട്രങ്ങളും മുൻപന്തിയിൽ.

**ര്:** അർജന്റീന78ന്റെ യോഗ്യതാ റൌിൽ 1977 ൽ ബ്രസീൽ- കൊളംബിയ ടീമുകൾ റിയോഡിജനീറോയിലെ മാറക്കാനസ്റ്റേഡിയത്തിൽ ഏറ്റുമുട്ടിയപ്പോൾ കളികാണാൻ എത്തിയത് ഒരുലക്ഷത്തി അറുപ്പത്തിരായിരത്തി, എഴുന്നൂറ്റി അറുപത്തിനാല് (1,62,764) കാണികൾ!

**മൂന്ന്:** കഴിഞ്ഞ 82 വർഷങ്ങളിലെ ലോകകപ്പ് യോഗ്യതാ റൌിൽ ആകെ ഗോൾവലയിൽ എത്തിയത് 18,791 ഗോളുകൾ- ഒരു മത്സരത്തിന്റെ ശരാ



നതാലിയ വോഡിയാനോവേ, പ്രശസ്ത റഷ്യൻ മോഡൽ,
ഫിക്സ്ചർ നിർണ്ണയവേദിയിലെ കോ-പ്രസന്റർ

ശരി 2.91 ഗോൾ.

നാല്: സൗത്ത് ആഫ്രിക്ക 2010 ലോകകപ്പിന്റെ യോഗ്യതാ റൗിൽ ആകെ പന്ത് തട്ടിയത് 5602 കളിക്കാർ. കളിനിയന്ത്രിച്ചത് 310 റഫറിമാർ, 650 അസി. റഫറിമാർ.

**അഞ്ച്:** റഷ്യ 2018ന്റെ ആകെ യോഗ്യതാ മത്സരങ്ങൾ 851 ആണ്. ഇതോടെ ഇതുവരെ നടന്ന ലോകകപ്പ് യോഗ്യതാ മത്സരങ്ങളുടെ മൊത്തം എണ്ണം ഏഴായിരം കടക്കുമെന്ന് തീർച്ചയായി. ഇതുവരെ കളിച്ച യോഗ്യതാ മത്സരങ്ങൾ, സൗത്ത് ആഫ്രിക്ക 2010ന്റെ 853 ഉൾപ്പെടെ, 6452 എണ്ണമെത്ര.

**ആറ്:** യോഗ്യതാമത്സരചരിത്രത്തിൽ ഏറ്റവും അധികം തവണ മൈതാനത്തിറങ്ങിയത് മെക്സിക്കോയാണ്-ആകെ 159 പ്രാവശ്യം.

**ഏഴ്:** ലോകകപ്പ് യോഗ്യതാറൗുകളിലെ ടോപ്സ്കോറർ ഇറാന്റെ ഇതിഹാസതാരം അലി ദായിയാണ്-51 (അമ്പത്തിയൊന്ന് കളിയിൽ 35 (മുപ്പത്തിയഞ്ച്) ഗോളുകൾ.

**എട്ട്:** ആദ്യത്തെ ലോകകപ്പ് യോഗ്യതാ മത്സരം കളിച്ചത് 1933 ജൂൺ മാസത്തിൽ സ്വീഡനും എസ്തോണിയയും തമ്മിൽ. അതിനുശേഷം 82 വർഷങ്ങൾ കടന്നു കഴിഞ്ഞിരിക്കുന്നു. ആദ്യമത്സരം സ്വീഡൻ ജയിച്ചു:സ്കോർ 6-2.

**ഒൻപത്:** 1934 ലോകകപ്പിന്റെ യോഗ്യതാ മത്സരത്തിൽ ആദ്യമായി പന്തുരുശേഷം കഴിഞ്ഞ ഇരുപതു ലോകകപ്പ് യോഗ്യതാ മത്സരങ്ങളിലും പന്തുതട്ടിയ ടീമുകൾ മൂന്നെണ്ണമാണ്, പോർച്ചുഗൽ, ലക്സംബർഗ്ഗ്, അയർല് റിപ്പബ്ലിക്ക്.

**പത്ത്:** ലോകകപ്പ് യോഗ്യതാമത്സരങ്ങളിലെ ഫാസ്റ്റസ്റ്റ് ഗോൾ (ഏറ്റവും വേഗമേറിയ ഗോൾ) ഒൻപതു സെക്കന്റിൽ സാൻമാറിനോയുടെ ഡേവിഡ് ഗുവാൾട്ടിയേരിയുടേതാണ്.

**പതിനൊന്ന്:** 2001 ഏപ്രിലിൽ അമേരിക്കൻ സമോവക്കെതിരെ ആസ്ട്രേലിയ നേടിയ 31 ഗോൾ (31-0) വിജയമാണ് യോഗ്യതാ മത്സരചരിത്രത്തിലെ ഏറ്റവും വലിയ മാർജ്ജിൻ.

*****************************

ഇരുപത്തിയൊന്നാമത് ഫുട്ബോൾ ലോകകപ്പിന്ന് റഷ്യയിൽ ആതിഥേയത്വം വഹിക്കുന്നത് പതിനൊന്ന് നഗരങ്ങളാണ്.

1. മോസ്കോ
2. സെന്റ് പീറ്റേർസ്ബർഗ്ഗ്
3. കലിനിംഗ്ഗ്രാസ്
4. സോച്ചി
5. കസാൻ
6. സറാൻസ്ക്
7. റോസ്തോവ് ഓൺഡോൺ
8. നിഷനിനോവ് ഗോറോഡ്
9. അമാറ
10. എകാടെറിൻബർഗ്ഗ്
11. വോൾഗോ ഗ്രാഡ്.

**ഏഷ്യൻ മേഖല ക്വാളി. ഗ്രൂപ്പ്. ഡി.**

1. **ഇറാൻ**
2. **ഒമാൻ**
3. **ഇന്ത്യ**
4. **ടർക്ക്മനിസ്ഥാൻ**
5. **ഗുവാം**

കവിത

# പാഴ്വാക്ക്

**വി.പി. ദേവി കൊളത്തറ**


അറിയാത്തതു പറയാമോ
തിരിയാത്തത് പറയാമോ
പറഞ്ഞത് തിരിഞ്ഞില്ലേൽ
തിരിയും സത്യം പറഞ്ഞീടാം

കഴിയാത്തത് ചെയ്യാമോ
അരുതാത്തത് ചെയ്യാമോ
എല്ലാം ചെയ്യാമെന്ന് പറയാമോ
ചെയ്യാവുന്നതേ പറയാവൂ
ഇല്ലേൽ ചെയ്യാനാവു-
ന്നോർക്കും ദുരിതം വരും സത്യം

പാവം പട്ടിണിക്കാരേയും
കൂടും, കുടിലുമില്ലാത്തോരേയും
ലോകത്തുള്ളതെല്ലാം
നിങ്ങൾക്കുള്ളതാണെന്നും
എല്ലാം നിങ്ങൾക്ക് കിട്ടുമെന്നും
പറഞ്ഞാരേയും വഞ്ചിച്ചീടല്ലെ.

എല്ലാം കേട്ടന്താളിച്ചു നിൽക്കുന്നോരും
എല്ലാം പാഴ്വാക്കാണെന്നറിയുമ്പോൾ
അല്ല- ഒന്നും കൊടുക്കാൻ തല്പരരല്ലാത്തോരുടെ
ചതിക്കാനുള്ള തന്ത്രമാണെന്നറിയുമ്പോൾ
പൊലിഞ്ഞു പോയത് ജനനന്മയെകുറിച്ചുള്ള
മഹാരഥന്മാരുടെ മനസ്സിലെ വിശ്വാസം

വയറ് നിറയ്ക്കാൻ കൊടുത്തില്ലേലും
വിശപ്പകറ്റാൻ ശ്രമിച്ചേക്കാം
എന്നേ ഞാനും നിങ്ങളും
പറയാവൂ എന്നെനിക്ക്
തോന്നുന്നതും ശരിയോ, തെറ്റോ?



ഇയ്യങ്കോട് ശ്രീധരൻ

# കഥകളി അരങ്ങിലെ ഹരിതകാന്തി



കേരള കലാമണ്ഡലം

ലോകത്തെമ്പാടുമുള്ള സൗന്ദര്യാരാധകർ കഥകളിയെ സമ്പൂർണ്ണ കല (Total Art) എന്നാണ് വിശേഷിപ്പിക്കുന്നത്. കേരളത്തിന്റെ അത്ഭുതമെന്നു പറയട്ടെ, ഈ കലാരൂപത്തെപ്പറ്റി വളരെ ഗഹനമായി പഠിച്ച്, ആസ്വദിച്ച് ഗവേഷണ ഗ്രന്ഥങ്ങൾ രചിച്ച വിദേശിയരായ ഡോ. ഫിലിപ് സെർലി, ഡോ. ജോൺസ് എന്നി കലാ പണ്ഡിതന്മാർ രചിച്ച കഥകളി സംബന്ധമായ പുസ്തകങ്ങൾ ലക്ഷകണക്കിനു കോപ്പികൾ വിറ്റുപോയി. ലോകത്തെമ്പാടുമുള്ള യൂണിവേഴ്സിറ്റികളിലെ തിയേറ്റർ (Department of theater) വകുപ്പുകൾക്ക് അതെല്ലാം പാഠപുസ്തകങ്ങളാണ്. മലയാളത്തിലാണെങ്കിൽ കെ. പി. എസ്. മേനോൻ, ആർ. എസ്. ആചാരി, ഐമനം കൃഷ്ണ കൈമൾ, കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട്, കലാമണ്ഡലം കേശവൻ, കൃഷ്ണൻകുട്ടി പൊതുവാൾ എന്നിവരെല്ലാം കഥകളി സംബന്ധമായ ലേഖനങ്ങളും ഗ്രന്ഥങ്ങളും രചിച്ചിട്ടു്. ഇത് എഴുതുന്ന ആൾ മനോരമ ഇയർബുക്കിനു വേിയും, വിശ്വവിജ്ഞാനകോശത്തിനു വേിയും കഥകളിയടെ ചരിത്രവും വർത്തമാനവും അധികരിച്ച് ലേഖനം എഴുതിയിട്ട്

കഥകളിയുടെ വർത്തമാനകാലം കലാമണ്ഡലം ഗോപിയുമായി ബന്ധപ്പെട്ടു കിടക്കുന്നു. 20-ാം നൂറ്റാിലെ പ്രാരംഭത്തിൽ പ്രത്യക്ഷപ്പെട്ട കലാമണ്ഡലം കൃഷ്ണൻനായർ, അഞ്ചുപതിറ്റാുകാലം കേരളത്തിലുടനീളം കഥകളി അരങ്ങിൽ ഈ കലാരൂപത്തിന്റെ പരിപൂർണ്ണ ചാരുതയോടെ തിളങ്ങിനിന്നെങ്കിൽ പിന്നീട് ആ കലാദൗത്യം ഏറ്റെടുത്തത് പാലക്കാട് ജില്ലയിലെ കോതച്ചിറയിൽ ജനിച്ച കലാമണ്ഡലം ഗോപിയാണ്. ഓട്ടൻതുള്ളൽ പഠിച്ച് അരങ്ങത്തുവന്ന ഗോപി വളരെ ദരിദ്രമായ സാഹചര്യത്തിലാണ് വളർന്നു വന്നത്. കലാസ്വാദകരായ നാറേരിമനയിലെ ആശ്രിതരായിരുന്നു ഗോപിയുടെ കുടുംബം. ആ മനക്കലെ കാരണവരാണ് ഗോപിയുടെ കഴിവുകൾ കത്തെി ഈ കലാകാരനെവള്ളത്തോളിന്റെ കലാമണ്ഡലത്തിലേക്ക് പറഞ്ഞുവിട്ടത്. കല്ലുവഴിച്ചിട്ടയുടെ കണിശക്കാരായ ആശാന്മാർ-രാമൻകുട്ടി നായരും പത്മനാഭൻ നായരും- കലാമണ്ഡലത്തിലെ വിദ്യാർത്ഥിയായി ചേർന്നപ്പോൾ ഗോപി അടക്കമുള്ള കലാകാരന്മാരെ ചൊല്ലിയാടിക്കുന്ന രംഗങ്ങൾ നിശ്ശബ്ദമായി നോക്കിനിന്നിരുന്നു. പത്മനാഭൻ നായർ പരിശീലിപ്പിക്കുമ്പോൾ സൗമ്യനായിരുന്നെങ്കിൽ രാമൻകുട്ടി നായർ പരുഷമായ രീതിയായിരുന്നു.



കലാമണ്ഡലം ഗോപി ആശാൻ

അവലംബിച്ചിരുന്നത്. ഫലമോ ഗോപിയിലെ പ്രതിഭയെ ഊതിതെളിയിച്ച് സമ്പൂർണ്ണ ശോഭവരുത്താൻ ഈ ആശാന്മാരുടെ സംഭാവനകൾ വലിയ പങ്കാണ് നിർവ്വഹിച്ചത്.

പ്രാഥമിക വിദ്യാഭ്യാസം മാത്രം നേടിയ ഗോപിക്ക് ഭാരതീയമായ ഇതിഹാസ പുരാണങ്ങളിൽ അവഗാഹം നേടാൻ സുപ്രായ കിള്ളിമംഗലം നമ്പൂതിരിപ്പാടും, മഹാകവി വള്ളത്തോളും പശ്ചാത്തലത്തിൽ സഹായകമായിട്ടു്. രാമൻകുട്ടി നായരുടെ കത്തി വേഷം പോലെത്തന്നെ ഗോപിയുടെ പച്ചയും മഹാകവിക്ക് പഥ്യമായിരുന്നു. ചൊല്ലിയാട്ടക്കളരിയിൽ ആശാന്മാർ ചൊല്ലിയാടിക്കുമ്പോൾ വളരെ പിറകിൽ മഹാകവി ചാരുകസേരയിലിരുന്ന് ചൊല്ലിയാട്ടം കാണും. ചൊല്ലിയാട്ടം തീരുമ്പോൾ വേഷക്കാർക്ക് പാടാൻ വള്ളത്തോൾ ചില ശ്ലോകങ്ങൾ ചൊല്ലികൊടുക്കും. കുറിച്ചെടുക്കാൻ പറയും. ഗോപിയാശാൻ മഹാകവിയുടെ അനേകം മനോധർമ്മശ്ലോകങ്ങൾ സഫലമായി സദസ്സിൽ സാക്ഷാത്ക്കരിക്കുന്നതിന് ഞാൻ സാക്ഷിയാണ്.

കലാമണ്ഡലം ഗോപി എന്ന കലാകാരന്റെ കലാവ്യക്തിത്വത്തിന്റെ സവിശേഷഘടന എന്താണ്? കഥകളി എന്ന കലയെ വളരെ ജനകീയമായ തലങ്ങളിൽ ആസ്വാദനക്ഷമമാക്കാൻ പ്രയത്നിച്ചു എന്നത് ഗോപിക്കു കിട്ടിയ ഏറ്റവും വലിയ അംഗീകാരമാണ്.

ഉദാ:നളചരിതം തന്നെ.

ഗോപിയുടെ നളനും, കോട്ടക്കൽ ശിവരാമന്റെ ദമയന്തിയും അരങ്ങത്ത് വന്ന് സാമ്യമകന്നോരുദ്യാനം.... എന്ന നളചരിതത്തിലെ പ്രസിദ്ധമായ പദം ആടുമ്പോൾ ഉണ്ണികൃഷ്ണക്കുറുപ്പോ,ഹൈദരാലിയോ, എമ്പ്രാന്തിരിയോ പാടുമ്പോൾ പൊതുവാൾമാർ മേളം കൊട്ടുമ്പോൾ ശരാശരി ആസ്വാദകർപോലും സ്വയം മറന്നു പോകുന്നു. ഒരു കവിത പോലെ ആസ്വദിക്കുന്നു. അതൊരു വലിയ ലയമാണ്.

കലയുടെ അത്യന്തിക ലക്ഷ്യം അനുവാചകഹൃദയത്തിന്റെ ലയമാണല്ലോ. ഇത് നളന്റെമാത്രം കാര്യമല്ല. അർജ്ജുനന്റേയും, രുഗ്മാംഗദന്റേയും, കർണ്ണന്റേയും വേഷത്തിൽ ഗോപി വരുമ്പോൾ സദസ്സ് ലയിച്ചുപോകുന്നത് അനുഭൂതിപ്രദമായ, അനുഭവസാന്ദ്രമായ കലാകാരന്റെ പ്രത്യുൽപ്പന്നമതിത്വത്തിലൂടെയാണ്.

രുഗ്മാംഗദചരിത്രത്തിൽ സ്വന്തം മകനെഹോമിക്കണമെന്ന് പറഞ്ഞ് വാളുയർത്തിപ്പിടിക്കുന്ന ഒരു രംഗമു്. അവിടെ ഗോപിയുടെ മുഖഭാവങ്ങൾ – നാഥാ ജനാർദ്ദനാ– എന്നപ്രാർത്ഥന. ഇതുകു കരയുന്ന സദസ്സിനെഞ്ഞാൻ കിട്ടു്.

ഞാൻ കാര്യദർശിയായിരിക്കുമ്പോൾ കലാമണ്ഡലം ഗോപിയെ പ്രിൻസിപ്പാളായി നിയമിക്കാൻ പരിശ്രമിച്ചു. എന്നാൽ കലാമണ്ഡലത്തിലെ അധ്യാപകരും, വിദ്യാർത്ഥിസമൂഹവും അതിനെതിരെ പ്രതികരിച്ചെങ്കിലും അന്നത്തെ ഭരണസമിതിയുടെ ഇച്ഛാശക്തികൊ് അദ്ദേഹം പ്രിൻസിപ്പാളായി. കലാമണ്ഡലത്തിന്റെ ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്ത രീതിയിൽ വളരെ ചിട്ടയായ ഒരു പരിശീലനക്രമം അദ്ദേഹം ആവിഷ്കരിച്ചു. ഗുരുകുലസമ്പ്രദായത്തിന്റെ എല്ലാ വരദാനങ്ങളും കലാമണ്ഡലത്തിന് ലഭിച്ചു. ഇതുകഴിഞ്ഞാണ് 1990 ൽ വജ്രജൂബിലി ആഘോഷിച്ചത്. രാവും പകലും ഭേദമില്ലാതെ ആ ജൂബിലി ആഘോഷം വിജയിപ്പിക്കാൻ ഗോപി ആശാൻ പാടുപെടുന്നത് ഇന്നും എന്റെ മനസ്സിലു്. കേന്ദ്ര ഗവർമെന്റിന്റെ സഹായത്തോടെ പ്രത്യേക തീവി ബോഗിയിൽ ഇരുപത്തഞ്ചോളം കലാകാരന്മാരുമായി കലാമണ്ഡലം സംഘം മദിരാശിയിലും കൽക്കത്തയിലും, ദൽഹിയിലും, ബോംബെയിലും, ബാംഗ്ലൂരിലും മുമ്മൂന്നു നാൾ നീുനിൽക്കുന്ന വജ്രജൂബലി ആഘോഷം നടത്തി. അതിൽ നേതൃത്വപരമായ പങ്കുവഹിച്ചത് കലാമണ്ഡലം ഗോപിയായിരുന്നു. കിങ്ങ്ലിയർ എന്ന ഷേക് സ്പിയരുടെ നാടകം ആട്ടകഥയാക്കിയാൽ, അനേകം അന്താരാഷ്ട്രവേദികൾ ലഭിക്കുമെന്ന്. 1989–ൽ പാരീസ് കേന്ദ്രമായി പ്രവർത്തിക്കുന്ന “കേളി”യുടെ സംഘാടകരായ ആനറ്റ് ലെഡെ എന്ന നർത്തകി അറിയിച്ചു. ആനറ്റ് കുറച്ചുകാലം കഥകളി പഠിച്ചിട്ടു്. കീഴ്പ്പാടം കുമാരൻനായരുടേയും പത്മനാഭൻനായരുടേയും ശിഷ്യയാണ്. നീലകണ്ണുകളുള്ള സുന്ദരിയായ ആ നർത്തകിക്ക്

മലയാളവും കഷടിപിഷടി വശമാണ്. ഒടുവിൽ കലാമണ്ഡലം ഭരണസമിതി ആ ആവശ്യം അംഗീകരിച്ചു. പക്ഷേ ആട്ടകഥയാക്കാനാര് വേണമെന്ന ചർച്ച വന്നപ്പോൾ, യോഗത്തിൽവെച്ച് ഗോപിയാണ് സെക്രട്ടറിയായ ഞാൻ മതിയെന്ന് നിശ്ചയിച്ചത്. ഒരാഴ്ചകൊ് ആട്ടകഥ തയ്യാറായി. ഒരുമാസം കൂത്തമ്പലത്തിൽ ചൊല്ലിയാടി. ആദ്യപ്രദർശനം തിരുവനന്തപുരത്ത് വി.ജെ.ടി. ഹാളിലായിരുന്നു. അന്തരിച്ച പ്രൊഫസർ ഗുപ്തൻനായർ വന്ന് കളികശേഷം ഏവരേയും അഭിനന്ദിച്ചു. വിശേഷിച്ചും ഗോപിയുടെ "ഫ്രാൻസ് രാജാവ്" അരങ്ങ് കീഴടക്കി. പച്ചവേഷത്തിന് കഥകളിയിൽ "പടപ്പുറപ്പാട്" പതിവില്ല. എന്നാൽ ഫ്രാൻസ് രാജാവിന്റെ പടപ്പുറപ്പാട് അന്നത്തെ സാംസ്ക്കാരിക വകുപ്പു മന്ത്രി ടി.കെ.രാമകൃഷ്ണന് "ക്ഷ" പിടിച്ചു

"ഇത് വിദേശത്ത് കൊടിനാട്ടും." കളികഴിഞ്ഞശേഷം അദ്ദേഹം ചെയർമാൻ കൊച്ചനിയനോടും എന്നോടും പറഞ്ഞു.

കഥകളിയ്ക്ക് കുറേകാലമായി കലാമണ്ഡലം വകയായ വിദേശപരിപാടികൾ കുറവായിരുന്നു.

എന്നാൽ നീ മൂന്നുമാസക്കാലം ഗോപി അടങ്ങുന്ന സംഘവുമായി ഞാൻ യൂറോപ്യൻ രാഷ്ട്രങ്ങൾ സന്ദർശിച്ചു. പേരും പണവും നേടി തിരിച്ചെത്തി. ഈ യാത്രയിലെ പശ്ചാത്തല ശക്തി കലാമണ്ഡലം ഗോപിതന്നെയായിരുന്നു. അദ്ദേഹത്തിന്റെ ആത്മകഥയായ "ഓർമ്മകളിലെ പച്ചകളിൽ" അത് അനുസ്മരിക്കുന്നു്.

കിങ്ങ്ലിയർ ആട്ടകഥയാക്കി സമർത്ഥമായ സംഘാടനത്തിലൂടെ വിദേശവേദികൾ കയ്യടക്കിയത് ഇയ്യങ്കോട് ശ്രീധരന്റെ മിടുക്കാണ് എന്നൊരു യോഗ്യതപത്രം ആത്മകഥക്കുറിപ്പിൽ കാണാം. സാമന്യേനകലാകാരൻമാർക്കുാവാറുള്ള കുശുമ്പ്, തെമ്പ് -അഹങ്കാരം- എന്നിവ ഈ കലാകാരനെതൊട്ടുതീയിട്ടില്ല. അരങ്ങത്ത് ജ്വലിച്ചുനില്ക്കുന്ന ഈ നടൻ അണിയറയിൽ വിനീതവിധേയനാണ്. പാരീസിലെ താമസസ്ഥലത്ത് ഞങ്ങൾ കഞ്ഞിവെച്ച് കുടിച്ചിട്ട്.


പെരുമാറ്റത്തിലും വീക്ഷണത്തിലും ഗോപി പുരോഗമനവാദിയാണ്. ചലച്ചിത്രതാരങ്ങളിൽ മോഹൻലാൽ അടക്കം പലരും ഗോപിയുടെ ശിഷ്യന്മാരാണ്. കഥകളി കുറേകൂടി ജനകീയമാക്കാൻ ഏറ്റവും പുതിയ തലമുറയെ പരിശീലിപ്പിക്കാനുള്ള ഏർപ്പാടുകൾ വിദ്യാഭ്യാസക്രമത്തിൽ വരണമെന്നു ഗോപി സ്ഥിരമായി ആവശ്യപ്പെടാറ്. കലാമണ്ഡലം ഇന്ന് കൽപ്പിത സർവ്വകലാശാലയാണ്. ആ കലാശാലയെപ്പറ്റിയുള്ള സങ്കൽപ്പങ്ങൾ സാക്ഷാൽക്കരിക്കപ്പെടേത് രാമൻകുട്ടിനായരുടേയും ഗോപിയടേയും ലക്ഷ്യങ്ങളിലൂടെയായിരിക്കണം. എങ്കിൽമാത്രമേ ഈ അധിനിവേശ സാംസ്ക്കാരിക ജീർണ്ണതകളെ നമുക്ക് തടുത്ത് നിർത്താനാവൂ.

പത്മശ്രീ എന്ന ബഹുമതി ഗോപിയെ സംബന്ധിച്ചിടത്തോളം വളരെ ചെറുതാണെന്നാണെന്റെ അഭിപ്രായം. ഇതിൽ കൂടുതൽ അദ്ദേഹത്തിനു കിട്ടേതു്. സാംസ്ക്കാരിക കേരളം അതാഗ്രഹിക്കുന്നു.

■

കവിത

# ശ്രാവണം




വാസു അരീക്കോട്
9447628033

ഓണം പൊന്നോണപ്പൂക്കൾ
ചൂടി വരും ശ്രാവണം
കസവുഞ്ഞൊറിഞ്ഞുടുത്തുവരും
പൂനിലാപൂത്തിങ്കളും
വേലിപടർപ്പിലെ കാക്കപ്പൂവിനെ
തഴുകി വരും കുളിർകാറ്റും
അരുണ കിരണങ്ങളേല്ക്കു-
മുഷസ്സിൻ മിഴികൾ തുറന്നു
പ്രപഞ്ച ശക്തിയുണർന്നു
ചാണകമെഴുകിയ തിരുമുറ്റം
നിറയെ പൂക്കളമായ്,

ആറുഋതുക്കളിലുമായാതെ നില്കുന്ന
സൗന്ദര്യലഹരീപ്രവാഹമായ്
പച്ചപ്പട്ടിനാലുത്തരീയം ചുറ്റി
പൊൻചിലങ്കയണിഞ്ഞു പദചല-
നടനമായ് ഒരുങ്ങിവരുന്നൊരു
കൈരളീ നമസ്തേ നമസ്തേ

കഥ

# a\-Ênsâ hgn



രാജൻ ചിന്നങ്ങത്ത്

വിവാഹം കഴിഞ്ഞ് ഒരാഴ്ച ഭർത്തൃഗൃഹത്തിലും, ഒരാഴ്ച സ്വന്തംവീട്ടിലും വിരുന്നായിരുന്നു. പിന്നെ ഏതാനും ദിവസങ്ങൾ ബന്ധുഗൃഹങ്ങളിലും. മുമ്പൊക്കെ മാസങ്ങളോളം നീു നിൽക്കുന്ന ചടങ്ങുകളായിരുന്നു ഇതൊക്കെയെങ്കിലും, അദ്ദേഹത്തിനതിലൊന്നും വലിയ താൽപര്യമില്ലായിരുന്നു. മറ്റുള്ളവരുടെ നിർബന്ധത്തിനു വഴങ്ങിയും, സംതൃപ്തിക്കുവേിയുമാണ് അത്രയും ദിവസങ്ങളെങ്കിലും വിരുന്നു നടക്കാൻ അദ്ദേഹം ഒരുങ്ങിയത്.

സന്തോഷത്തിന്റേയും ആനന്ദത്തിന്റേയും കാലം. സുഖാനുഭവങ്ങൾ മാത്രം നിറഞ്ഞ ദിനരാത്രങ്ങൾ. സ്നേഹത്തിന്റേയും നിർവൃതിയുടേയും മായികലഹരിയുള്ള നിമിഷങ്ങൾ.....

ഭർത്താവിന്റെ കൂടെ ദൂരെനഗരത്തിലെ ജോലിസ്ഥലത്തേക്ക് യാത്രയാവുമ്പോഴും അവൾ മധുവിധുകാലത്തെ സ്വപ്നജീവിതത്തെയായിരുന്നു.

ആധുനിക രീതിയിൽ പണിത വാടകവീട്. നാലക്കങ്ങൾ വരുമാനമുള്ള ഉദ്യോഗം. വലിയ ആൾക്കാരുമായുള്ള ചങ്ങാത്തം- അവൾക്ക് പുതിയ ജീവിതം പെട്ടെന്നിഷ്ടപ്പെട്ടു.

യാതൊന്നുംകൊ് അവൾക്ക് പ്രയാസപ്പെടേി വന്നില്ല.

നല്ല ആരോഗ്യം. ആവശ്യത്തിന് പണം. പരസ്പരം വലിയ സ്നേഹവും വിശ്വാസവും. സ്വൈരം കെടുത്തുവാനോ ഭയപ്പെടുത്തുവാനോ ആരുമില്ല.

ജീവിതം ഇത്രയ്ക്കും സുന്ദരമാണെന്ന് അവൾ അറിഞ്ഞിരുന്നില്ല.

ഭർത്താവിന് സർവ്വഗുണങ്ങളുമു്. എങ്കിലും ഒരു ചെറിയ ദോഷം. വൈകുന്നേരം അല്പം മദ്യപിക്കും.അതൊരു ശീലമായിപ്പോയി. അയാൾ അവളോട് തുടക്കത്തിലെ അതു പറഞ്ഞിരുന്നു.

"അത് അരുതെന്ന് നീ പറയരുത്. എന്റെ ഒരേ ഒരു ദുശ്ശീലമാണ്. ഒരു ചെറിയ ദുശ്ശീലമെങ്കിലുമില്ലെങ്കിൽ ഒരാളെ പിന്നെന്തിനു കൊള്ളാം?"

ആ ചോദ്യം അവളെ രസിപ്പിച്ചു.

ഇഷ്ടമായിട്ടല്ലെങ്കിലും അവളത് ക്ഷമിച്ചു. തന്റെ ഏതാഗ്രഹവും നിറവേറ്റിത്തരുന്ന ഹൃദയസമ്പന്നൻ, അദ്ദേഹത്തെ അസ്വസ്ഥനാക്കാനും വേദനിപ്പിക്കാനും അവളൊരുക്കമല്ലായിരുന്നു.



നഗരത്തിൽ താമസമാക്കിക്കഴിഞ്ഞ്, കുറേനാൾ അവൾ വീടിനകത്തു തന്നെ കഴിച്ചു കൂട്ടി. ഒരിക്കലുമുായിട്ടില്ലാത്തത്ര ലജ്ജയും സങ്കോചവും അവളെ എപ്പോഴും പിടികൂടി. പുതിയ ആൾക്കാരുമായും അയൽ ക്കാരുമായുമൊക്കെ പരിചയപ്പെടാനും അടുക്കാനും വല്ലായ്മ തോന്നി.

ചുവന്ന നിറത്തിലുള്ള സ്ക്കൂട്ടറിൽക്കയറി രാവിലെ അയാൾ ആഫിസിലേക്ക് പോയാൽ അവളുടെ ഉന്മേഷമെല്ലാം നശിക്കും. വലിയ ശബ്ദമുാക്കി പാഞ്ഞു പോകുന്ന ആ വാഹനം അയാളേയുംകൊ് ജനത്തിരക്കിൽ ലയിക്കുന്നത് അവൾ നോക്കികൊ് നിൽക്കും. പിന്നെ അയാൾ വരുന്നതുവരെ സമയം തള്ളിനീക്കാൻ അവൾ ബുദ്ധിമുട്ടി. വൈകുന്നേരം അയാൾ വരുന്നതും കാത്തുകാത്ത് അവളിരുന്നു. പുറത്ത് സ്ക്കൂട്ടറിന്റെ ശബ്ദം കേൾക്കുമ്പോഴേക്കും മുറ്റത്തേക്കോടിയിറങ്ങി ചെന്നു.

ഭർത്താവിന്റെ ഇംഗിതങ്ങൾക്കനുസരിച്ചു മാത്രം അവളെല്ലായ്പ്പോഴും പെരുമാറി. അദ്ദേഹത്തിന്റെ ആഗ്രഹം അവളുടേയും. അദ്ദേഹത്തിന്റെ താൽപര്യം അവളുടേയും.

അദ്ദേഹത്തെ അവളത്രയ്ക്ക് സ്നേഹിച്ചിരുന്നു.

പക്ഷേ എത്ര നാളുകളാണ്? എത്ര മാസങ്ങളാണ്? ആഹ്ലാദോല്ലാസങ്ങൾ മുറ്റിനിന്ന ആ ജീവിതം മെല്ലെ നിഷ്പ്രഭമാവാൻ തുടങ്ങി. ആവർത്തനത്തിന്റെ മടുപ്പ്. വൈരുദ്ധ്യമില്ലായ്മയുടെ വൈരസ്യം.

മാറ്റമില്ലാതിരുന്നാൽ മധുരംപോലും കയ്പായനുഭവപ്പെടുന്ന ജീവിതം.

അവൾ ഭയത്തോടെ ആ സത്യം മനസ്സിലാക്കി

അതിനുള്ള ഒരു പോംവഴിയും അവൾകു പിടിച്ചു: ഒരു കുഞ്ഞ് വേണം.

ഒരു കുഞ്ഞുായാൽ അകന്നുപോയ്കൊിരിക്കുന്ന ആഹ്ലാദവും പൊട്ടിച്ചിരിയും തിരിച്ചുവരും.

ആരും ആലോചി

ക്കാൻ മിനക്കെടാത്ത അത്ഭുതാവഹമായ ചില ശക്തിവിശേഷങ്ങൾ, ഒരു പിഞ്ചുകുഞ്ഞിന്. കുട്ടിയുടെ പിറവിയോടുകൂടിയാണ് ഭാര്യയും ഭർത്താവുമായുള്ള ബന്ധം ശാശ്വതമാകുന്നത്. അഭേദ്യമാകുന്നത്.

ഒരു രാത്രി, ഉറങ്ങാൻ കിടക്കുമ്പോൾഅവളതേക്കുറിച്ചു പറഞ്ഞു.

അയാൾ അവളെ കെട്ടിപ്പിടിച്ചു കിടന്നുകൊ്, അന്നേരം പാടി:

"ആദ്യത്തെ കൺമണി......"

അവൾ ചിരിച്ചു: "അച്ഛനെപ്പോലെ ഇരുന്നാൽ മതി."

"അതായത്, നിനക്ക് ആൺകുട്ടി വേണമെന്നർത്ഥം. അല്ലേ?"

തല കുലുക്കി

"എനിക്ക് പെൺകുട്ടിയാണിഷ്ടം. അച്ഛനോട് പെൺമക്കൾക്കായിരിക്കും സ്നേഹകൂടുതൽ."

"എനിക്ക് രായാലും ഇഷ്ടമാണ്. ദൈവം തരുന്നതല്ലേ?"

"രായാൽ എന്നോ? ആദ്യത്തെ തന്നെ ഇരട്ട"

"ദേ വോത്തതു പറഞ്ഞാലില്ലേ!" അവൾ കെറുവിച്ചു. അയാൾ ചിരിച്ചു.

ഒടുവിൽ അവൾ ഛർദ്ദിച്ചു. അവൾക്ക് തല ചുറ്റലുായി.

മുഖം വിളറി. കണ്ണുകളിലെ ചൈതന്യം മങ്ങി.

അവൾക്കെപ്പോഴും ക്ഷീണമായി.

അവൾ പിന്നെ, പിറക്കാൻ പോകുന്ന ഓമനയ്ക്ക് വേി ഉടുപ്പുകൾ തുന്നി. സ്വപ്നങ്ങൾ തുന്നി.

ആ സങ്കല്പം തന്നെ വിസ്മയകരമായ ഒരനുഭവമായിരുന്നു. ഓർത്തോർത്തിരുന്നാൽ സമയം നീങ്ങുന്നതേ അറിയില്ല. നിറപ്പകിട്ടാർന്ന ഭാവനകൾ. തേൻ തുളുമ്പുന്ന ചിന്തകൾ.

അവൾ പൂർണ്ണഗർഭിണിയായി.

ഒരു ശനിയാഴ്ച. അന്നും അവൾ പതിവുപോലെ ഭർത്താവിനെക്കാത്ത്, സ്ക്കൂട്ടറിന്റെ ശബ്ദം കാതോർത്ത്, ഇരുന്നു.

പക്ഷേ അയാൾ പതിവു സമയത്ത് വന്നില്ല. വൈകി.

ഒരിക്കലും വൈകാത്ത അദ്ദേഹം അന്നു വൈകിയപ്പോൾ അവൾക്കെന്തന്നില്ലാത്ത ആശങ്കയായി. അക്ഷമയോടെ, വീർത്തുന്തിയ വയറുമായി, അവൾ ജനാലക്കരികെച്ചെന്ന്, വൈകുന്നേരത്തിന്റെ തിരക്ക് വർദ്ധിച്ചുവ രുന്ന നഗരവീഥിയിലേക്ക് കണ്ണുംനട്ടുകൊ് നിന്നു.

സന്ധ്യയായി അദ്ദേഹം വന്നപ്പോൾ.

ദൂരെ നിന്നു തന്നെ അവളതു കു: അദ്ദേഹത്തിന്റെ സ്ക്കൂട്ടറിന്റെ പുറകിലേ സീറ്റിൽ ഒരു സ്ത്രീ.

അവളുടെ മനസ്സിൽ പെട്ടെന്നൊരു നടുക്കമുായി.

ആരാണ് അത്? ബന്ധത്തിലുള്ള വല്ലവരും!.....

അദ്ദേഹം നിർദ്ദോഷമായ ഒരു ചിരിയോടെ പരിചയപ്പെടുത്തി: "നിങ്ങൾ തമ്മിൽ കിട്ടുമോ എന്നറിഞ്ഞുകൂടാ. ഒരേ നാട്ടുകാരല്ലേ?" എന്നിട്ട് തന്നോടായി പറയുന്നത് അവൾ ശ്രദ്ധിച്ചു: മിസ് റീത്ത- ഞാൻ പറഞ്ഞിട്ടുല്ലോ, ഓഫീസിലെ പുതിയ സ്റ്റെനോ, നിന്നെ പരിചയപ്പെടാൻ വന്നതാണ്"

"ഹലോ ഗ്ലാഡു ടു മീറ്റ് യൂ" സ്വന്തം പാരവശ്യം മറയ്ക്കാൻ ശ്രമിച്ചുകൊ്, കൃത്രിമമായ ആതിഥ്യമര്യാദയോടെ അവൾ പറഞ്ഞു;

"എവിടാ വീട്"

"ആഞ്ഞിലിമൂടിനടുത്താ"

"എന്റെ വീട് വവ്വാക്കാവിലാ." യുവതി തുരുതുരാ സംസാരിക്കാൻ തുടങ്ങി. കിലുകിലാ ചിരിക്കാനും.

പലരും ഇഷ്ടപ്പെടാത്ത വാചാലത.

നാണവും അടക്കവുമില്ലാത്ത തെറിച്ച പെണ്ണ്

എന്നോ കൈമോശം വന്ന വായാടിത്തത്തെ മറന്ന്,അവളുടെ ഹൃദയം മന്ത്രിച്ചു: പെൺകുട്ടികൾ ഇത്ര തന്റേടികളാകരുത്.

കാപ്പിയും പലഹാരങ്ങളും കഴിച്ച്, ഇംഗ്ലീഷും മലയാളവും ഇടകലർത്തി പിന്നേയും എന്തെല്ലാമോ ഒക്കെ സംസാരിച്ച് യുവതി യാത്ര പറഞ്ഞു.

"ഐ വിൽ ഡ്രോപ്പ് യൂ." അദ്ദേഹം പറഞ്ഞു.

"നോ, താങ്ക്സ്, ഞാനൊരു ടാക്സി ഹയർ ചെയ്തോളാം."

"രാത്രിയായല്ലോ. രാത്രി ഒറ്റയ്ക്ക് കാറിൽ പോക. പത്തുമിനിറ്റല്ലേ വേ? വരൂ. ഞാൻ കൊാക്കിത്തരാം."

താൻ മാത്രമിരുന്നിട്ടുള്ള സ്ക്കൂട്ടറിന്റെ പിൻസീറ്റ്. ആരുമല്ലാത്ത ഒരു പെണ്ണ് എങ്ങിനെഅവിടെ കയറിപ്പറ്റി? എന്തിനദ്ദേഹം അതനുവദിച്ചു?

തന്റെ സാന്നിദ്ധ്യത്തിൽത്തന്നെ നിർലജ്ജം.....

അവളുടെ തൊയിൽ തേങ്ങലുകൾ വന്നു തടഞ്ഞു.

പുതിയതായി നിയമിച്ച ലേഡിസ്റ്റെനോയെപ്പറ്റി അദ്ദേഹം പുകഴ്ത്തിപ്പറയാറുള്ളത് അവളോർത്തു. അടുത്തകാലത്തായി ദിവസവും, പതിവിലും നേരത്തെ ഓഫിസിൽ പോകാൻ അയാൾ ധൃതിവെയ്ക്കാറുള്ളത് അവളോർത്തു. എപ്പോഴും ഓർമ്മകളുടേയോ ചിന്തകളുടേയോ ലോകത്ത് അയാൾ സ്വയംനഷ്ടപ്പെട്ട് ഇരിക്കാറുള്ളത് ഓർത്തു

ക്ഷണത്തിൽ പല ചിത്രങ്ങളും അവളുടെ മനസ്സിൽ തെളിഞ്ഞു.

ഏകാന്തതയെ വെറുത്തിരുന്ന അവൾ പെട്ടെന്ന് അതിന് വേി കൊതിച്ചു.

ഒരിക്കലും ഉറങ്ങാത്ത നഗരവീഥിയിലേക്ക് തുറിച്ചുനോക്കികൊിരിക്കുമ്പോൾ സ്വന്തം കണ്ണുകൾ നിറഞ്ഞൊഴുകുന്നത് അവളറിയുന്നുായിരുന്നില്ല.

എന്തെങ്കിലും ഇല്ലാതെ വരില്ല. എന്തെങ്കിലും......അവൾ അങ്ങനെത്തന്നെ സ്വഗതമെന്നോണം മന്ത്രിച്ചു കൊിരുന്നു.

അദ്ദേഹത്തിന് ചെറുപ്പമാണ്. ആരോഗ്യമുള്ള ശരീരമാണ്. മദ്യപാനിയും വികാരജീവിയുമാണ്.

ആ യുവതിയാണെങ്കിലോ? സുന്ദരി. തെറിച്ച സ്വഭാവം. ആരേയും ഹഠാദാകർഷിക്കുന്ന പെരുമാറ്റം.

അദ്ദേഹം ഒരു തെറ്റിൽ ച്ചെന്നു വീണെങ്കിൽ തന്നെ അത്ഭുതപ്പെടാനില്ല.

എങ്കിലും താനദ്ദേഹത്തിന്റെ ഭാര്യയല്ലേ? വയറ്റിൽകിടക്കുന്ന അദ്ദേഹത്തിന്റെ കുഞ്ഞിന്റെ അമ്മയല്ലേ? തന്റെ മുന്നിൽവച്ചു പോലും ഇത്ര സ്വാതന്ത്ര്യം കാണിക്കുന്ന അവൾ തന്റെ അഭാവത്തിൽ എങ്ങനെയായിരിക്കും?.

കുറെ നാളുകളായി ഭർത്താവിന് തന്നോടുള്ള സ്നേഹത്തിന് കുറവു വന്നിട്ടുള്ളതായി അവൾ സംശയിച്ചു. ശരിയല്ലേ? ഓരോ നിസ്സാര സംഭവത്തിനും വലിയ പ്രാധാന്യം നൽകി അവൾ പുനരാലോചിക്കാൻ തുടങ്ങി. മനം നിറയെ സംശയത്തിന്റേയും ശങ്കയുടേയും നിഴൽപ്പാടുകൾ വീണുകിടന്നിരുന്നതുകൊ് അവൾക്കതിലെല്ലാം പോരായ്മകൾ കുപിടിക്കുവാൻ എളുപ്പം കഴിഞ്ഞു.

എല്ലാനാശത്തിലേയ്ക്കും തകർച്ചയിലേക്കും നീങ്ങുകയായി എന്നോർത്ത് അവൾ പതറുകയും വിറയ്ക്കുകയും ചെയ്തു.

ഒരു ഭാര്യയ്ക്കും ഇതൊന്നും സഹിക്കുകയില്ല. ക്ഷമിക്കുകയില്ല.

അവൾ തേങ്ങിതേങ്ങിക്കരഞ്ഞു.

മുറ്റത്ത് വീം സ്ക്കൂട്ടറന്റെ ശബ്ദം കേട്ടപ്പോഴാണ് അവൾക്ക് പരിസരബോധമുായത്. അദ്ദേഹം ഒരു പെണ്ണിനോയും കൂട്ടിപോയിട്ട് വളരെനേരമായെന്നും ഇപ്പോൾ മാത്രമാണ് തിരിച്ചു വന്നിരിക്കുന്നതെന്നും അവളോർത്തു. അദ്ദേഹം എപ്പോൾ വരുമ്പോഴും ഓടിച്ചെല്ലാറുായിരുന്ന അവൾ, ഇരുന്നിടത്തുനിന്ന് എഴുന്നേറ്റുപോലുമില്ല.

അവളുടെ അടക്കി നിർത്തിയ സങ്കടം വീം അണപൊട്ടി. അവൾ കട്ടലിൽ ചെരിഞ്ഞു കിടന്ന് കരയാൻ തുടങ്ങി.

“എന്തേ? എന്തിനാ നീ കരയുന്നത്? ഏങ്? എന്താ ഉായത്”

അവൾ മിീയില്ല.

അവളുടെ തേങ്ങലുകൾ വർദ്ധിച്ചു,കൂടുതൽ ശക്തങ്ങളായി.

തലയിണമേൽ വൃത്തത്തിലുള്ള കണ്ണുനീരിന്റെ പാട് തെളിഞ്ഞു കിടന്നു.

പ്രത്യുത്തരമൊന്നും കിട്ടാതായപ്പോൾ അയാളവളെ ബലമായി പിടിച്ചുപൊക്കി.. അവൾ പിടഞ്ഞുമാറി.

അവൾ വിക്കി വിക്കി ചോദിച്ചു: “എന്തിനാണിങ്ങോട്ടു പോന്നത്? അവിടെതന്നെയങ്ങ് കൂടിയാൽ പോരായിരുന്നോ? അവളുടെകൂടെ-”

പൊടുന്നനെ ഒരു പൊട്ടിച്ചിരിയാണവൾ കേട്ടത്. അതിന്റെ അർത്ഥം ഗ്രഹിക്കാൻ അവൾക്ക് കഴിഞ്ഞില്ല. എങ്കിലും ആ ചിരി അവൾ ശ്രദ്ധിച്ചു: അത് കൃത്രിമമാണോ? മനഃപൂർവ്വമാണോ?

“ഹോ, ഇതാണോ സംഗതി?” അപ്പോഴും കുലുങ്ങിച്ചിരിച്ചുക്കൊ് അയാൾ പറഞ്ഞു: “എന്റെ പൊന്നേ! അവൾ അങ്ങിനെയുള്ള ഒരുത്തിയല്ല. നല്ല കുട്ടിയാണ്. എല്ലാം നിന്റെ സംശയങ്ങളല്ലേ? ഇതാണ് ഈ പെണ്ണുങ്ങളുടെ സ്വഭാവം.”

“എന്തിനിങ്ങനെമറയ്ക്കുന്നു?“ അവൾ കോപത്തോടെ ചോദിച്ചു. “എനിക്കെല്ലാം അറിയാൻ കഴിയുന്നു്. എന്നെ വഞ്ചിച്ച് എന്തു ചെയ്താലും ഞാനറിയും. ഞാനത്രക് സ്നേഹിച്ചതാണ്. വിശ്വസിച്ചതാണ്.....“

“അപ്പോൾ നിനക്കെന്നെ വിശാസമില്ല അല്ലേ? അങ്ങനെഒരു പെണ്ണു വിചാരിച്ചാൽ എന്നെ മയക്കിക്കളയാനൊന്നും പറ്റില്ല. ഞാനത്രയ്ക്ക് ചീപ്പാണെന്ന് നീ വിചാരിച്ചോ? എങ്കിൽ ഞാൻ കല്യാണമേ കഴിക്കില്ലായിരുന്നുവല്ലോ. എനിക്കാരേക്കാളും വലുത് നീയാണ്. നിനക്കുവേയല്ലാതെ മറ്റൊരു പെണ്ണിനുവേിയും എന്റെ പൃദയം തുടിച്ചിട്ടില്ല. തുടിക്കുകയുമില്ല.”

അയാളവളുടെ കണ്ണുനീർ തുടച്ചുകളഞ്ഞ് സാന്ത്വാനിപ്പിച്ചു

അയാളുടെ വാക്കുകൾ പർണ്ണമായും വിശ്വസിക്കാൻ അവളാഗ്രഹിച്ചു.

താൻ കേട്ടത് മുഴുവൻ സത്യമായിരിക്കണമേ എന്ന് അവൾ നിശ്ശബ്ദമായി പ്രാർത്ഥിച്ചു

പക്ഷേ എത്ര തൂത്തുകളയാൻ ശ്രമിച്ചിട്ടും സംശയത്തിന്റെ കറ അവളുടെ മനസ്സിൽ മായാതെ നിന്നു.

എല്ലാം ഒളിമങ്ങിയത് പെട്ടന്നാണ്.

ഓർത്തിരിക്കാതെ, തീർത്തും ആകസ്മികമായി ജീവിതത്തിന്റെ നിറവും മണവും പോയി.

പൊട്ടിച്ചിരികളും ഉല്ലാസപ്രകടനങ്ങളും തീരെയില്ലാതായി. വീടിനകത്തെ ഓരോ മുറിയിലും മൂകതമാത്രം വിങ്ങിവിതുമ്പി നിന്നു.

ദുഃഖമെന്തന്നറിയാത്ത അവൾ നെടുവീർപ്പിന്റേയും കണ്ണുനീരിന്റേയും കൂട്ടുകാരിയായിതീർന്നു.

അവളുടെ ചിന്തകളും ഓർമ്മകളും ഒരേ ബിന്ദുവിൽത്തന്നെ കേന്ദ്രീകരിച്ചു നിന്നു. എത്ര തീവ്രമായി ശ്രമിച്ചിട്ടും അവൾക്കവയുടെ പിടിയിൽ നിന്നും മുക്തി ലഭിച്ചില്ല.

ക്രമേണ അയാളുടെ സമീപനത്തിൽ വ്യതിയാനങ്ങൾ സംഭവിക്കുന്നത് അവൾ മനസ്സിലാക്കി. അവളുടെ പകലുകൾ വിളറി വെറുങ്ങലിച്ചു. രാത്രികൾ നിദ്രാഹീനങ്ങളായി.

ഭയത്തോടെ എല്ലാം പ്രതീക്ഷിച്ചിരുന്നതുകൊ്, കൂടുതൽ തകർന്ന ഹൃദയവുമായി, അതൊക്കെ നോക്കി നിൽക്കാൻ മാത്രമേ അവൾക്ക് കഴിഞ്ഞുള്ളു.

അയാൾ സാധാരണയേക്കാൾ വേഗം വീടുവിട്ടിറങ്ങും. വൈകിമാത്രം മടങ്ങിവരും

സംസാരം കഷ്ടിയായി. സുഖാന്വേഷണങ്ങളും, സ്നേഹപ്രകടനങ്ങളുമെല്ലാം ഓർമ്മകളായി.

തികച്ചും യാന്ത്രികമായിത്തീർന്ന ജീവിതം. എല്ലാം വിധിയെന്നു കരുതി കരയാനല്ലാതെ അവൾക്കന്തുചെയ്യാൻ കഴിയും?

അവൾ ദുഃഖിച്ചിരിക്കുന്നതോ, അവളുടെ കണ്ണിൽ കണ്ണുനീരൂറുന്നതോ കാൽ അയാൾക്ക് കലിയിളകും. അയാൾ ഗർജ്ജിക്കും. വാൾത്തലയേക്കാൾ മീർച്ചയുള്ള വാക്കുകൾകൊ് അവളെ പരിക്കേൽപ്പിക്കും.

അവൾ ഭയപ്പെടുകയില്ല. ഭയത്തെ അവൾ തോൽപ്പിച്ചുകളഞ്ഞിരിക്കുന്നു.

ക്രമമായി, നിർവ്വികാര

മായി, അയാളുടെ മുമ്പിൽ നിന്നു കൊ് അവൾ ചിരിക്കാൻ പഠിച്ചു

കഴിഞ്ഞുപോയ നല്ലനാളുകളുടെ ഓർമ്മ. ആ ഓർമ്മ നഷ്ടങ്ങളുടെ ആഴത്തെക്കുറിച്ച് എപ്പോഴും ബോധവതിയാക്കി. എന്നിട്ടും ആ ഓർമ്മകളുടെ തണലിൽ അവൾ ആശ്വാസം കത്തെി.

തന്റെ ഉദരത്തിൽ കിടക്കുന്ന പൊന്നോമനകുഞ്ഞ്. ആ കുഞ്ഞ് പിറന്നു കഴിയുമ്പോൾ എല്ലാം നേരെയാകുമെന്ന് അവൾ വ്യാമോഹിച്ചു.

അയാളുടെ കുഞ്ഞ്, അയാളുടെ സ്വന്തം രക്തം. ആ ചോര പൈതലിന്റെ കുരുന്നു മുഖത്തേക്കു നോക്കി, വീും ദുർവൃത്തികളിലേക്കിഴഞ്ഞുപോകാൻ ആ മനുഷ്യന് കവിയുമോ? കഴിയില്ലെന്നവൾ ധരിച്ചു.

പ്രസവമടുത്തപ്പോൾ അയാളവളെ ആശുപത്രിയിത് അഡ്മിറ്റ് ചെയ്തു.

അതോടെ അവശേഷിച്ചിരുന്ന സമാധാനവും നഷ്ടപ്പെട്ടു. ഇപ്പോഴയാൾ തികച്ചും സ്വതന്ത്രനാണ്. ആരും തടയാനില്ല. പിണങ്ങാനില്ല. കരയാനും പരിഭവിക്കാനുമില്ല.

അവളുടെ അച്ഛനും അമ്മയും വന്നു. മാതാപിതാക്കളെ കപ്പോൾ അവൾ ചങ്കുപൊട്ടി കരഞ്ഞുപോയി. എല്ലാം അവരോട് തുറന്നു പറയുവാൻ അവൾ പല പ്രാവശ്യം ഒരുങ്ങി. എങ്കിലും ഭവിഷത്തുകളോർത്ത് മൂകത പാലിച്ചു.

അവൾ പ്രസവിച്ചു. സിസേറിയൻ ഓപ്പറേഷൻ ചെയ്ത് കുട്ടിയെ പുറത്തെടുക്കുകയാണുായത്.

കുട്ടിക്ക് ജീവനില്ലായിരുന്നു. ജനിക്കുന്നതിനുമുമ്പുതന്നെ കുഞ്ഞ് മരിച്ചു പോയിരുന്നു എന്നുഡോക്ടർ പറഞ്ഞു.

അയാൾ ആശുപത്രിയിൽ വന്നു. പരിഭ്രമം നിറഞ്ഞ കണ്ണുകളോടെ അയാൾ തന്നെ നോക്കുന്നത് അവൾ കു. അതു കയുടൻതന്നെ അവൾ കണ്ണുകൾ തിരിച്ചു കളഞ്ഞു.

തന്റെ കുഞ്ഞിനെ അവൾ കിരുന്നില്ല. എങ്ങിനെയിരിക്കുന്നു അതിന്റെ രൂപം എന്നവളറിഞ്ഞി ല്ല. ദീർഘമായ ഒരു മോഹാലസ്യത്തിൽപ്പെട്ടു പോയതിനാൽ അവളുണരുന്നതിനുമുമ്പുതന്നെ കുഞ്ഞിന്റെ ജഡം നീക്കം ചെയ്തിരുന്നു.

അവൾ ധാരധാരയായി കണ്ണുനീരൊഴുക്കി.

ഭർത്താവ് അടുത്തുനിന്നു. അയാൾ എന്തെങ്കിലും പറയുമെന്നവൾ കാതോർത്തു.

അയാൾ ഒരു വാക്കപോലും പറഞ്ഞില്ലല്ലോ, എന്നായി പിന്നെയവളുടെ സങ്കടം.

വൈകിട്ട് കാണാൻ വന്നവരിലേതോ ഒരു സ്ത്രീ ആശ്വസിപ്പിച്ചു.

"ഇത്രയൊന്നും കരയാനും സങ്കടപ്പെടാനും ഇല്ല കുഞ്ഞേ! നിങ്ങൾ ചെറുപ്പമല്ലേ? ദൈവാനുഗ്രഹമുങ്കെിൽ ഒരു വർഷംകൊുതന്നെ നിനക്കൊരമ്മയാകാമല്ലോ."

"നിനക്കിനി ഭർത്താവുാവുകയില്ല. നീയിനി പ്രസവിക്കുകയില്ല." എന്നൊക്കെ ഉള്ളിലിരുന്ന് ആരോ പറയുന്നത് കേട്ടു.

അവൾ വല്ലാതെ നടുങ്ങി.

മൂന്നാഴ്ച കഴിഞ്ഞാണ് അവളെ ഡിസ്ചാജ്ജ് ചെയ്തത്.

ഭർത്താവ് ഇടയ്ക്കൊക്കെ വന്നു . അവളുമായി ഒന്നോരാ വാക്കുകൾ മാത്രം പറഞ്ഞു. ഡോക്ടർമാരുമായും അച്ഛനമ്മമായുമായും അയാൾ വളരെ സംസാരിച്ചു.

ആശുപത്രിയിൽ അവൾ കിടന്ന അവസാനദിവസങ്ങളിൽ എന്തുകൊാേ അയാളെ കില്ല. ഡിസ് ചാർജ്ജ് ചെയ്യുന്ന ദിവസം നേരത്തെ അറിയിച്ചിരുന്നിട്ടും ആൾ വന്നില്ല.

"അച്ഛൻ പിന്നേയും പിന്നേയും പറഞ്ഞു: അവൻ വന്നില്ലല്ലോ മോളെ!"

അയാൾ വന്നില്ല.

ഒഴിഞ്ഞ വയറോടെ, ഒടുങ്ങാത്ത വിഷാദത്തോടെ അവൾ ടാക്സിയിൽ കയറിയിരുന്നു. അവൾ വല്ലാ തെ വിളറിയിരുന്നു. ക്ഷീണിച്ചിരുന്നു. തളർന്നു അവശയായിരുന്നു.

താമസിച്ചിരുന്ന വാടകവീടിന്റെ മുന്നിൽ കാർ നിന്നു.

അവൾ ദുഃഖം കടിച്ചമർത്തി, തല താഴ്ത്തി ഇരിക്കുകയാണ്.

ആരും കാണരുത്, ഒന്നും ചോദിക്കരുത്, ആരോടും മിരുത്.

അവൾക്കെല്ലാറ്റിനോടും, എല്ലാവരോടും വെറുപ്പു തോന്നി.

കാറിന്റെ ഡോർ തുറന്ന് പുറത്തേക്കിറങ്ങിയ അച്ഛന്റെ അത്ഭുതം നിറഞ്ഞ സ്വരം അവൾ കേട്ടു: "ഗേറ്റു പൂട്ടിയിരിക്കുന്നല്ലോ! നമ്മൾ വരുമെന്നറിയാമായിരുന്നിട്ടും....."

അച്ഛന്റെ വാക്കുകൾ കേട്ടപ്പോൾ അവൾക്ക് കൈമോശം വന്ന ധൈര്യം പെട്ടെന്നു വീുകിട്ടി. അവളും കാറിൽനിന്നിറങ്ങി.

കതകുകളും ജനാലകളും അടച്ചിരിക്കുന്നു. മുറ്റം നിറയെ കരിയിലകൾ ചിതറിക്കിടക്കുന്നു.

അടുത്ത വീട്ടിലെ പരിചയക്കാരിയായ സ്ത്രീ ഇറങ്ങി വന്നു.

"അല്ലാ, എന്തേ ഇങ്ങോട്ടു വന്നത്? ഹസ്ബന്റിന് ട്രാൻസ്ഫറായില്ലേ? ഒരാഴ്ചയായല്ലോ പോയിട്ട്, നിങ്ങളെ അറിയിച്ചില്ലേ?"

എന്തു ചെയ്യണം, എന്തു പറയണം എന്നറിയാതെ അവൾ തെല്ലിട സ്തംബയായി നിന്നു പോയി.

"പിന്നെ, വിസ്മയം നിറഞ്ഞ മുഖവുമായി നിൽക്കുന്ന അച്ഛനോടും അമ്മയോടുമായി അവൾ പറഞ്ഞു.

വരൂ അച്ഛാ, ഈ കാറിൽത്തന്നെ നമുക്ക് വീട്ടിലേക്കു പോകാം."

കാറിനകത്തേക്ക് കാലെടുത്തുവയ്ക്കുമ്പോൾ, താൻ പഴയ ഉത്സാഹശീലയും സന്തോഷവതിയുമായ പെൺകുട്ടിയായി മാറന്നത് അവളറിഞ്ഞു.

■

# വേുന്ന കാര്യങ്ങൾ



പി. ആർ. നാഥൻ

എട്ടു പേർക്ക് സഞ്ചരിക്കാവുന്ന ഒരു വാഹനത്തിൽ ഞാൻ യാത്ര ചെയ്യുകയാണ്. വളരെ വേ പ്പെട്ട ഒരു സുഹൃത്തിന്റെ വീട്ടിലേക്കാണ് ഞങ്ങൾ പോകുന്നത്. പ്രഭാതത്തിൽ യാത്രതുടങ്ങിയാൽ പത്തുമണിയ്ക്കുമുൻപ് അദ്ദേഹത്തിന്റെ വീട്ടിലെത്തുമെന്ന് ആ സുഹൃത്ത് പറഞ്ഞിരുന്നു. അന്ന് അദ്ദേഹത്തിന്റെ വിവാഹമാണ്.



വിവാഹം നടക്കുന്നത് വധൂഗൃഹത്തിൽ വെച്ചാണ്. പത്ത് മണിയ്ക്ക് വരന്റെ വീട്ടിൽ എത്തിയ ശേഷം ഞങ്ങൾക്ക് വരന്റെ സംഘത്തോടൊപ്പം വധൂഗൃഹത്തിലെക്ക് പോകണം. ഉച്ചക്കാണ് വിവാഹമുഹൂർത്തം. എന്തായാലും ഞങ്ങൾ രാവിലെത്തന്നെ യാത്ര തിരിച്ചു. ഇവിടെ ചിന്തിക്കുന്ന വിഷയം യാത്രയെക്കുറിച്ചോ വിവാഹത്തെക്കുറിച്ചോ അല്ല. സ്വന്തം ഉത്തരവാദിത്വ ബോധത്തെക്കുറിച്ചാണ്.

കേരളത്തിലെ ഉള്ളോട്ടുള്ള ഒരു ഗ്രാമത്തിലാണ് വരന്റെ ഗൃഹം. ഇന്ന് കേരളത്തിൽ നാട്ടിൻപുറങ്ങൾ ഇല്ല. മിക്കവാറും എല്ലാ സ്ഥലത്തേക്കും റോഡ് സൗകര്യങ്ങളു ്. വരന്റെ വീട്ടുമുറ്റം വരെയും വാഹനമെത്താൻ ബുദ്ധിമുട്ടുെങ്കിലും ഏറെക്കുറെ വീടിനടുത്ത് വാഹനം നിർത്താം. വാഹനത്തിൽ എസി സൗകര്യമു്. വീട് കുപിടിക്കാനായി കൃത്യമായി വരച്ചുവെച്ച ഒരു മാപ്പ് കൈവശമു്. നഗരത്തിൽ നിന്നും യാത്രപുറപ്പെടുന്ന അവസരത്തിൽ ഒരു സുഹൃത്ത് നിർദ്ദേശങ്ങൾ നൽകുന്നു്. ഇടത്തോട്ടു തിരിക്കുക എന്നു പറയുമ്പോൾ ഡ്രൈവർ വാഹനം ഇടത്തോട്ടു തിരിക്കുന്നു. അനുസരണാശീലമുള്ള വ്യക്തിയാണ് ഡ്രൈവർ എന്ന് തുടക്കത്തിൽ തോന്നിപ്പോയി.

വി ഏറെദൂരം ഓടിയപ്പോൾ വഴിപറഞ്ഞുകൊടുക്കുന്ന വ്യക്തിക്ക് സംശയം തോന്നി. റൂട്ട് തെറ്റിയോ? വഴി എഴുതിവെച്ച കടലാസ്സ് അയാൾ മറ്റൊരാൾക്ക് കൈമാറി. വഴികാണിക്കുന്ന ബോർഡുകൾ എല്ലായിടത്തും ഇല്ല. നാം യാത്രചെയ്യുന്നത് ഏത്പ്രദേശത്തുകൂടിയാണ് എന്ന് നാം തിരിച്ചറിയുന്നത് മൊബൈൽ ഫോണിലെഅറിയിപ്പുകളിൽ കൂടിയാണ്. മുമ്പ് ഓരോ ഗ്രാമത്തിലെ ചായക്കടയിലെ ബോർഡുകളിൽപ്പോലും ആ സ്ഥലത്തിന്റെ നാമം ഉായിരുന്നു.

ഇന്ന് കേരളത്തിലെ സ്ഥിതി അങ്ങനെയല്ല. വ്യാപാരസ്ഥാപനങ്ങൾ ബോർഡുകൾ തയ്യാറാക്കുമ്പോൾ സ്ഥലപ്പേര് എഴുതാൻ വിസ്മരിതക്കുന്നു. പുറത്തേക്കു നോക്കുന്ന യാത്രക്കാരന് താൻ ഏത് നാട്ടിലൂടെയാണ് യാത്രചെയ്യുന്നത് എന്നറിയാൻ കഴിയുകയില്ല. ചില ബാങ്കുകളുടെ ബോർഡിൽ സ്ഥലപ്പേര് കാണാമെങ്കിലും അത് ബാങ്കിന്റെ നാമവുമായി ബന്ധപ്പെട്ട പേരുകളായിരിക്കും.

യാത്രാക്കാരായ ഞങ്ങൾ ഡ്രൈവറോട് വാഹനം നിർത്താനായി ആവശ്യപ്പെടുന്നു. വഴി നടന്നുവരുന്ന വ്യക്തികളോടാണ് പോകേ സ്ഥലത്തെക്കുറിച്ച് അന്വേഷിക്കുന്നത്. വാഹനത്തിന്റെ ചില്ലുകൾ പൊക്കിവേണം ചോദിക്കാൻ. പറഞ്ഞുതരുന്ന വ്യക്തി ആ നാട്ടുകാരനാകണമെന്നില്ല. വഴിയന്വേഷിക്കുക എന്നത് ഒരു വലിയ

പ്രസ്നമാണ്. യാത്രക്കാരായ എട്ടുപേർക്കും വഴി അന്വേഷി

എട്ടുപേരോട് ഒരു ഗ്രാമീണൻ സംസ്കൃതപദത്തിന്റെ അർത്ഥമന്വേഷിച്ചു. ഞങ്ങൾ സംസ്കൃതപണ്ഡിതരല്ല എന്ന് ഏഴുപേർ മറുപടി പറഞ്ഞു. എട്ടാമൻ സംസ്കൃതാദ്ധ്യാപകനാണ്. ആ പദത്തിന്റെ ഉത്തരം പറഞ്ഞുകൊടുക്കേ ബാധ്യത അദ്ദേഹത്തിനില്ലേ? ഉത്തരം അറിയില്ലെങ്കിൽ അത് പഠിച്ചുവയ്ക്കേ ഉത്തരവാദിത്തം ആ മനുഷ്യനില്ലേ?

സ്വന്തം മണ്ഡലത്തെക്കുറിച്ച് അന്വേഷിക്കുമ്പോൾ എനിക്ക് അറിയില്ല എന്നു പറയുന്നവരുടെ എണ്ണം വർദ്ധിക്കുന്നു. ഓട്ടോറിക്ഷ ഓടിക്കുന്നവർക്ക് അവരുടെ ഗ്രാമത്തെക്കുറിച്ചുപോലും ജ്ഞാനമില്ലാതെ വരുമ്പോ ൾ വിഷമം തോന്നും. ഒരിക്കൽ കോഴിക്കോട് നഗരത്തിലെ മാങ്കാവിൽ നിന്നും ഞാൻ ഓട്ടോറിക്ഷയിൽ കയറിയശേഷം വി പാലാഴിയിലേക്ക് വിടാനായി ആവശ്യപ്പെട്ടു. പാലാഴി എന്ന സ്ഥലത്തെക്കുറിച്ച് ആ യുവാവ് കേട്ടിട്ടുായിരുന്നില്ല. ആൾ ബീരുദധാരിയാണെന്ന് അന്വേഷണത്തിൽ നിന്നറിഞ്ഞു. നഗരത്തിലെ സ്ഥലങ്ങളെക്കുറിച്ച് ഒരു ഓട്ടോ ഡ്രൈവർ മനസ്സിലാക്കേതല്ലേ?

കേരളത്തിലെ പ്രശസ്തമായ ഒരു പത്രസ്ഥാപനം. സംഭവം വർഷങ്ങൾക്ക് മുമ്പാണ്. കേരളത്തിലെ മൂന്ന്പ്രശസ്ത സാഹിത്യകാരന്മാർ ആ സ്ഥാപനത്തിലെ എൻക്വയറി കൗറിലെത്തി. മൂന്നുസാഹിത്യകാരന്മാരും മാധ്യമങ്ങളിലൂടെ പ്രസിദ്ധി നേടിയവരാണ്. സ്വീകരിക്കാനിരിക്കുന്ന യുവതി അവരെ ചോദ്യം ചെയ്യാൻ തുടങ്ങി. ആ പെകുട്ടി ഇവരുടെ പേരുകൾപോലും കേട്ടിട്ടുായിരുന്നില്ല. ചോദ്യം ചെയ്യൽ രൂക്ഷമായപ്പോൾ അവർ ക്ഷുഭിതരായി മടങ്ങുകയും ചെയ്തു. തന്റെ സ്ഥാപനത്തിൽ വരാനിടയുള്ള പ്രശസ്ത വ്യക്തികളെകുറിച്ച് ഒരു ഏകദേശ ധാരണ ഉാകേതല്ലേ? വേഷംകൊും പെരുമാറ്റം കൊും മലയാളിയായ ഒരു എഴുത്തുകാരനെനേരത്തെ അറിയില്ലെങ്കിൽ പോലും ഒരു

ഭീകരനെനേരിടുന്നതുപോലെ ചോദ്യം ചെയ്യുന്ന കാഴ്ചപ്പാട് ശരിയാണോ?

തൊഴിൽപരമായ ജ്ഞാനത്തിനു പകരം പുസ്തകജ്ഞാനം ഉായതുകൊ് ഫലമില്ല. അടുക്കള ജോലി ചെയ്യുന്നവൻ പാചക കലയിലാണ് പ്രാവീണ്യം നേടേത്. ചമ്മന്തി അരക്കാൻ അറിയില്ലെങ്കിലും ഞാൻ ഷെയ്ക്സ്പിയറുടെ കൃതികൾ വായിച്ചിട്ടു് എന്നു പറഞ്ഞതുകൊന്തുകാര്യം?

ഈയിടെ ഒരു സുഹൃത്ത് രസകരമായ ഒരു അനുഭവം പറഞ്ഞു. ആൾ വിദേശത്ത് ജോലി ചെയ്ത് കോടികൾ സമ്പാദിച്ച വ്യക്തിയാണ്. അയാളുടെ വ്യാപാരസ്ഥാപനം പ്രശസ്തമാണ്. വർഷത്തിൽ ഒന്നോ രോ തവണ മാത്രമേ അയാൾ നാട്ടിൽ വരാറുള്ളു. ഒരു ദിവസം രാത്രി സ്ഥാപനം അടച്ചുകിടക്കുന്ന അവസരത്തിൽ അയാൾ ഗെയ്റ്റിനരുകിൽ വാഹനം നിർത്തി. ചുറ്റും നോക്കിയപ്പോൾ കാവൽക്കാരനെകാണുന്നില്ല. കനത്ത കോപത്തോടെ അയാൾ ചുറ്റും നോക്കി. പത്തുമിനിട്ടുകൾക്കു ശേഷം കാവൽക്കാരൻ എത്തി അയാൾ മദ്യപിച്ചിരുന്നു. കാവൽക്കാരന് ഉടമയെക് മനസ്സിലായില്ല. അയാളെ ജോലിക്കായി നിയമിച്ചത് സ്ഥാപനത്തിന്റെ മാനേജരാണ്.

കനത്ത ക്ഷോഭത്തോടെ കാവൽക്കാരൻ സ്ഥാപനത്തിന്റെ ഉടമയോട് ചോദിച്ചു.

"എന്തു വേണം"

"സ്വൽപം മയത്തിൽ സംസാരിക്കണം."

"മയത്തിൽ സംസാരിക്കാനൊന്നും വയ്യ. ഗെയ്റ്റ് അടഞ്ഞു കിടക്കുന്നതു കില്ലേ?"

"അത് തുറന്നു തരണം എന്നു പറയാനാ വന്നത്."

"തുറക്കാൻ പറ്റില്ല"

"അതെന്താ"

"പകൽ ഒമ്പതുമണിക്കേ തുറക്കൂ"

"കഠിനാദ്ധ്വാനത്തിലൂടെ സ്ഥാപനം പടുത്തുയർത്തിയ വ്യക്തി ചോദിച്ചു"

"ഞാൻ ആരാണെന്നു മനസ്സിലായോ?"

"ആരായാലെന്ത്? ഇനി പരമാവധി ഇതിന്റെ ഉടമസ്ഥനായിരിക്കാം. എന്നാലും എനിക്കെന്ത്?"

ഈ പരാമർശം അദ്ദേഹത്തിൽ കനത്ത ക്ഷോഭമുാക്കി. തന്റെ ശമ്പളക്കാരനാണ് സംസാരിക്കുന്നത്. ഇയാളെപ്പോലുള്ളവർക്ക് ശമ്പളം കൊടുക്കാൻ വേിയാണ് താനീ സ്ഥാപനം നടത്തുന്നത്. അയാൾ സ്വന്തം പേര് വെളിപ്പെടുത്തി. ഇതിന്റെ ഉടമസ്ഥനാണെന്നും പറഞ്ഞു. അത്രയും കേട്ടപ്പോൾ കാവൽക്കാരന്റെ ലഹരി ഒതുങ്ങി. അയാൾ അലസമായി പറഞ്ഞു.

"സോറിട്ടോ. ആളെ മനസ്സിലായില്ല."

സ്ഥാപനത്തിന്റെ ഉടമ ഒരു ഡയറിയെടുത്തു നിവർത്തി. സിനിമാ താരങ്ങളുടേയും രാഷ്ട്രനായകന്മാരുടേയും നിരവധി പടങ്ങൾ അതിൽ ഉായിരുന്നു. ഓരോ പടത്തിൽ വിരൽ ചൂിയപ്പോഴും കാവൽക്കാരൻ അത് ആരുടെ പടമാണെന്ന് വിളിച്ചു പറഞ്ഞു. ക്ഷുഭിതനായ ആ സ്ഥാപനഉടമ പറഞ്ഞു.

"താൻ ഇവരെ തിരിച്ചറിഞ്ഞതുകൊ് എനിക്കോ ഈ സ്ഥാപനത്തിനോ എന്തു പ്രയോജനമാണുള്ളത്? ഇത്രയും കാലമായിട്ടും തനിക്ക് ശമ്പളം തരുന്ന വ്യക്തിയുടെ മുഖം തിരിച്ചറിയാൻ തനിക്ക് കഴിഞ്ഞില്ല. ഈ സ്ഥാപനത്തിൽ പലയിടത്തും എന്റെ പടംവച്ചിട്ടു് താനത് ശ്രദ്ധിച്ചില്ല."

കാവൽക്കാരന് മറുപടിയില്ല

"തനിക്ക് ഉായിരിക്കേ പൊതു വിജ്ഞാനത്തിന്റെ പരിധിയിൽ എന്റെ മുഖവും വരും. എന്റെ ശമ്പളക്കാരൻ സിനിയാനടന്റെ മോന്ത തിരിച്ചറിഞ്ഞതുകൊ് എനിക്കുഗുണമൊന്നമില്ല. തന്നെ ഞാൻ പിരിച്ചു വിട്ടിരിക്കുന്നു. ഇനി ഈ ജന്മം താൻ എന്റെ മുഖത്ത് നോക്കരുത്."

കാവൽക്കാരനെ പിരിച്ചുവിട്ട കഥ അദ്ദേഹം എന്നോട് വിസ്തരിക്കുമ്പോൾമറ്റൊരു സ്ഥാപനത്തിന്റെ ഉടമ എന്റെ അരുകിൽ നിൽപ്പുായിരുന്നു. ഫലിതപ്രിയനായ അദ്ദേഹം പറഞ്ഞു.

"അയാളെ പിരിച്ചുവിട്ടത് കഷ്ടമായിപ്പോയി"

"അർഹിക്കുന്ന ആനുകൂല്യങ്ങൾ നൽകിയാണ് പിടിച്ചുവിട്ടത്"

"അതല്ലകാര്യം. അയാളുടെ കരണക്കുറ്റിക്ക് ര് കൊടുക്കാതെ പിരിച്ചുവിട്ടത് കഷ്ടമായിപ്പോയി എന്നാപറഞ്ഞത്."

വേുന്നത് അറിയാതിരിക്കുകയും വോത്ത കാര്യങ്ങൾ അറിയുകയും ചെയ്യുന്നു. വേുന്നവർക്ക് വേുന്ന കാര്യങ്ങൾ വേപോലെ അറിയുകയും അത് വേുന്ന സമയത്ത് ഓർമ്മവരികയും ചെയ്താൽ എത്ര നന്നായിരുന്നു.

വേുന്ന കാര്യമല്ലേ ഇപ്പോൾ പറഞ്ഞത്?

ഭാരതീയനായ ഒരു വ്യക്തി ഏതോ സ്വകാര്യ ആവശ്യത്തിനായി ജപ്പാനിൽ പോയിരുന്നു. അയാൾ ഒരു ടാക്സിയിൽ കയറിയിരുന്നു. മേൽവിലാസം എഴുതിയ കടലാസ്സ് ആ ടാക്സി ഡ്രൈവർ വാങ്ങി. ടാക്സി ഡ്രൈവർ അവിടത്തെ പ്രാദേശിക ഭാഷയിൽ പലരോടും വഴിചോദിച്ച് അരുപത് കിലോമീറ്ററുകൾ വി ഓടിച്ചു. വാഹനമിറങ്ങിയപ്പോഴാണ് ഒരു കാര്യം മനസ്സിലാക്കിയത്. മേൽവിലാസക്കാരന്റെ സ്ഥലം അവിടെയല്ല. ആവശ്യമില്ലാതെ അൻപതു കിലോമീറ്റർ ദൂരം അധികമായി വാഹനം ഓടിക്കഴിഞ്ഞിരിക്കുന്നു. വാഹനം ഡ്രൈവർ തിരിച്ചു വിട്ടു.

യാത്രക്കാരൻ ഇതിനിടയിൽ സ്വന്തം ഡയറിയിൽ ഇങ്ങനെകുറിച്ചിട്ടു. യാത്രക്കാരനെകൂടുതൽ ദൂരം കറക്കിയ ശേഷം അതിന് കൂലിവാങ്ങുന്ന ഡ്രൈവർമാർ ഇന്ത്യയിൽ മാത്രമല്ല ഉള്ളത് എന്ന് എനിക്കിപ്പോൾ മനസ്സിലായി.

ഇതിനകം മേൽവിലാസക്കാരന്റെ വീട്ടുമുറ്റത്ത് വി എത്തി. യാത്രാകൂലി ചോദിച്ചപ്പോൾ ഡ്രൈവർ പറഞ്ഞു എനിക്ക് അഞ്ചുകിലോമീറ്റർ ഓടിയതിന്റെ കൂലി തന്നാൽ മതി.

"നിങ്ങൾ അതിന്റെ എത്രയോ ഇരട്ടി ദൂരം വാഹനം ഓടിച്ചുവല്ലോ?"


"എനിക്ക് പറ്റിയ തെറ്റിന് ഞാൻ നിങ്ങളിൽ നിന്നും പണം ഈടാക്കുന്നത് ശരിയല്ല. മേൽവിലാസം തന്നാൽ യാത്രക്കാരനെ ഉദ്ദിഷ്ട സ്ഥലത്ത് എത്തിക്കേത് വാഹനമോടിക്കുന്നവരുടെ ഉത്തരവാദിത്തമാണ്. അതിൽ വീഴ്ചവരുത്തിയത് ഞാനാണ്."

യാത്രക്കാരൻ അത്ഭുതപ്പെട്ടു. ആ ഡ്രൈവർ ഒരു വിഡ്ഢിയാണെന്ന് പറയാൻ കഴിയുമോ?

■

കഥ

# അലാരിപ്പ്



എം.എസ്. കുമാർ



താം തിത്താം തിതാന്തൈ

ഡാൻസ് മാസ്റ്റർ കലാസദനം മുരളിമനോഹർ മാസ്റ്റർ വടികൊ് ടീപ്പോയിലടിയ്ക്കുന്ന താളത്തിനും വായ്ത്താരിയ്ക്കുമനുസരിച്ച് അനുഷമോൾ ചുവടുവെച്ചു. അടുത്തിരിയ്ക്കുന്ന അമ്മമ്മ കൊട്ടുന്ന ചെറിയ കുഴിത്താളതാളത്തിനനുസരിച്ച് ജതികൾ വിടർന്നു. അനുവിന്റെ കുഞ്ഞുപാദങ്ങളിലെ ചിലങ്കകൾ കിലുങ്ങി.

തൈ താംതിത്താം

അലാരിപ്പിന്റെ വായ്ത്താരിക്കനുസൃതമായി ദ്രുതമായും സാവകാശമായും മാസ്റ്ററുടെ തലകുലുക്കത്തിന്നനുസൃതമായി അനുഷയുടെ ചുവടുകൾ നിമ്നവും ഉന്നതവുമായി.

കാലത്തെ പത്രവായനയും ചായകുടിയുമായി സിറ്റൗട്ടിലിരുന്ന് നൃത്തചുവടിന്റെ താളവും മുരളി മാസ്റ്ററുടെ വായ്ത്താരിയും ഞാൻ അൽപാൽപം ശ്രദ്ധിക്കുന്നുായിരുന്നു. ഗേറ്റുതുറക്കുന്ന ശബ്ദം കേട്ട്തലയുയർത്തി. മെലിഞ്ഞ കൃശഗാത്രിയായ ഒരു പെൺരൂപം താളത്തിൽ കാലടിവെച്ച് മുറ്റത്തേയ്ക്കു വന്നു. അനുഷയെനോക്കി പുറത്തു വന്ന ശ്രീമതി പറഞ്ഞു. "ഓളേതോ പുതിയൊരലാരിപ്പ്! മേയ്ക്കപ്പ് ഫോക്ക് ഡാൻസിന്റെയാണല്ലോ."

ഞാൻ സൂക്ഷിച്ചു നോക്കി. മുട്ടുവരെയുള്ള ചുവന്നു മുഷിഞ്ഞ ഫ്രോക്ക്, മഞ്ഞ ജാക്കറ്റ്. ചെമ്പിച്ചുനരച്ചമുടി മേലോട്ടു കെട്ടിയിരിക്കുന്നു. നീല റിബ്ബൺതുമ്പുകൾ കാറ്റിലിളകുന്നു്. രുതോളിലും തൂക്കിയിട്ട തുണിസ്സഞ്ചിയിൽ എന്തൊക്കെയോ കുത്തിനിറച്ചിട്ടു്. തല ഇടയ്ക്കിളക്കുകയും കണ്ണുകൾ ചലിപ്പിക്കുകയും ചെയ്യുന്നു. കുനിന്ന കുഞ്ഞുമോൾ വിളിച്ചു.

ഡാൻസമ്മായി

ശ്രീമതി ഒരഞ്ചുരൂപയുടെ നാണയം അവൾക്കു നേരെ നീട്ടി. ഒന്നു കുണുങ്ങി മുറ്റത്തെ ഇന്റർലോക്ക് ഇഷ്ടികക്കട്ടകൾക്കുമേൽ താളത്തിൽ ചുവടുവെച്ചുനീങ്ങി രൂപവാങ്ങി തോളത്തെ സഞ്ചിയിലിട്ട് താളം ചവുട്ടി നടന്നു നീങ്ങി.

അടുത്ത വീട്ടിന്നു മുന്നിൽ അവൾ നടന്നെത്തുന്നത് ഞാൻ ശ്രദ്ധിച്ചു. മുറ്റത്തെത്തി നാലുപാടും നോക്കി കോളിങ്ങ്ബെൽ അമർത്തി. പുറത്തേക്കു വന്ന കുട്ടികൾ വിളിച്ചുപറയുന്നതുകേട്ടു.

"അമ്മേ ദേ ഡാൻസമ്മായി."

സ്ത്രീയ്ക്ക് ചെറുപുഞ്ചിരിയുായി. അവർകൊടുത്ത നാണ്യത്തുട്ട് തോളത്തെ സഞ്ചിയിലിട്ടു കുണുങ്ങി നടന്നു.

പിന്നെ പലദിവസങ്ങളിലും പിച്ചയാചിച്ചുകൊവൾ വന്നു. ഫ്രോക്കിന്റേയും ജാക്കറ്റിന്റേയും മുടിക്കെട്ടിയ റിബ്ബണിന്റേയും നിറം മാറുന്നുവെന്നല്ലാതെ നടത്തിനോ നൃത്തരൂപത്തിലുള്ള നടത്തത്തിനോ മാറ്റമില്ലായിരുന്നു.

റോഡിലൂടെ നടന്നു നീങ്ങവേ ഒന്നുരു ചെറുപ്പക്കാർ കൂടിനിൽക്കുന്നേടത്തേയ്ക്ക് അമ്മായി നീങ്ങുന്നു. ഒരാൾ ചൂവിരൽ നീട്ടി. ഒന്ന് എന്നർത്ഥത്തിൽ. അമ്മായി സഞ്ചിയെടുത്ത് ഉള്ളിൽക്കൈയ്യിട്ട് അടിയിൽനിന്നൊരു പൊതിയെടുത്തു. പൊതിയഴിച്ച് ഉള്ളിൽനിന്നൊരു ചെറിയ സാധനം പയ്യനു നേരെ

നീട്ടി. അതൊരു ബീഡിയാണെന്നെനിയ്ക്ക് മനസ്സിലായി. മറ്റേ പയ്യൻ രു വിരൽ നിവർത്തി. അമ്മായി രു ബീഡി കൊടുത്തു.

ഡാൻസ് അമ്മായിയുടെ നടത്തത്തിലും വേഷവിധാനത്തിലുമൊക്കെ എന്തൊക്കെയോ ദുരൂഹതയുന്നെനിയ്ക്കു തോന്നി. ഒരു ദിവസം പതിവിലേറെ വൃത്തിയും ഭംഗിയുമുള്ള വസ്ത്രം ധരിച്ചാണവൾ വന്നത്. തോളത്തെ സഞ്ചികൾ പഴയതു തന്നെ. മുടിയിലെ റിബ്ബണ് പതിവിലേറെ വീതിയു്. നിറം കടും ചുവപ്പ്. നെറ്റിയിൽ ചുവന്ന പൊട്ട്.

നർത്തനകാൽവെപ്പോടെ അവൾ കയറിവരുമ്പോൾ മുരളിമനോഹരൻ സാറ് അനിതയുടെ താളം ദ്രുത വും ഉച്ചവുമാക്കി.

തൈ തൈ തിത്തിത്തൈ ശബ്ദം ഉച്ചത്തിലായി. റൂമിന്റെ ജനൽ പാതിയിൽകൂടി ശബ്ദം കേട്ട മുറിയിലേക്ക് നോക്കിയ അമ്മായി ഡാൻസു മാസ്റ്ററെ കു. തലയുയർത്തി നോക്കിയ മാസ്റ്റർ അവളേയും ഒരു നോക്കു കു. മാസ്റ്റർ ശബ്ദതാളങ്ങൾ പെട്ടെന്നു നിർത്തി.

ആ ആ എന്ന് വാ പിളർത്തി അലറിക്കരഞ്ഞുക്കൊ് ഡാൻസമ്മായി റോട്ടിലൂടെ എങ്ങോട്ടെന്നില്ലാതെ കുതിച്ചു ഓടി.

ഞാനും ശ്രീമതിയും കുഞ്ഞുമോളും അത്ഭുതപരതന്ത്രരായി പരസ്പരം നോക്കി. ഡാൻസുമാസ്റ്ററെന്തേ ശബ്ദിച്ചതെന്നു നോക്കാൻ റൂമിലെത്തി. രകൈകൊും താടിയ്ക്കു കൈതാങ്ങി അദ്ദേഹം പ്രതിമ പോലെ ഇരിയ്ക്കുന്നു.

പിന്നീട് വളരെ മാസങ്ങളായി ഡാൻസമ്മായിയെ കാണാതായി. അനുഷയുടെ നൃത്തക്ലാസ്സ് തുടർന്നു കൊിരുന്നു.

അന്നു കാലത്ത് പത്രത്തിന്റെ എട്ടാം പേജിൽ ക വാർത്ത എന്റെ ശ്രദ്ധതിരിച്ചു. യാചകിയുടെ പണം കവർന്ന മൂവർസംഘം പോലീസ് പിടിയിൽ.

"ചെറുതുരുത്തി ബസ്സ് വെയ്റ്റിംഗ് ഷെഡ്ഡിൽ കിടന്നുറങ്ങിയിരുന്ന പിച്ചക്കാരിയുടെ ഭാണ്ഡം പിടിച്ചുപറിച്ച മൂന്നുപേരടങ്ങുന്ന കവർച്ചസംഘത്തെ പോലീസ് അറസ്റ്റുചെയ്തു ലോക്കപ്പിലാക്കി. ഒരു പ്രത്യേകരീതിയിൽ ഭിക്ഷയ്ക്കു നടക്കുന്ന മദ്ധ്യവയസ്ക്കയാണ് കവർച്ചയ്ക്കും പീഡനത്തിനും ഇരയായത്. ഭാണ്ഡത്തിൽ നിന്നും നൂറു ഗ്രാം സ്വർണ്ണവും കഞ്ചാവു പൊതികളും ഏതാനും ബീഡികളും പോലീസ് കടെുത്തു. പ്രതികളുടെ പീഡനത്തിനിരയായ യാചകസ്ത്രീ ആശുപത്രിയിലാണ്."

ഉച്ചത്തിലുള്ള എന്റെ വായനകേട്ട് ശ്രീമതിയും കുഞ്ഞുമോളും പുറത്തേയ്ക്ക് വന്നു. ശ്രീമതി ചോദിച്ചു. ആ പാവത്തിനു വല്ലതും പറ്റിയോ?

ആവോ. വലിയ കഷ്ടായി.

അനീഷയുടെ ഡാൻസ് റൂമിൽനിന്ന് ഹാ എന്ന ഉഗ്രമായ പൊട്ടിക്കരച്ചിൽ. ഞങ്ങൾ ഓടിച്ചെന്നു. കൈകാലുകൾ പരത്തി മുരളിമനോപഹരൻ മാസ്റ്റർ മലർന്നടിച്ചു വീണുകിടക്കുന്നു.

■

കവിത

# ച്യുതി




**ഇന്ദിരാദേവി. എം.**
**നെല്ലിക്കോട്**

പട്ടണ രീതിയിൽ മുങ്ങിപ്പോയിഗ്രാമം
ചിട്ടകളൊക്കെയും മാറിപ്പോയി
ഗ്രാത്തിൻ ഭംഗിയും ഐശ്വര്യ സമ്പത്തും
സ്നേഹ വാത്സല്യവും നന്മകളും
സ്വാർത്ഥ താല്പര്യ കുത്തൊഴുക്കിൽതല്ലി
വ്യർത്ഥമാക്കീടുന്നു മർത്ത്യ ജീവിതത്തെ
നെൽവയലുകളും വാഴത്തോപ്പുകളും
പച്ചക്കറിത്തോപ്പും തോടുകളും
തോട്ടിൻകരയിലെ ചെമ്പരത്തിക്കാടും
മൈലാഞ്ചി അതിരാണി കാക്കപ്പൂവും
കാണുവാനൊട്ടും കഴിയുന്നതില്ലല്ലോ
ചോർന്നുപോയെൻ കൊച്ചുഗ്രാമഭംഗി
ഓലപ്പുരകളും നാലുകെട്ടുകളും
ചാണകം തൂകിയ മുറ്റങ്ങളും
കയ്യാല, തൊഴുത്ത്, പൂന്തോട്ടങ്ങളെന്നിവ
ഐശ്വര്യഗ്രാമത്തിൻ പ്രതീകമല്ലേ
കോൾമയിർകൊള്ളിയ്ക്കും ഗ്രാമനിനവുകൾ
നഗര വിഭ്രാന്തിയിൽ മാഞ്ഞുപോയി
ഗ്രാമീണ നാടക നാടൻ കലകളും
മഴക്കാല നിന്തലും വലവീശലുകളും
കുട്ടികൾക്കാർത്തു കളിച്ചു രസിയ്ക്കുവാൻ
പാടങ്ങളത്രയും കാണ്മാനില്ല
ഇന്നിതാ ഗ്രാമത്തിൻ മാറിപ്പോയാമുഖം
അന്യോന്യമില്ല കടപ്പാടില്ല
അയൽപക്കത്താരെന്നറിയാതെ പോകുന്നു
തൻകാര്യം നോക്കി മരുവീടുന്നു
അന്യ സംസ്ഥാനക്കാർ വന്നു പെരുകുന്നു
ഫ്ളാറ്റ് സമുച്ചയം പൊങ്ങീടുന്നു.
കള്ളവും ചതിയും പെരുകി ഈ ഗ്രാമത്തിൽ
വൃത്തിഹീനമായി ജലാശയങ്ങൾ
പകർച്ച വ്യാധികൾ പെരുകി ഈ ഗ്രാമത്തിൽ
കണ്ണീരൊഴുക്കി എൻ കൊച്ചു ഗ്രാമം
കിണഞ്ഞു ശ്രമിച്ചാലും ആഗ്രഹിച്ചീടിലും
കണികാണാനാകുമോ ഗ്രാമഭംഗി
വേത്ര വെള്ളം പകർന്നു കൊടുത്താലും
വേലിയ്ക്ക് വേര് കിളിർത്തീടുമോ?

ലേഖനം

# മയിലാടും കുന്നുകളിൽ ഇനി മയിലിനെകാണുമോ?



വിനോദ്കുമാർദാമോദർ

നമ്മുടെ ദേശീയ മൃഗമായ കടുവ പൊതുവേ നിബിഢ വനങ്ങളാണിഷ്ടപ്പെടുന്നതെങ്കിൽ ദേശീയ പക്ഷിയായ മയിലിന്റെ സ്വഭാവം തികച്ചും വ്യത്യസ്ഥമാണ്. മയിയുകളുടെ വാസം പൊതുവെ കാട്ടിലാണെങ്കിൽ പോലും അത് നാട്ടിൽ പലയിടത്തും കൂട്ടമായും ഒറ്റയായും നടക്കുന്നത് ഒരു പതിവ് കാഴ്ചതന്നെ. ഇവയുടെ ഈ സ്വഭാവംകൊുതന്നെ ഇവരുടെ വംശത്തിന് വളരെ കൂടുതൽ ഭീഷണി ഉായി തുടങ്ങിയിട്ടു്. മലപ്പുറം ജില്ലയിലെ വിജനമായ കുന്നുകളിൽ മയിയുകളെ ഇത്തരത്തിൽ കുവന്നിരുന്നു.

കേരളത്തിൽ മയിലുകളുടെ വിഹാരകേന്ദ്രമായ കുന്നുകൾ ഭൂരിഭാഗവും ഭാരതപുഴയോടടുത്ത പ്രദേശങ്ങളിലാണ് കുകൊിരുന്നത്. ഇത്തരം കുന്നുകളിൽ ചിലതിൽ ഈ അടുത്ത കാലത്തായി മയിലുകൾ എത്തിപ്പെടാത്തതിനെകുറിച്ച് അന്വേഷിക്കാൻ മയിലാടും കുന്നുകളുടെ പരിസരങ്ങളിൽ ചെന്നു നോക്കിയപ്പോഴാണ് ഞെട്ടിക്കുന്ന ചില കാഴ്ചകൾ കത്.

പണം സമ്പാദിക്കാനുള്ള വ്യഗ്രതയിൽ മനുഷ്യൻ ഭൂമിയോടുകാണിച്ച അതിഭയങ്കരമായ ക്രൂരതയാണപ്രദേശങ്ങളിൽ കപരിസ്ഥിതി. ഇവിടെ സ്ഥിരമായി മയിലുകൾ വിഹരിച്ചിരുന്ന ഒരു കുന്നിന്റെ സ്ഥിതി വളരെ പരിതാപം തന്നെ. ആ കുന്നിന്റെ പകുതി ഭാഗം മണ്ണെടുത്തു വിറ്റു പണമാക്കിയിരിക്കുന്നു. മറ്റൊരു വശത്ത് വൻ കോൺ ക്രീറ്റ് കെട്ടിട പണി നടക്കുന്നു. ഫയലിംഗ് പണിയുടേയും കെട്ടിട നിർമ്മാണത്തിന്റേയും ശബ്ദം തന്നെ അതിരൂക്ഷം. ഇതൊന്നും കൂടാതെ ഇതേ കുന്നിന്റെ മറ്റൊരു ചെരുവിൽ ആയിരകണക്കിന് കല്ലുകൾ ദിവസവും വെട്ടി മാറ്റപ്പെടുന്ന കല്ലു വെട്ടുകുഴികൾ(ക്വോറി) കൾ പ്രവർത്തിക്കുയാണിവിടെ.

തൊട്ടുതാഴെ പേരിന് മാത്രം ഒരു വര പോലെ മൺതിട്ടകളിൽ കൂടി നിളയെന്നറിയപ്പെടുന്ന ഭാരതപ്പുഴ ഒഴുകുവാൻ ആവശ്യമായ വെള്ളമില്ലാതെ മൃതപ്രായയായി ഒഴുകുന്നു. നിള മൃതപ്രായയായതിനു കാരണം കുന്നിന്മേൽനിന്നും



മയിലാടും കുന്നുകളിലെ പക്ഷികളെയും ഇപ്പോൾ കാണാറില്ല



കുന്നുകൾ നശിപ്പിക്കപ്പെടുമ്പോൾ ഇല്ലാതാകുന്ന തവളകൾ. ഇവ ഒന്ന് ഒരുദിവസം ആയിരത്തിലധികം കൊതുകുകളെ തിന്നുന്നതായി കണക്കാക്കപ്പെടുന്നു.

ലേയ്ക്കു നീങ്ങും. ഇവിടെവെച്ചിവർ അധികവും കൊല്ലപ്പെടുകയും ചെയ്യും. മലമ്പാമ്പ് തുടങ്ങിയ ഉരഗവർഗ്ഗങ്ങൾ ഇന്ന് അപൂർവ്വമായി മാത്രം കാണുന്നു. പാമ്പുകളുടെ കുറവു കൂടാതെ തവളകൾ തുടങ്ങിയ ചെറുജീവികൾ അപ്രത്യക്ഷമാവുന്നു. മുമ്പുകാലങ്ങളിൽ മഴ പെയ്യുന്നതോടെ വലിയ തവളകൾ, ഞുകൾ നമിഞ്ച്, ചെറുമത്സ്യങ്ങൾ തുടങ്ങിയവയെ ധാരാളമായി കുവന്നിരുന്നു. കൊതുകുവർഗ്ഗത്തിൽപ്പെട്ട ക്ഷുദ്രജീവികളുടെ വംശവർദ്ധനയ്ക്ക് പ്രധാനകാരണം തവളകളുടേയും മറ്റും വംശനാശം കൊാ

ഒഴുകിവരാറുള്ള വെള്ളമിപ്പോൾ ഒഴുകി എത്തുന്നില്ലാത്തതുകൊ ാം.


ഈ കഴിഞ്ഞ ഭൗമദിവസം പലയിടത്തും സെമിനാറുകളും മീറ്റിംഗുകളും സംഘടിപ്പിച്ചപ്പോൾ ആരും ഈത്തരത്തിലുള്ള ഭൂമിയെകൊല്ലുന്ന കുന്നുകളുടെ കാര്യം ഓർത്തില്ല.

ഈ കുന്നുകളിൽ പണത്തിന് വേി കാണിച്ചുവെയ്ക്കുന്ന ഭൂമിയോടുള്ള ക്രൂരത അവസാനിപ്പിക്കാൻ നടപടികളാണ് ഭൗമദിവസങ്ങളിൽ വേത്.

മയിലുകളും ജീവികളുമടക്കം എല്ലാതര പക്ഷിമൃഗാദികൾ വിഹരിക്കുന്ന പ്രദേശമായിട്ടും ഇവിടെ വനപ്രദേശമല്ലാത്തതിനാൽ വനസംരക്ഷണ നിയമത്തിൻ കീഴിൽ ഇവ സുരക്ഷിതമല്ല.

ഭാരതപ്പുഴയുടെ ഏറ്റവും വീതികൂടിയ, ഒഴുക്കുള്ള പ്രദേശമായിരുന്ന ഇവിടെ മുകളിൽ നിന്നുള്ള ഒഴുക്കു നിലച്ചതിനാൽ നല്ലൊരു ഭാഗം വരു കിടക്കുന്നതു കാണാം.

ഈ പുഴയുടെ നല്ലൊരു ഭാഗം ഒഴുക്കും ഇന്നു നാശോന്മുകമായ ഈ കുന്നുകളുടെ മുകളിൽ നിന്നുമായിരുന്നു. ഇത് നിലച്ചതിനാൽ പുഴമണൽ ഇവിടങ്ങളിൽ ഇക്കാലത്ത് കാണാനില്ല. ചിലയിടങ്ങളിൽ പാറ വരെ കാണാം. ഹൈവേയിൽ നിന്നും



അധികം ദൂരമില്ലാത്ത ചില കുന്നുകളിലാണ് ഈ കാഴ്ച കു വരുന്നത്. ഇത് നടക്കുന്നത് അധികൃതരുടെ മൗന സമ്മതത്തോടെയാണെന്നും പറയുന്നു.

ഇത്തരത്തിൽ കുന്നുകൾ നിരപ്പാകുമ്പോൾ ഇവിടങ്ങളിൽ കാലാവസ്ഥ വ്യതിയാനങ്ങൾ സംഭവിക്കും. അതോടൊപ്പംതന്നെ മലകളിൽ ജീവിയ്ക്കുന്ന ഇഴജന്തുക്കൾ, പക്ഷിമൃഗാദികൾ തുടങ്ങിയവയുടെ പാർപ്പിടം നഗരപ്രദേശങ്ങളി

കുന്നതിന്റെ പരിണിതഫലമാണെന്ന് ആര് ചിന്തിക്കുന്നു? ആർക്കാണതിന് സമയം!.

"നിള" യെന്ന ഭാരതപ്പുഴയുടെ അടുത്തുള്ള ഗ്രാമങ്ങളെ ഏകോപിപ്പിച്ച് ഭാരതപ്പുഴ സംരക്ഷിക്കുവാനുള്ള നീക്കം ഒരു വശത്ത് നടന്നു വരുമ്പോഴാണ് മറുവശത്ത് ഈത്തരത്തിലുള്ള പുഴ നശിയ്ക്കുവാനുള്ള നിർമ്മാണങ്ങൾ നടന്നു വരുന്നത്

■

കഥ

# സൗദമിനിയേടത്തിയുടെ ഖത്തർ യാത്ര



അശോകൻ മല്ലിശ്ശേരി



തുലാമാസം കഴിയാറായി

സൗദാമിനിയേടത്തിയുടെ ഭർത്താവ് കുഞ്ഞമ്പുവേട്ടൻ മരിച്ചതിൽ പിന്നെ തൊടിയൊന്നും നോക്കാറല്ല.

ഉണങ്ങി വീഴുന്ന തേങ്ങ പെറുക്കാൻ പറ്റാത്ത വിധത്തിൽ പുല്ലു പൊന്തിയിരിക്കുന്നു.

സൗദാമിനിയേടത്തി ആലോചിക്കുകയായിരുന്നു പത്തെ തൊടിയെ...

വരമ്പായി മാടിവെച്ച് കന്നുപ്പൂട്ടിയ പാടുകൾ, അതിൽ ആിൽ വന്നെത്തുന്ന വർഷം തളംകെട്ടി നിൽക്കുന്നത് എല്ലാം ഇന്നലത്തെ മാതിരി ഓർമ്മകളുടെ വെളിപാടിൽ തൊട്ടുണർത്തുന്നു.

അയ്യോ, ... ഛെ ...

പേക്കറ്റ് പാൽ കൊുവന്ന ചെക്കനോട് ഒന്നു ചിരിക്കാൻകൂടി മറന്നു. ...

അല്ലേലും ഇത്രപെട്ടന്ന് ...

ഒറ്റ മോളുടെ കല്ല്യാണം നടത്തിക്കാണാനും യോഗമില്ല, മനോധൈര്യ കുറവുകൊുതന്നെ ഇരുപത് തികയുന്നതിനു മുമ്പെ ശാലിനിക്ക് ഒത്ത ആലോചനവന്നപ്പോൾ എല്ലാം മംഗളമാക്കി.

മരുമകൻ വിശാൽ ഖത്തറിൽ ആരോഗ്യവകുപ്പിൽ ഭേദപ്പെട്ട ജോലിയാണ്.

ലീവ് കഴിഞ്ഞ് കൂട്ടികൊു പോയപ്പോൾ പെട്ടെന്ന് മനസ്സിന്റെ ഉണർവ്വ് ചോർന്നു പോയതുപോലെ.

അവൾക്കും അവിടെ ജോലി ശരിയാക്കിയിട്ട്. ഒറ്റക്കായ സങ്കടം അവരിൽ ഒരു സൂചനപോലും കൊടുത്തില്ല.

അവരുടെ ഇനിയുള്ള ജീവിതമല്ലേ വലുത്, മോൾക്ക് വിശേഷമുന്നെ് രാഴ്ച മമ്പേ വിളിച്ചു പറഞ്ഞിരുന്നു.

അതിൽ പിന്നെ എനിക്ക് നിക്കപൊറുതിയില്ല. ഖത്തറിലേക്ക് ഉടനേവരാനുള്ള പറച്ചിലേ ഉള്ളൂ.

എന്റെ പാസ്പോർട്ടൊക്കെ ലീവ് കഴിയുന്നതിനു മുമ്പേ ശാലിനിയുടേതിന്റൊപ്പം എടുത്തു വെച്ചിട്ട്.

സൗദാമിനിയേടത്തിയ്ക്കാണെങ്കിൽ നേരം വെളുത്താൽ ഖദീജുമ്മയുടേയും, നാരായണിയുടെയടുത്തും പിന്നെ കുന്നിന്റെമോളിൽ ശങ്കരേട്ടന്റെടുത്തും ഒന്നു മുഖം കാണിച്ചില്ലെങ്കിൽ ഉറക്കം വരാത്തമാതിരിയാണ്.

മറ്റെന്നാൾ ഖത്തറിൽ പോകാനുള്ളതുകൊ് പിന്നെ പറയാനുേ ...

എല്ലായിടത്തും ഒന്നുചുറ്റുന്നു.

മനസ്സിന്റെ അകത്തട്ടിൽ അറിയാതെ വരുന്ന സ്നേഹത്തിന്റെ കുത്തൊഴുക്കിൽ ജാതി

# GLAMOUR GENTS WEAR

Naluparambil Complex, Mankave, Calicut - 7

9847756569

***Pants, Jeans, Shirt, T-Shirts etc....***

---

ഓം നമഃശിവായ

ദിനേശ് കെ.ടി – Mob : 9946309061

## നീലഗിരി പൂജാസ്റ്റോർ

ദേരാബസാർ ബിൽഡിംഗ്

തളിറോഡ് കോഴിക്കോട് – 2

ഫോൺ : 0495 2702176

എല്ലാ പൂജാസാധനങ്ങളും ഇവിടെ കിട്ടും

---

India's No - 1

## AKSHAYA WATER PROOFIN

29/851, Kottoli, Mavoor Road,Kozhikode - 673016

*Mob : P.P. Pradeep - 9447312616, 9037940457*

*Email: aakshayawaterproof@gmail.com*

ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം
ഗ്യാരിയോടുകൂടി ചെയ്തുകൊടുക്കുന്നു.

---

## ന്യൂകാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്

മൂരിയാട് റോഡ്

പുതിയപാലം, കോഴിക്കോട്

കാർ സ്പ്രേപെയിന്റിങ്ങ്, ബോഡി വർക്സ്,
എഞ്ചിനീയറിംഗ് വർക്ക്സ്

ഫോൺ : മണി 9846386998

---

രുചികരമായ ഭക്ഷണ പദാർത്ഥങ്ങൾക്ക്

## ടീ.പീ. ടീ സ്റ്റാൾ

കുറ്റിയിൽതാഴം,

കോഴിക്കോട്

മനോജ് 9847915793

---

# Highness Cool

Refrigeration & Air Conditioning

NEAR POST OFFICE, MANKAVE, CALICUT-7

(Service for A/C, Fridge
Washing Machine, Spray Painting, etc.)

***Mob: 9349810003***

---

## MANAMKULAM ENTERPRISES

Chalappuram P.O., Calicut-673 002, Kerala

Ph: Off: 2302884, Res: 2301916 Mohammed Ashraf: 9847755130

WHOLE SALE DEALER OF ANCHOR PLYWOOD

Dealers: Plywoods, Laminated Sheets, Black Boards,
Aluminium Items, Hardware, Timbers etc.

---

## MANAMKULAM TIMBERS

Chalappuram P.O., Calicut-673 002, Kerala

**Whole sale and Retail dealer of All types of Timber logs & sizes, Nilotika sizes available**

**Ph: Abdul Nazer - 9847010745**

**Mohemed Faizel - 9847133878**

---

## P.V. ENTERPRISES

**DEALERS IN ELECTRICAL & PLUMBING MATERIALS**

17/1894/A6, Abba Arcade Building,

East Kottaparamba,

G.H. Road, Kozhikdoe-1.

Ph:0495 4025101, 3042762 Mob: 9387338100

---

## വിനായക

വെജിറ്റേറിയൻ റെസ്റ്റോറന്റ് & കൂൾബാർ

ശ്രീ വളയനാട് ക്ഷേത്രം കിഴക്കേനട,

കോഴിക്കോട്

ഫോൺ : പപ്പൻ – 9400741434

---

## *Sree Lakshmi Enterprises*

24/1410-D, Thalikulangara, Mankave,

Calicut - 673 007Ph: Off: 9847140046

Mob: Ramesh : 9847005566

Dealers in

Johnson & Johnson, PEDI GREE (Dog & Cat Food)

---

## CRAFT "N" STYLE

Wood Designers

Manalody Compound, Mankave, Calicut -7

## CRAFT "N" STYLE

Tool Grinding Centre, Kallai Road,Calicut-3

Mob:A.K.Ajayan

9526368402,9539691872

Email:ajayanwok06@gmail.com

യുടേയും മതത്തിന്റേയും വേർതിരിവ് ഒട്ടും ഇല്ലാതിരുന്നത് കുഞ്ഞമ്പുവേട്ടന്റെ കാഴ്ചപ്പാടിലുള്ള ശരിയുടെ പക്ഷത്തേക്കുള്ള ചായ്‌വ് പകുത്തുകിട്ടിയതുകൊല്ലേ ...

ചെറിയ ആങ്ങള ഉത്തമൻ എയർപോട്ടിലേയ്ക്ക് കൂട്ടിന്ന വന്നു. സാധാരണ പെണ്ണുങ്ങൾക്കുള്ള മാതിരി വേവലാതിയൊന്നും സൗദാമിനിയേടത്തിക്കുായിരുന്നില്ല.

എല്ലാകാര്യവും ശാലിനി മുമ്പെത്തന്നെ മനസ്സിലാക്കികൊടുത്തിരുന്നു.

സീറ്റിൽ ഒപ്പം ഇരിക്കുന്നയാൾ ചെറിയ ചെറിയ സഹായങ്ങൾ ചെയ്തുകൊടുത്തു.

മോന്റെ പേരന്താ?...

എവിടാ വീട് ... മക്കള് ...

ഒറ്റയടിക്കുള്ള ചോദ്യങ്ങൾ കേട്ട് മാധവൻകുട്ടി മറുപടിയൊന്നും പറഞ്ഞില്ല. മൂപ്പര് ബിസിനസ്സിന്റെ എന്തോ അത്യാവശ്യ കാര്യത്തിന് പോകുകയാണ്, കൂടുതൽ വർത്തമാനം പറയാത്തയാളുമാണ്.

എന്നാലും സൗദാമിനിയേടത്തി തുടർന്നുകൊിരുന്നു.

എനിയ്ക്ക് ഏറെ രസമായിതോന്നിയതു മോനേ...

എയർപോട്ടിലേയ്ക്ക് വരുന്ന വഴിക്ക് റോഡോരത്ത് വലിയ വലിയ പ്ലാസ്റ്റിക്കിന്റെ നിറമാർന്ന ബോർഡുകളായിരുന്നു.

അതിൽ പന്തും കൊടികളുമൊക്കെയാണ്.

എവിടേയും നമ്മുടെ കൊടി കില്ല ...

ഇതൊക്കെ ആരാ തൂക്കികെട്ടുന്നത് ...

അതൊക്കെ നാട്ടിലെ ചെറുപ്പകാരുടെ പണിയാ ചേച്ചി ...

എന്താ മോനെ...

ആർക്കും മനസ്സിലാകാത്ത കുറേ മോന്തയുള്ള യാൾക്കാര്

എന്റെ തൊട്ടേന്റപ്പുറത്തുള്ള സുലോചനേടത്തീന്റെ വീടിന്റെ മോന്തായത്തിൽ രണ്ണെം കെട്ടിക്കാണങ്കിൽ സൂക്കേടായ ഓനും ഓക്കും ചോരണ മഴ കൊള്ളില്ലായിരുന്നു.

ഈ ചെറുപ്പക്കാർക്ക് എന്താ പറ്റീത് ...

പാെക്കെ ഞങ്ങളെ വായനശാല അമ്പലംമാതിരി യായിരുന്നു. വൈകുന്നേരമായാൽ എല്ലാചെറുപ്പകാരും കയ്യിൽ പുസ്തകവുമായി നടന്ന്പോകുന്നത് കാണാമായിരുന്നു.

ഇന്റെ ആങ്ങളമാരുടെ വിരിപ്പിന്റടീല് വായനശാല യുടെ സീലടിച്ച രും മൂന്നും പുസ്തകങ്ങൾ കാണുമായിരുന്നു.

ഞാനും വായിക്കും ... വായനകൂടുമ്പോൾ അമ്മ ചീത്തപറയും ...

ഓര് പന്ത് കളീലും കേമൻമാരായിരുന്നു.

ഒരാൾ വാദ്ധ്യാരും മറ്റ് രാള് പട്ടാളത്തിലും

ഉത്തമൻ ലീവിൽ വന്നിട്ട്

മാധവൻകുട്ടി ഒന്നും കേട്ടില്ല. നല്ല ഉറക്കത്തിലാണ് കൂളിംഗ് ഗ്ലാസ്സ് ധരിച്ചതെന്തിനാണെന്ന് സൗദാമിനിയേടത്തിക്കും മനസ്സിലായില്ല.

ഖത്തർ എയർപോട്ടിൽ മരുമകൻ വിശാൽ കാത്തിരിക്കുന്നുായിരുന്നു. ശാലിനി വന്നിട്ടില്ല. മിപറഞ്ഞതിനുശേഷം അപ്പാർട്ടുമെന്റിലേക്ക് പുറപ്പെട്ടു.

സൗദാമിനിയേടത്തി യുടെ കണ്ണുകളിൽ പുറം കാഴ്ചകൾ തൊട്ടു തലോടുന്നുായിരുന്നു.

കടൽമാതിരി കിടക്കുന്ന സ്ഥലങ്ങൾ. മണലിൽ അങ്ങിങ്ങായ് പച്ചപ്പും വരവരയായി നീു നിൽക്കുന്ന റോഡുകൾ കുും കുഴിയും ഇല്ലാത്തതുകൊ് മിന്നൽവേഗത്തിൽ പോകുന്ന വാഹനങ്ങൾ ഒക്കെ ഒരു കൗതുക കാഴ്ച തന്നെയായിരുന്നു.

ശാലിനി അമ്മയെ കെട്ടിപിടിച്ച് പരസ്പരം ഉമ്മ വെച്ചു. അമ്പിളിയമ്മാവനെകാണിച്ച് അന്നം തീറ്റിയ കൈകൾ അറിവിന്റെ ആദ്യാക്ഷരങ്ങൾക്ക് ഭാവനനൽകിയ സ്നേഹത്തിന്റെ തുടിപ്പ്. ശാലിനിയുടെ ഹൃദയത്തിൽ സങ്കടവും സന്തോഷവും തുളുമ്പി നിന്നു.

രുപേരും ഒന്നിച്ചു പറഞ്ഞു ഇന്നു ലീവെടുത്തതാണ്.

സൗദാമിനിയേടത്തി യുടെ മനസ്സിൽ നാളെ പകൽ സമയം മകളോടൊത്ത് കഴിയാമെന്നായിരുന്നു.

രാത്രി നല്ല തണുപ്പ് ഏറെനേരം സംസാരിച്ചു യാത്രാക്ഷീണം കാര്യമായി തോന്നിയില്ല.

അടുക്കളയിലെ ശബ്ദം കേട്ടാണ് ഉണർന്നത്.

പാതിരാത്രിമാതിരി യാണ് തോന്നിയത്

മെല്ലെ എണീറ്റ് ചെന്ന് ചോദിച്ചു.

ഇത്രനേരത്തെ ഇങ്ങള് എന്താ ചെയ്യിണ് മക്കളേ ...

ശാലിനി പറഞ്ഞു ...

ഏഴുമണിക്കുമുമ്പേ ഞങ്ങൾക്ക് പോകണം. അതിന്നുമുമ്പെ അമ്മയ്ക്ക് വേതൊക്കെ ചെയ്യുകയാണ്.

ആലോചിക്കുകയായിരുന്നു ശാലിനിയുടെ മാറ്റങ്ങൾ

നാട്ടിൽ പരിഭവത്തോടുകൂടി എണീറ്റ് കടമയ്ക്കെന്ന പോലെ ചെറിയചെറിയ പണികൾ ചെയ്തിരുന്നത്. ഇപ്പോൾ ഏഴുമാസത്തിനുള്ളിൽ എത്ര മാറിയിരിക്കുന്നു. ഒരു കുടംബിനിക്ക് വേത് അവൾക്ക് പകുത്തു കിട്ടിയിരിക്കുന്നു. മനസ്സ് നാട്ടിലേക്ക് പോകാതിരിക്കാൻ കഴിഞ്ഞില്ല.

അടുക്കളയിലേക്ക് ഒഴുകി വരുന്ന മുളക്കുയിൽനിന്നുള്ള ശീൽക്കാര ശബ്ദങ്ങൾ ഒപ്പം പക്ഷികളുടെ സംഗീത മാധുരിയും. ഇവിടെയാണെങ്കിൽ 21 -ാമത്തെ നിലയിൽ പതിക്കുന്നത് കാറ്റിന്റെ ഒരുതരം വിഷാദ ശബ്ദങ്ങൾ.

ശാലിനിയോട് പറഞ്ഞു ...

നാളെ ചായയ്ക്കുള്ളത് മാത്രം ചെയ്താൽമതി. ബാക്കിയൊക്കെ ഞാൻ നോക്കിക്കൊള്ളാം സാധനങ്ങളൊക്കെ എവിടെയാണെന്ന് കാണിച്ച് തന്നാൽമതി.

ഏഴുമണിയ്ക്കു മുമ്പേത്തന്നെ തയ്യാറായി

പോകുന്നതിനു മുമ്പേ ശാലിനി അമ്മയോടു പറഞ്ഞു

മുൻവശത്തെ വാതിൽ അടച്ചതിനു ശേഷം തുറക്കേ.







# t{]man-\âv tImtfPv

Ipf-§c]oSn-I, tImgn-t¡mSv þ 7, t^m¬: 0495þ 3273012, 82810



**Classes for :**

**V to X** (Eng & Malayalam Medium)
**+1,+2 Science, Commerce & Humanities** (All Subjects)
**English & Hindi**
**BA/ BSc/ B.Com-** English
**B.Com**(Corporate Accounting, Cost Accounting, Management Accounting & Income Tax)
4/1 girl student picture



കാറ്റില്ലാത്ത സമയംനോക്കി ബാൽക്കണിയുടെ വാതിൽ തുറന്ന് വേണമെങ്കിൽ അമ്മ അവിടെ ഇരുന്നോളൂ.

അമ്മമ്മോ ...

പത്തര ആയിട്ടേ ഉള്ളൂ

എന്തൊരു ചൂട് ....

എന്തൊരു കാറ്റ് ...

എങ്ങിനെയാണ് മക്കളൊക്കെ ഇവിടെ പണിയെടുക്കുന്നത്

ഒരുവിധം സന്ധവരെ കഴിച്ചുകൂട്ടി.

ഇരുട്ടായപ്പോഴാണ് രു പേരും എത്തിയത്.

അവർക്ക് മുഖത്ത് നല്ല ക്ഷീണമു്.

ഇന്നലെത്തെ സന്തോഷം ഇന്നു കില്ല. അതുകൊ് അങ്ങോട്ടൊന്നും ചോദിച്ചില്ല.

എന്തെങ്കിലൊക്കെ മിിപ റയാമെന്ന് വിചാരിച്ചിരിക്കയായിരുന്നു. പക്ഷേ,...

തുടർന്നുള്ള ദിവസങ്ങളിലും ഏറെകുറെ ഇതുമാതിരിത്തന്നെ. മനസ്സിന്റകത്ത് ഒരുതരം വീർപ്പുമുട്ടൽ

ഉച്ചയായപ്പോൾ മുൻവശത്തെ വാതിൽ പാതിമെല്ലെ തുറന്നുനോക്കി.

വാതിൽ തുറന്ന ശബ്ദം തിരിച്ചറിഞ്ഞിട്ടാകാം തൊട്ടു മുന്നിലത്തെ വീട്ടുകാരുടെ വാതിൽ തുറക്കുന്ന ശബ്ദവും കേട്ടു . പാതിതുറന്ന വാതിലിനു പിന്നിലായി പുറത്തേക്ക് തലയിട്ട് പർദ്ദധരിച്ച സമപ്രായം തോന്നിക്കുന്ന ഒരു സ്ത്രീ ...

നോക്കി ചിരിച്ചു.

അങ്ങോട്ടു ചോദിച്ചു

ഇങ്ങളെ പേരെന്താ?

ചിരിമാത്രം

പിന്നെ വിമാനത്തിൽ മാധവൻകുട്ടിയോടു പറഞ്ഞമാതിരി നിർത്താതെ മനസ്സിൽ വിങ്ങിനിന്നത് എന്തൊക്കെയോ പറഞ്ഞ് തീർത്തു.

അത് കഴിഞ്ഞ് പർദ്ദധരിച്ച സ്ത്രീയും തിരിച്ച് എന്തൊക്കെയോ പറഞ്ഞു.

പരസ്പരം രു പേർക്കും ഒന്നും മനസ്സിലായില്ലങ്കിലും രുപേരുടേയും അവസ്ഥ ഒരുപോലെയെന്ന് അവർക്കിരുവർക്കും അറിവായിരുന്നു.

ഉച്ചകഴിഞ്ഞ് ഇരുവരും ആംഗ്യഭാഷയും വർത്തമാനവും ഇടകലർത്തിയായിരുന്നു സന്ദേശങ്ങൾ.

രാമായണ പാരായണവും, ഖുർആനും ചൊല്ലുന്ന ഇവരുടെ ഹൃദയത്തിൽ ജാതി മത വിചാരങ്ങൾക്കപ്പുറം ജീവിതത്തിന്റെ അടിത്തട്ടിൽ സ്നേഹത്തിനും, രക്തത്തിനും നിറമില്ലെന്ന് മനസ്സിലാക്കിയത് ബിരുദാനന്തര സർട്ടിഫിക്കറ്റുകൾ കൈവശമുായിരുന്നിട്ടല്ലെന്നുള്ളതല്ലെ സത്യം

ഇതൊന്നും ശാലിനിയും വിശാലും അറിഞ്ഞിരുന്നില്ല.

കുറച്ചു ദിവസം കഴിഞ്ഞ്

ഇരുവർക്കും അത്യാവശ്യം വേ സാധനങ്ങളുടേയും ഒപ്പം അലങ്കാരവാക്കുകളും അവരറിയാതെത്തന്നെ മനസ്സിലാക്കി

മെല്ലെ മെല്ലെ ...

പത്ത് പേരോളം വരുന്ന സമപ്രായക്കാർ ഒത്തു ചേർന്നത് അവർക്കു ത്തന്നെയറിയില്ലയെങ്ങനെയെന്ന്.

ബുധനാഴ്ച ശാലിനിയെ ഡോക്ടറെ കാണിക്കേതുകൊ് അവർനേരത്തെവന്നു.

ബല്ലടിച്ചിട്ടും വാതിൽ തുറക്കുന്നില്ല.

നോക്കിയപ്പോൾ പുറത്തുനിന്നും പൂട്ടിയിട്ടു്

രുപേർക്കും പേടിയായി

ശാലിനി കരയുന്നു്

പെട്ടെന്നുതന്നെ ഒരുവിധത്തിൽ ലിഫ്റ്റിൽ അവർതാഴേയ്ക്കെത്തി ചുറ്റും നോക്കി ...

വിശാലാണ് ആദ്യം കത്

പെട്ടെന്ന് ആരും കാണാത്ത ഒരുമൂലയിലെ പച്ചപുല്ല്മേഞ്ഞ ലോണിൽനിന്നും അമ്മ പാടുകയാണ്

മറ്റുള്ളവർ എല്ലാവരുംകൂടി ചുറ്റും ഇരുന്ന് കൈ – കൊട്ടുന്നു്.

ശാലിനിക്കും വിശാലിനും ഒന്നും മനസ്സിലായില്ല.

പക്ഷേ ....

സൗദാമിനിയേടത്തിക്കു മാത്രം എല്ലാം മനസ്സിലായിരുന്നു.

■

കവിത

# വേര്

സറ്റ്ല വി.കെ

ഇലകൾ അലസമായ് കുടഞ്ഞീടുന്ന
മഴത്തുള്ളികളെ
എത്ര ആർത്തിയോടെയാണ്
വേരുകൾ ഊറ്റിക്കുടിക്കുന്നത്!
ഇലകൾക്കറിയില്ലല്ലോ....
ഉമിനീരു വറ്റിയ
വേരുകളുടെ ദാഹം
പൂക്കളൊരിക്കലും കിരുന്നില്ല
വസന്തത്തിനായ്
മണ്ണിന്റെ മാറ് പിളർത്തിയ വേരുകളെ




(കഴിഞ്ഞലക്കം തുടർച്ച)

**നോവലറ്റ് രചയിതാവ്**



**രത്നാകരൻ ചെറുവത്ത്**

നിന്നെ ലഭിക്കുന്നത് ജീവിതവും നഷ്ടപ്പെടുന്നത് നഷ്ടവും ആണ്.

സ്നേഹിതാ വെറും ബാലിശമായ ജല്പനങ്ങളായിരുന്നില്ല. സത്യം അതാണ്. ഈ അറുപത്തഞ്ചാം വയസ്സിൽ നന്ദഗോപാൽ എന്ന ഈ പഴയ വില്ലേജ് ഓഫിസ് ക്ലാർക്ക് വീും അല്ലാതെ ഇവിടേക്ക് വരുമോ?

ശുദ്ധ ഭ്രാന്ത്. പക്ഷേ അതീവ ഹൃദ്യമായ ഭ്യാന്ത്. നാല്പതു വർഷം സൂക്ഷിച്ചു കൊുനടന്ന ഓർമ്മ ചെപ്പുകളുമായി ഈ ജീവിത സായാഹ്നത്തിലും ഇവിടെയിരിക്കുന്നു. അല്ലാതെന്താ? നിങ്ങൾ അങ്ങനേയേ കരുതൂ ഈ നന്ദു എന്ന നന്ദഗോപാൽ എന്ന എന്നെക്കുറിച്ച്.

എന്തോ ഇന്ന് വല്ലാതെ തണുക്കുന്നു.

ആയുസ്സ് നീട്ടി കിട്ടിയെങ്കിൽ നാളേയും യക്ഷിപ്പാറയിലെ ഈ പാറപ്പുറത്ത് നമുക്ക് സന്ധിക്കാം. ഞാൻ രാമൻകുട്ടിയുടെ കടയിലേക്ക് പോകുകയാണ്.

അവിടന്ന് അത്താഴം കഴിക്കാം. പക്ഷേ ഒരു കാര്യം പുാക്കിയിരുന്നതു പോലത്തെ ഉച്ച ഭക്ഷണത്തിന്റെ രസം ഇപ്പോഴുാകില്ല.

ഉച്ചക്ക് ബാക്കിയുെങ്കിൽ അത് ചൂടാക്കി തരും. കുറ്റം പറയരുതല്ലോ. ബാക്കി വരുന്നത് പിന്നെ കളയാനൊക്കുമോ? അതും അന്നം.

പാറപ്പുറത്ത് നിന്ന് താഴോട്ട് സൂക്ഷിച്ചിറങ്ങണം. പാറകളിൽ നല്ല വഴുക്കാണ്. വീണാൽ അടിവാരത്തെത്താൻ വലിയ പ്രയാസമുാകില്ല. ചിലപ്പോൾ ചായക്കടയുടെ മുകളിൽ എത്തിയെന്നും വരും.

ചായക്കടയിലെ ചിമ്മിനി വിളക്കിന് ചുറ്റും ഇയാംപാറ്റകൾ വട്ടമിട്ടു പറക്കുന്നു. എല്ലാറ്റിനും തീയെ ചുംബിക്കാനുള്ള ധൃതി. ആത്മഹത്യയുടെആവേശം.

ഇന്നലെയും മഴ പെയ്തിരുന്നു.

ചായക്കടക്കാരൻ രാമൻക്കുട്ടി കാത്തിരിക്കയാണ്. ഒന്നും വ്യക്തമല്ലാത്ത അയാളുടെ മുഖം. കരി പിടിച്ച പഴയ റാന്തൽ അതിന്റെ ദുഃഖത്തിന്റെ മ്ലാനത അറിയിക്കാനെന്നപോലെ അല്പം പ്രകാശം തരുന്നു. സിറ്റിയിൽ ഇന്നെല്ലാവരും കണ്ണഞ്ചിക്കുന്ന എൽ. ഇ. ഡി മെർക്കുറി ലൈറ്റ് പരിചയിച്ചതല്ലേ.

പാൊക്കെ റാന്തൽ വെട്ടത്തിലും ഒരാളുടെ മുഖവും പരിസരവും എല്ലാം വ്യക്തമായിരുന്നു.

ഇന്ന് കാലത്തിന്റേയോ വിളക്കിന്റേയോ അതോ കാഴ്ച ശക്തിയുടേയോ അപര്യാപ്തത എന്തോ എല്ലാം അവ്യക്തമാക്കുന്നു.

കൈകഴുകൂ. അത്താഴം കഴിക്കാം പൂപ്പൽ പിടിച്ച് നിറം മങ്ങിയ സിമന്റ് ചട്ടിയിൽ തണുത്ത വെള്ളം. അലൂമിനിയ പാട്ടകൊ് മുക്കിയപ്പോൾ കറ്കയറിയ പോലത്തെ തണുപ്പ്. മൂലയിലുള്ള പഴകിയ നീളൻ ബഞ്ചിൽ പോയിരുന്നു.

ഇലവെച്ചു ചോറുവിളമ്പി. കുപ്പി ഗ്ലാസ്സിൽ കഞ്ഞിവെള്ളം പകർന്നു. പച്ചകറിയും അച്ചാറും പപ്പടവുംരാമൻകുട്ടി കൊുവെച്ചു.

എല്ലാം യാന്ത്രികമായി ചെയ്യുന്നു. യാതൊരു ഭാവപ്രകടനങ്ങളും ഇല്ലാത്ത ദുരൂഹ നിസ്സംഗത!

ചൂട് ചോറ് കുഴയ്ക്കുന്നിതിനിടയിൽ ചോദിച്ചു.'രാമൻകുട്ടിക്ക് എന്നെ മനസ്സിലായോ?'

സമാവറിലെ കരി കളയുന്നതിനിടയിൽ രാമൻകുട്ടി തിരിഞ്ഞു നോക്കി. അല്പനേരം കണ്ണിമയ്ക്കാതെ തുറിച്ചു നോക്കി.

ഇരു വെളിച്ചത്തിലും ചേതനയില്ലാത്ത ആ കണ്ണുകളിൽ ആശ്ചര്യത്തിന്റെ അകമ്പടിയോടെ പ്രകാശം കടന്നു വന്നത് ശ്രദ്ധിക്കുകയായിരുന്നു.

'നന്ദു സാറോ?'

'ഉം മനസ്സിലായി ഇല്ലേ?'

ഒരു നീ നെടുവീർപ്പ്. സമയം തെന്നി മാറുന്നത് എത്ര വ്യക്തമായാണ് അനുഭവപ്പെടുന്നത്-!

ഇടറിയ കാൽവെപ്പോടെ ശക്തി ക്ഷയിച്ച കാലുകൾ മുന്നിലിരുന്ന ബഞ്ചിനടുത്തെത്തി. അതിൽ പിടിച്ചിരുന്നു.

'രാമൻകുട്ടിക്ക് സുഖം തന്നെയല്ലേ-?'

കാറ്റടിച്ചു തിളങ്ങുന്ന സമാവറിലെ കനലിലേക്ക് രാമൻകുട്ടിയുടെ കണ്ണുകൾ എന്തോ പരതി.

കാലം കത്തിച്ചു ചാമ്പലാക്കിയ മോഹങ്ങളെ ആ കണ്ണുകൾ തിരഞ്ഞു.

ഒരു കാലത്ത് ദുരഭിമാനവും അഹങ്കാരവും കൊ് ജ്വലിച്ചിരുന്ന കണ്ണുകൾ ഇന്ന് ദയനീയതയുടേയും, പശ്ചാത്താപത്തിന്റേയും നീർത്തുള്ളികളാൽ നിറഞ്ഞിരിയ്ക്കുന്നു.

ചോദിക്കാൻ മനസ്സ് വെമ്പി. 'അവൾക്ക് സുഖാണോ?' ഈ മൗനം ഒരുവല്ലാത്ത വിമ്മിട്ടംതന്നെ. 'വീും ചോദിച്ചു. നിങ്ങൾക്കെത്ര കുട്ടികള്?'

വീഴാതിരിക്കാൻ അയാൾ ബഞ്ചിൽ അമർത്തി പിടിച്ചു കൊു പറഞ്ഞു. 'അവൾ പോയി.'

കനത്ത നിശ്ശബ്ദത. വെളിയിൽ മഴചാറ്റലിന്റെ ശബ്ദം കനത്തു. ഇടക്കിടെ പ്രകാശിക്കുന്ന കൊള്ളിയാൻ രാമൻകുട്ടിയുടെ കണ്ണിലെ പശ്ചാത്താപത്തിന്റെ കണ്ണീർത്തുള്ളികളെ രക്ത വർണ്ണമാക്കി.

'എങ്ങിനെ? എന്തായിരുന്നു അസുഖം?'

രാമൻകുട്ടിയുടെ നയനങ്ങളിൽ നിന്നും വീും നീർതുള്ളികൾ ഇറ്റു വീണു. നേരിയ വിറയൽ ആ ശരീരത്തെ പിടിച്ചുലച്ചിരുന്നു.

ഒരു മറുചോദ്യമാണയാളുടെ വായിൽനിന്നുതിർന്നത്.

'നന്ദു സാറ് കല്യാണം കഴിച്ചില്ലേ-?'

'ആരെ?' ആന്തരികമായ തേങ്ങലിൽനിന്ന് അയാളുടെ ചോദ്യത്തിന് ഉത്തരം ഒരു



മറുചോദ്യമായാണ് തിരിച്ചു വന്നത്

അത് അയാളെ കൂടുതൽ നിരാശനാക്കി

രാമൻകുട്ടി ഇടറിയ കാൽവെപ്പോടെ അടുത്തെത്തി വിറയ്ക്കുന്ന കൈകളാൽ കരം ഗ്രഹിച്ചുകൊ് ചോദിച്ചു. 'എനിക്ക് മാപ്പ് തരില്ലേ നന്ദുസാറെ?'

'സൂര്യകാന്തി?. അവൾക്കെന്തുപ്പറ്റി?' വിങ്ങുന്ന മനസ്സോടെ അയാൾ രാമൻകുട്ടിയെ നോക്കി.

'സാറിന്റെ കൂടെ പുറപ്പെട്ട അവളെ ഞാൻ ബലമായി പിടിച്ചു മുറിയിലിട്ടു പൂട്ടി

അവൾ എന്നെ വെറുത്തിരുന്നെങ്കിലും അവളെ പിരിഞ്ഞിരിക്കാൻ എനിക്ക് കഴിയില്ലായിരുന്നു. എന്റെ മുറപ്പെണ്ണാണവൾ. അവളെ ആരും നോക്കുന്നതുപോലും ഞാൻ സഹിച്ചില്ലഎന്നാൽ സാറിനെയാണവൾ സ്നേഹിച്ചത്. എന്റെ അവകാശബോധമായിരിന്നിരിക്കാം അവളെ ഞാനാർക്കും വിട്ടു കൊടുക്കില്ലായിരുന്നു.'

'അവളെ നിങ്ങൾ വിവാഹം കഴിച്ചില്ലേ?'

'ഇല്ല! അവൾ സമ്മതിച്ചില്ല!

അവൾ സാറിനെ അത്രയും സ്നേഹിച്ചു. എന്റെ സ്വാർത്ഥതയും അഹങ്കാരവും സാറിനെഇവിടെ നിന്നും പറഞ്ഞയക്കാൻ നിർബന്ധിതനാക്കി.

അവൾ ഉറപ്പിച്ചു സത്യം ചെയ്തു ജീവിയ്ക്കുന്നത് സാറിനോടൊപ്പം അല്ലെങ്കിൽ മരണം. ഞാൻ തോറ്റു പോയി സാറെ. പിന്നെ ഇവിടേക്കൊന്നും വന്നില്ല സാറും.'

'രാമൻകുട്ടി അവളെ വിവാഹം ചെയ്തുകാണും. പിന്നെയെന്തിന് നിങ്ങളുടെ ജീവിതത്തിന്റെ താളം തെറ്റി

യ്ക്കാൻ ഞാൻ തിരിച്ചു വരണം?'.

'വലിയ അബദ്ധമായിപ്പോയി സാറെ.

ആർക്കും അവളെ സമാധാനിപ്പിക്കാൻ കഴിഞ്ഞില്ല. സ്നേഹമോ ഭീഷണിയോ ഒന്നും അവൾ ശ്രദ്ധിച്ചില്ല. ഏഴു ദിവസത്തെ തടവിനു ശേഷം ഞാനവളുടെ മുറി തുറന്നു. സാറ് കടന്നു പോയ വഴിയിലേക്ക് നോക്കി കണ്ണുനീരൊഴുക്കി അവൾ നിന്നു. ഒരക്ഷരം ഉരിയാടിയില്ല.

പെട്ടന്ന് അവൾ തിരിഞ്ഞു. അവൾ യക്ഷിപ്പാറയെ നോക്കി ചിരിച്ചു.

രാമേട്ടന് എന്നെ കല്യാണം കഴിക്കഠേ?

അവൾ ചിരിച്ചുകൊുറക്കേ വിളിച്ചു ചോദിച്ചു. ചിരിയായിരുന്നില്ല സാറെ അത്. ഒരട്ടഹാസമായിരുന്നു. അതിൽ പ്രതികാരാഗ്നി ജ്വലിച്ചിരുന്നു. എന്നിലെ സ്വാർത്ഥതയും അഹങ്കാരവും വിറപൂു. ഞാൻ വിവശനായി. അന്ധാളിച്ചു വിയർത്തൊഴുകി. ആ ചിരി അനവധി രൂപം ധരിച്ച് എനിക്ക് ചുറ്റും ഒരു പരിഹാസത്തിതന്റെ കോട്ട തീർത്തു.

അവളുടെ ചിരിയിൽ എന്റെ സ്വാർത്ഥതയുടെയും അഹങ്കാരത്തിന്റേയും ചിരി അമർന്നില്ലാതായി എന്റെ ചുുകൾ ചിരിക്കാൻ മറന്നു. ചിരിക്കാനുള്ള സന്തോഷം നൽകാൻ മനസ്സിനോ മറ്റു സംഭവങ്ങൾക്കോ കഴിയാതെ പോയി.

അവൾ യക്ഷിമലയിലേക്കോടി.

ഞാൻ ഇളകാൻ കഴിയാതെ തരിച്ചു നിന്നു.

കുറച്ചു കഴിഞ്ഞു ഞാൻ സമചിത്തനായി. അവളുടെ പിറകേ ഒടി. അവളുടെ അടുത്തെത്താൻ കഴിഞ്ഞില്ല. എന്തൊരു വേഗതയാണവൾക്ക്. നിങ്ങൾ പാട്ടു പാടിയിരുന്ന പാറയ്ക്കു മുകളിൽ അവൾ ഓടിക്കയറി.

കിതച്ചുകൊ് ഞാൻ അവളുടെ അടുത്തേക്ക് നടന്നു. ഞാൻ നോക്കി നിൽക്കേ....'

തെല്ലുനേരം രാമൻ കുട്ടി ആ സംഭവം മനസ്സിൽ കു. അയാളുടെ മനസ്സൊന്നു പിടഞ്ഞു.

'പ്രേമം പൂത്തുലഞ്ഞ മനസ്സിന്റെ ഉൾകണ്ഠയിൽ ഞാൻ അയാളോടു ചോദിച്ചു.

മരിക്കുന്നതിന് മുൻപ് ആന്മഹത്യാമുനമ്പിൽ കൂട്ടിന് അവളെന്റെ പേരുവിളിച്ചു നിന്നിരുന്നല്ലേ?'

രാമൻകുട്ടി നിർവ്വികാരനായതുപോല ഒന്നു മൂളി. ഉം....

യക്ഷിപ്പാറ കൂടുതൽ കറുത്തിരുു. കൂടുതൽ വലുതായതു പോലെ. അവൾ അയാളെ മാടി വിളിച്ചു.

രാമൻകുട്ടിയുടെ നേർത്ത ചിലമ്പിച്ച ശബ്ദമോ നിശ്വാസമോ ഒന്നും പ്ന്നീട് അയാൾക്ക് കേൾക്കാനായില്ല.

ശക്തിയായി കാറ്റു തുടങ്ങി. ചാറ്റൽ മഴ ശക്തിയാർജ്ജിക്കുന്നു. പാറക്കു മുകളിൽ കൊള്ളിയാന്റെ വാളുകൾ തലങ്ങും വിലങ്ങും വീശികൊിരുന്നു,

ശക്തിയായ കാറ്റിൽ റാന്തൽതിരി അവസാന ദീപ്തിയും പരത്തി ചരമമടഞ്ഞു.സമനില തെറ്റിയതു പോലെ. വീം വീം അയാൾ പുലമ്പി കൊിരുന്നു. അതാ യക്ഷിപാറക്കുമുകളിൽ ഒരു രൂപം കാണുന്നില്ലേ?. അതവളാണ്. സൂക്ഷിച്ചു നോക്കൂ. എന്റെ സൂര്യകാന്തി.

നന്ദു സാറെ രാമൻകുട്ടി വിളിച്ചു.

'രാമൻകുട്ടി. നിങ്ങൾക്കും അവളുടെ ശബ്ദം കേട്ടുകൂടെ?' അയാളുടെ ശബ്ദം ചിലമ്പി.

അവൾ രു കൈകളും നീട്ടി അതാ വീം വീം എന്നെ മാടിവിളിക്കുന്നു.

രാമൻകുട്ടി വിളക്ക് തെളിയിച്ചു.

നന്ദു സാറിനെകില്ല.

ശക്തിയായി അടിച്ച മിന്നൽ പ്രകാശത്തിൽ അകലെ ഒരു വെളുത്തരൂപം

അത് മലയുടെ മുകളിലേക്കെത്താറായിരിക്കുന്നു.

രാമൻകുട്ടി പിന്നാലെ ഓടി

നന്ദു സാറെ. രാമൻകുട്ടി ഉറക്കെ വിളിച്ചു.

രാമൻകുട്ടിയുടെ ശബ്ദം യക്ഷിപ്പാറയിൽ തട്ടി പ്രതിധ്വനിച്ചു

കൊള്ളിയാൻ വീും പൂത്തിരി കത്തിച്ചു.

ആ വെളിച്ചത്തിൽ രു രൂപങ്ങൾ യക്ഷിപാറക്കു മുകളിൽ ആലിംഗനത്തിൽ നിൽക്കുന്നതു കുരാമൻകുട്ടി നടുങ്ങി.

കൊള്ളിയാൻ നിന്നു.

അൽപസമയം ഇരുട്ടിനു കട്ടികൂടി വന്നു.

രാമൻകുട്ടി അടുത്ത മിന്നലിനെപ്രതീക്ഷിച്ച് കണ്ണുകൾ അമർത്തി തുടച്ചു ശ്രദ്ധിച്ചു നോക്കി നിന്നു.

അടുത്ത മിന്നൽ.

അപ്പോഴും നന്ദു സാറും സൂര്യകാന്തിയും ആ രു മനുഷ്യരൂപങ്ങൾ കെട്ടിപിടിച്ച് പാറയുടെ അഗാതഗർത്തത്തിലേക്ക് മറയുന്നത് ഒരു അതിശയം പോലെ രാമൻകുട്ടി നോക്കി നിന്നു.

പാറക്കു പിറകിൽനിന്നും വന്ന കാറ്റിൽ പാക്കെ രാമൻകുട്ടിയെ കുപിതനാക്കിയിരുന്ന ഗാനത്തിന്റെ ഈണം ഒഴുകിയെത്തി.

ആ ഈണത്തിന്റെ അവിശ്വസനീയ മാസ്മരികത ആസ്വദിച്ച് മഴയിൽ കുതിർന്ന് അയാൾ നിന്നു എന്ത് ചെയ്യണമെന്നറിയാതെ...!

എങ്ങോട്ട് തിരിയണമെന്നറിയാതെ.

(




2014 – 2015 B.A.M.S പരീക്ഷയിൽ ഉന്നത വിജയം നേടിയ കുന്ദമംഗലം ചോയിമഠത്തിൽ സുന്ദരൻ ബേബി നിഷ എന്നിവരുടെ മകൾ **സുമിഷാ സുന്ദർ**

(അനുഭവക്കുറിപ്പ്)

# പ്രൊഫസർ വാഴക്കുന്നം

ഇളവന കുട്ടികൃഷ്ണൻ നായർ



മലയാളക്കരയിൽ മായാജാലത്തിന്റെ പൊൻവിത്ത് പാകിയ പ്രൊഫസർ വാഴക്കുന്നം നീലകണ്ഠൻ നമ്പൂതിരി കൺക്കെട്ടുവിദ്യയായ ജീവിതത്തിൽ നിന്നു തന്നെ കാലയവനികക്കുള്ളിൽ മറഞ്ഞിട്ട് ഇക്കഴിഞ്ഞ ഫെബ്രവരി 9 ാം തിയ്യതി 32 വർഷങ്ങൾ തികഞ്ഞു. കേരളത്തിലെ ജാലവിദ്യകലയുടെ പിതാമഹനായി അദ്ദേഹം ഇന്നും ലോകമെമ്പാടും അറിയപ്പെടുന്നു. "ജാലവിദ്യ ഒരു കലയാക്കി മാറ്റാൻ അക്ഷീണം പ്രവർത്തിച്ച വാഴക്കുന്നം 1903 ഫെബ്രവരി 8 ാം തിയ്യതി മകയിരം നക്ഷത്രത്തിൽ പട്ടാമ്പിയിൽ തിരുവേഗപ്പുരയിലെ വാഴക്കുന്നം ഇല്ലത്ത് ഭൂജാതനായി." കുട്ടിക്കാലത്ത് തന്റെ ഇല്ലത്ത് വരാറുള്ള മുസ്ലീം ഈച്ചരവാരിയരിൽനിന്നും ചെപ്പടി വിദ്യകു കഴിഞ്ഞപ്പോൾ ജാലവിദ്യയിൽ ആകൃഷ്ടനായി. തുടർന്നു കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാനിൽ നിന്നും "മാതംഗലീല" പഠിക്കുന്ന സമയം തന്നെ അദ്ദേഹം പല്ലത്തേരി നമ്പ്യത്താൻ നമ്പൂതിരിപ്പാടിൽ നിന്നും ജാലവിദ്യ സായത്തമാക്കി. പിന്നെ പലരിൽനിന്നും അദ്ദേഹം വിദ്യകൾ പലതും പഠിച്ചു. ആർ. കെ മലയത്തും, മുതുകാടും, മൺമറഞ്ഞ മഞ്ചേരി അലിഖാനും അദ്ദേഹത്തിന്റെ ശിഷ്യരിൽപ്പെട്ടവരാണ്.

ജീവിതത്തിൽ മുഴുവൻ Majic ന്റെ ഉന്നമനത്തിനായി പ്രവർത്തിച്ച അദ്ദേഹം എളിമയുടേയും വിനയത്തിന്റേയം പര്യായമായിരുന്നു.

ഏകദേശം 55 വർഷങ്ങൾക്ക് മുമ്പ് "വാഴക്കുന്നം" എന്ന മഹദ് വ്യക്തിയുടെ കൂടെ യാത്രാമദ്ധ്യേ ചിലവഴിച്ചപ്പോൾ ഉായ അനുഭവമാണ് ഞാൻ പങ്കുവെക്കാൻ പോകുന്നത്.

ചെറുപ്പത്തിൽ അച്ഛന്റെയും, അമ്മയുടെയും കൂടെ ഗുരുവായൂർ ദർശനത്തിനു പോകാറുായിരുന്നു. പിന്നെ ആരെയെങ്കിലും കൂടെ ഒരുമിച്ചു പോകും. അങ്ങനെഒരു യാത്രയിലാണു ഞാൻ വാഴകുന്നത്തെ ബസ്സിൽ വെച്ചു കുമുട്ടുന്നത്. അന്ന് എന്റെ കൂടെ ബന്ധുവായ ഗംഗാധരനും ഉായിരുന്നു. അതിരാവിലെ-

കോഴിക്കോട് പാളയം ബസ്സ് സറ്റാന്റിൽ എത്തിയ ഞങ്ങൾ ഗുരുവായൂർ ബസ്സിൽ കയറി സീറ്റുറപ്പിച്ചു. ഗംഗാധരൻ എന്റെ മുൻസീറ്റിലാണ് ഇരുന്നത്. എന്റെ ഇരിപ്പടത്തിന് അടുത്തുള്ള സീറ്റ് അപ്പോഴും ഒഴിഞ്ഞു കിടക്കുകയായിരുന്നു. ആ സമയത്ത് "വാഴക്കുന്നം" ബസ്സിൽ കയറാൻ ഇടയായി. മുഖത്തെ തേജസ് ക മാത്രയിൽത്തന്നെ അദ്ദേഹം ഒരു ബ്രാഹ്മണനാണെന്ന് ഞാനൂഹിച്ചു. ജുബ്ബയും മുുമാണ് വേഷം. കഴുത്തിൽ ഒരുതോൾ സഞ്ചി തൂക്കിയിട്ടിരുന്നു. കയ്യിലെ പ്ലാസ്റ്റിക്ക് കൊട്ടയിൽ കുറച്ച് പഴങ്ങളുമു്. ഞാൻ വളരെ ഉപചാരത്തോടെ സീറ്റുകാണിച്ച് ഇരിക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹം ചിരിച്ചു കൊ് അത് സ്വീകരിച്ചു. എന്റെ അടുത്ത സീറ്റിൽ ആസനസ്ഥനായി. ഇദ്ദേഹം പ്രശസ്തനാംയ വാഴക്കുന്നം നീലകണ്ഠൻ നമ്പൂതിരിപ്പാടാണെന്നു എനിക്ക് ആ സമയം അറിയില്ലായിരുന്നു. പിന്നെ നടന്ന സൗഹൃദ സംഭാഷണത്തിലാണ് അദ്ദേഹം വാഴക്കുന്നമാണെന്നുവെളിപ്പെടുത്തിയത്. തുടർന്ന് അദ്ദഹം നിങ്ങൾ എങ്ങോട്ടാണ് യാത്രയെന്നു തിരക്കി. ഞാൻ ഗംഗാധരനെതൊട്ട് കാണിച്ചു കൊ് ഞങ്ങൾ രു പേരും ഒന്നിച്ച് ഗുരുവായൂർ അമ്പലത്തിലേക്കാണെന്നു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മുഖപ്രസന്നമാകുന്നത് ഞങ്ങൾ ഇരുവരും ശ്രദ്ധിച്ചു.

"സൂക്ഷിച്ചു പോകണം കുട്ട്യോളേ" എന്നൊരുപദേശവും തന്നു. ഞാനും നിങ്ങൾ പോകുന്ന വഴിക്ക് തന്നെയാണ്, വഴിയിൽ ഇറങ്ങുമെന്ന് പറഞ്ഞു.

# സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണ്ണിച്ചർ




AÀ¦W skâÀ, tImhqÀ, tImgn-t¡m-Sv, t^m¬: 0495 2353022

kn.-Fw. kpµ-c³ þ 9388412430




ഗ്ലാസ്, പ്ലൈവുഡ്, ഫർണിച്ചർ, ഫൈബർഡോർ, ഹാർഡ്‌വേർ, കിച്ചൺ ക്യാബിനറ്റ്, അക്വേറിയം, ഗ്ലാസ്സ് ബെന്റിംഗ്, കളറിംഗ്, ബവലിംഗ്, എച്ചിങ് വർക്സ്




സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണിച്ചർ പൊറ്റമ്മൽ, ഫോൺ: 3299956

എല്ലാവിധ ഇൻഡസ്ട്രീയൽ ജോലികൾക്കും സമീപിക്കുക

# ശാരദ



ഇൻഡസ്ട്രീയൽസ്



കാളൂർ റോഡ്, മാങ്കാവ്
കോഴിക്കോട് – 673 007
Mob: 9846412070

# M.R BAKERY & SWEETS

സ്വാദിഷ്ടമായ മധുരപലഹാരങ്ങൾ, മിക്ചർ, ബനാനചിപ്സ്, സ്നാക്സ് മിതമായ നിരക്കിൽ

PUTHIYAPALAM ROAD CALICUT - 2
Ph: 0495 2306063

*Fresh Snacks & Sweets*




ചികിത്സക്കും ആയുർവ്വേദ ഔഷധങ്ങൾക്കും

# KODAPPALLY AYURVEDA PHARMACY



29/1552 A2, Kottooli Centere,
Kozhikode - 16
Agency : KACOPS, KOTTOOLI
Mob : എം. കെ. രവീന്ദ്രൻ വൈദ്യർ
കൊടാപ്പള്ളി – 9747868041



പട്ടാമ്പിയിലേക്കുള്ള യാത്രയായിക്കാം അത്.


ഞാൻ യാത്രയിൽ സാധാരണ കൈയ്യിൽ കരുതാറുായിരുന്ന ഇസ്തിരിയിട്ട് മടക്കിയ തൂവാല എന്നോടദ്ദേഹം വാങ്ങി മുൻസീറ്റിലിരിക്കുന്ന ഗംഗാധരൻ വശം കൊടുത്തിട്ട് അവനോട് തൂവാലയിൽ കഴിക്കാൻ പറ്റാത്ത വിധം കെട്ടുകൾ ഇട്ടശേഷം അദ്ദേഹത്തിന്റെ കൈയ്യിൽകൊടുക്കാൻ പറഞ്ഞു, പറഞ്ഞവിധം ഗംഗാധരൻ തൂവാലയിൽ കുറെ കെട്ടുകളിട്ട് ഒരു പന്തുരൂപത്തിലാക്കി. അദ്ദേഹം ആ തൂവാല പന്ത് അവനോട് വാങ്ങി എന്തോ ധ്യാനിച്ചുകൊ് എന്റെ കൈയ്യിൽവെച്ചു തന്നു. തൂവാല ഞാൻ മടക്കി ഇസ്തിരിയിട്ടതുപോലെ ഒരു ചുളിവും പറ്റാതെത്തന്നെയുായിരുന്നു.

അത്ഭതം! ഞങ്ങൾ രുപേരും എഴുന്നേറ്റു നിന്നുപോയി. ഞങ്ങളുടെ അമ്പരപ്പ് കുറച്ചുനേരം നിന്നു. അടുത്തടുത്ത സീറ്റിലിരിക്കുന്നവർ ഈ കൺകെട്ടു വിദ്യ ശ്രദ്ധിക്കുന്നുായിരുന്നു.

ഞങ്ങളുടെ ആകാംക്ഷ കപ്പോൾ അദ്ദേഹം ഞങ്ങളെ മേജിക്കിന്റെ ലോകത്തിലേക്ക് ക്ഷണിച്ചു. നിങ്ങൾക്ക് പഠിക്കാൻ ആഗ്രഹമുങ്കിൽ എന്റെ ഇല്ലത്തേക്ക് വരിക ഞാൻ അവിടെയുാകുമെന്നുകൂടി പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മഹാമനസ്കതക്കു മുമ്പിൽ പ്രണമിച്ചു നിൽക്കാനല്ലാതെ ഞങ്ങൾക്കൊന്നും പറയാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന് ഇറങ്ങാനുള്ള സ്റ്റോപ്പ് എത്തിയപ്പോൾ ഞങ്ങളെ ഒരു തവണ കൂടി ഇല്ലത്തേക്കു ക്ഷണിച്ചുകൊ് പിന്നെ കാണാമെന്നു പറഞ്ഞു മെല്ലെ ബസ്സിൽനിന്നും ഇറങ്ങി. റോഡിലൂടെ നടന്നു നീങ്ങുന്ന ആ വയോവൃദ്ധനെ ഞങ്ങൾ ഇരുവരും കണ്ണിൽനിന്നു മറയുന്നതുവരെ നോക്കി നിന്നു. ജീവിതത്തിന്റെ ഓട്ടപാച്ചിലിൽ അദ്ദേഹത്തെ കുമുട്ടാനോ ഇല്ലത്ത് പോവാനോ സാധിച്ചില്ല. എങ്കിലും ആ വലിയ മനുഷ്യൻ തന്ന ഒരു പിടി നല്ല നിമിഷം ഞങ്ങളുടെ മനസ്സിൽ ഇന്നും നിറഞ്ഞു നിൽക്കുന്നു. അദ്ദേഹത്തിന്റെ ഓർമ്മക്കു മുമ്പിൽ നമ്രശിരസ്കനായി ആയിരം പ്രണാമങ്ങൾ അർപ്പിക്കുന്നു. ■

(കവിത)

# ജീവിതം



കരിങ്കോവിൽ വിജയകുമാർ

**വല്ലാത്ത വല്ലാത്തൊരു നാടകത്തിൽ**
**അഭിനയിക്കുവാൻ വന്നു ഭാഗ്യവാന്മാർ**
**കറങ്ങി തിരിയുന്ന സ്റ്റേജിലാണീ**
**കറങ്ങി തിരിയുന്ന മാനവന്മാർ**

**കാലചക്രത്തിൻ കറക്കത്തിൽ പെട്ടോരോ**
**ജീവിതത്തിൻ വേഷങ്ങൾ ആടുമ്പോൾ**
**വേദനയിൽ തളരാതിരിക്കുവാൻ**
**ജ്ഞാനത്തിൻ കണ്ണു തുറന്നു നീ വെയ്ക്കണം**

**വൈരുദ്ധ്യം നിറഞ്ഞൊരീ ജീവിതത്തിൽ**
**സുഖ ദഃഖങ്ങളൊന്നുമേ സ്ഥിരമല്ലൊരിക്കലും**
**അകക്കണ്ണു തുറന്നു നീ ജീവിക്കയാണെങ്കിൽ**
**വിജയം സുനിശ്ചിതം വന്നു ചേരും**

(കവിത)

# ശാരികേ ശാന്തമായുറങ്ങുക



സോമശേഖരൻ പി.വി.

ശാരികേ...
ശാരികേ നീ ശാന്തമായുറങ്ങുക
ഏതോ മരംകൊത്തി
കൊത്തിമിനുക്കിയ മരപ്പൊത്തിൽ
മക്കളൊന്നിച്ചു ശാന്തമായുറങ്ങുക.
മലവേടന്റെ ഞാണൊലിയൊച്ച -
കേൾക്കാതെ
പിടഞ്ഞുവീണത്
നിന്നിണയാണെന്നറിയാതെ
ശാന്തമായുറങ്ങുക
ശാരികേ ...ശാന്തമായുറങ്ങുക
കാലമേറെകടന്നു
കാത്തിരിപ്പു വിരസമാവുമ്പോൾ
അമ്പേറ്റു പിടയുന്നേരം
നിന്നിണമൊഴിഞ്ഞതിത്രമാത്രം
വിശപ്പകറ്റാൻ വറ്റിൽ പുഴുക്കളില്ല
നീർത്തടം വറ്റി വരുപോയ്
തൊവരളുമ്പോൾ ഓമനേ
നിൻ ഗദ്ഗദംമാത്രം..
ശാരികേ.. കാലമെത്രക്കടന്നാലും
വേടന്റെ കൈകളിൽ ചതി പുര
കൂർത്തയമ്പുകൾ ബാക്കിയാവുന്നു..
പൊത്തിലൊളിഞ്ഞിരിക്കുക
തുണക്കാരുമില്ലെന്ന് കരുതിയിരിക്കുക..



## Yes Key Electricals & Engineering Works

*Puthiyapalam, Calicut*

Repair of: Motor Rewinding, Welding Set, Step-Up, Battery Charges, Mixie, Fan, Cikrema Rectifiers etc.

കൂടാതെ എല്ലാവിധ ഇലക്ട്രിക്ക് ഉപകരണങ്ങളും റിപ്പയർ ചെയ്ത്കൊടുക്കുന്നു.

NB: വെൽഡിംഗ് മെഷീൻ വാടകയ്ക്ക് കൊടുക്കുന്നതാണ്.

K.P. Sunilkumar Mob: 9847390950
Ph: 0495-2702073, Resi: 9048594525

## ROYAL SOFA

**WORKS & REPAIR**

Parambil Bazar (Main Road), Gulf Bazar, Kozhikode
Mob: satheesh kumar 9048966942, 8129854325





C´y³, hntZi \nÀ½nXw tkm^-IÄ sskänÂh¶p dn¸-bÀsNbvXp sImSp-¡-s¸Spw

**സോഫ കവർ സ്റ്റിച്ചിങ്ങ് ചെയ്തു കൊടുക്കപ്പെടും**

## HASBI TOURS & TRAVELS




***Meenchanda, Areekkad, Calicut - 27***
***Mob: Sahir - 9895999100***
***9895350141***

## OUR Gents & Ladies

***THE DRESS DESIGNERS & MAKERS***



Shamina Complex,
Ground Floor, Door No:1038,
Court Road, Calicut-1
Ph:0495-6510257
Mob: Appu- 9447262004

WE UNDERTAKES ALL KINDS OF ALTERATION WORKS

Urgent stitching: Shirt1Hr, Churidar & Blouse 1Hr, Pants2Hr

## OUR Ladies PARK

***THE DRESS DESIGNERS & MAKERS***



Room No. 14, 1st Floor,
Moffussil Busstand Building,
Mavoor Road,
Kozhikode - 673 004
ഫോൺ: 0495 6410571



ബ്ലൗസ്, ചുരിദാർ
1 മണിക്കൂറിനുള്ളിൽ
തയ്ച്ചുകൊടുക്കുന്നു.

kºvkn-Un-tbm-Sp- Iq-Snb Kymkv IW-£³ DS-\Sn





ഇന്ത്യയിലെ പ്രമുഖ കമ്പനികളുടെ വീട്ടാവശ്യത്തിനുള്ള ഇൻവെർട്ടർ ആദ്യഗഡുവിൽതന്നെ തവണവ്യവസ്ഥയിൽ ലഭിക്കുവാൻ ഈ നമ്പറിൽ ബന്ധപ്പെടുക.

**കെ.പി. വിജയൻ, പറമ്പിൽ ബസാർ**
**ഫോൺ: 9037880835**

സമ്പാ : ടി.ജെ.നായർ മഞ്ചേരി

# നീലക്കര സാരികളുടെ പുണ്യം

മദർ തെരേസയുടെ മരണശേഷം, 'മിഷ്യനറീസ് ഓഫ് ചാരിറ്റി' സന്യാസി സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ സ്ഥാനം അലങ്കരിച്ചിരുന്ന നിർമ്മലയുടെ മരണം ഏവരും പത്രദ്വാരാ വായിച്ചറിഞ്ഞിരിക്കുമല്ലോ. മരിക്കുമ്പോൾ അവർക്ക് 81 വയസ്സായിരുന്നു. അവസാനം 7 വർഷക്കാലം അവർ കിടന്ന കിടപ്പിൽ തന്നെയായിരുന്നു.

മദർ തെരേസയുടെ ചരിത്രം നമുക്ക് ഏവർക്കും അറിയാമല്ലോ. അവരം അവരുടെ സന്യാസി സമൂഹവും ധരിച്ചിരുന്ന നീലക്കരയുള്ള സാരിയുടെ ചരിത്രം അറിഞ്ഞാൽ അവരുടെ മനസ്സിന്റെ നൈർമ്മല്യവും അറിയാവുന്നതാണ്. 1948 ൽ അവർ കൽക്കത്തയിൽ എത്തുമ്പോൾ കൽക്കത്ത കോർപ്പറേഷനിലെ തൂപ്പുകാരായ സ്ത്രീകൾ ധരിച്ചിരുന്നത് ഇത്തരം നീലക്കരയുള്ള സാരിയായിരുന്നു. അതുക അന്നുതന്നെ - 1948 ആഗസ്റ്റ് 17 മുതൽ മദറും തങ്ങളുടെ യൂനിഫോമായി അതംഗീകരിയ്ക്കുകയായിരുന്നു. ഇന്ന് ബംഗ്ലാദേശത്തിലെ വി.വി.ഐ.പികളായ സ്ത്രീകളിൽ പലരും ഇത്തരം സാരികൾ ധരിയ്ക്കുന്നു. ഉദാഹരണത്തിന് മമതാ ബാനർജി മുതൽപേർ ഈ തരം സാമ്യതയുള്ള സാരികളാണ് ഉപയോഗിക്കന്നത് എന്നത് സ്മരണീയമാണ്.

2015 ജൂൺ 23 ന് അന്തരിച്ച നിർമ്മലയുടെ ജനനം റാഞ്ചിയിലായിരുന്നു എങ്കിലും അവർ ഒരു നേപ്പാൾ ബ്രാഹ്മണ കുടുംബാംഗമാണ്. ബ്രട്ടീഷ് ഭരണകാലത്ത് ഇന്ത്യയുടെ ഭാഗമായ നേപ്പാളിൽ നിന്ന് പട്ടാള ഉദ്യോഗസ്ഥനായി റാഞ്ചിയിലെത്തിയ അവരുടെ പിതാവ് അവിടെത്തന്നെ - റാഞ്ചിയിൽ - സ്ഥിരതാമസമാക്കി. അങ്ങിനെയാണ് അവർ റാഞ്ചിയിൽ ജനിച്ചു വളരുന്നത്.

ഇപ്പോൾ പുതിയ സുപ്പീരിയർ ജനറൽ ആയി സിസ്റ്റർ മേരി പ്രഭ പദവിയേറ്റിരിയ്ക്കുകയാണ്. അവർക്കും സഭക്കും ആയുരാരോഗ്യങ്ങൾ നേരാം. സേവനപാതയിൽ പുതിയ പുതിയ പാഥാവുകൾ അവർ വെട്ടിതെളിയിക്കട്ടെ.

മദർ തെരേസയുടെ പൂർവ്വാശ്രമ നാമധേയം 'Anjeze Gonxhe Bojoxhu' എന്നാണ്.

**ഉപമയും ഉപമേയവും**

ഗഗനം ഗഗനാകാരം
സാഗരം സാഗരോപമം
രാമരാവണയോർ യുദ്ധം
രാമരാവണയോരിവഃ

വാത്മീകി രാമായണത്തിലെ മനോഹരമായ നാലു വരികളാണിത്. യുദ്ധകാണ്ഡം 107 ലെ - 51, 52, വരികൾ കവിതയിൽ വാസനയുള്ളവർ ഈ വരികൾ മനഃപാഠമാക്കണം.

ആകാശം ആകാശംപോലെ, കടൽ കടൽ പോലെ, രാമരാവണയുദ്ധം രാമരാവണ യുദ്ധം പോലെ ഈ മൂന്നിനും ഉപമകൾ ഇല്ല.

കവി ഉള്ള കാര്യം നേരെചൊവ്വേ പറഞ്ഞതിനാൽ ആ പാദാരവിന്ദങ്ങളിൽ പ്രണാമം.

നാട്ടറിവ്

# സംബോധനയിലെ മാധുര്യം

സി. കെ. രുഗ്മിണി മേലാക്കം

പേരുചൊല്ലി വിളിക്കുന്നത് ഒരു ഫേഷനാണ് ആധുനിക കാലത്ത്. അച്ഛൻ, അമ്മ, ഡാഡി, മമ്മി വിളികൾ കഴിഞ്ഞാൽ പിന്നെ ഒക്കെ കുട്ടികൾ പോലും ഗൗരവമായി എടുക്കന്നില്ല. നമുക്കു ബന്ധങ്ങൾ ഒട്ടേറെയു്. ഇങ്ങിനെപോയാൽ അതൊക്കെ കാലഹരണപ്പെട്ടു പോകും. അമ്മാവൻ, മാമ, അമ്മായി, ഏട്ടൻ, ചേച്ചി, ഏട്ടത്തിയമ്മ, മുത്തശ്ശൻ, മുത്തശ്ശി, അച്ഛമ്മ, അച്ചച്ഛൻ, അളിയൻ എന്നിങ്ങനെയുള്ള വിളികൾ വിളികേൾക്കുന്നവരുടെ മനസ്സിൽ തട്ടുന്നവയാണ് എന്നോർക്കുക.

നിങ്ങൾ ഒരു അപരിചിതമായ സ്ഥലത്തുകൂടി പോകുകയാണ്. വഴിയിൽ ഒരു സംശയം. അടുത്തുകയാളെ സമീപിച്ചു ചോദിയ്ക്കുന്നു: "സാർ, ഈ മേൽവിലാസം ഒന്നു പറഞ്ഞു തരാമോ?" അതേ സമയം വേറെ ഒരാൾ മറ്റൊരാളോട് ഇതേ സംശയം ചോദിയ്ക്കുന്നു. അതിങ്ങനെ: "അങ്കിൾ വിലാസം അറിയുമോ?" കാര്യം രും ഒന്നാണ്. രിലുമുള്ള സ്വരമാധുരി നിങ്ങൾക്കുതന്നെ നിരൂപിക്കാം. വയസ്സിൽ അല്പം കുറഞ്ഞവരെ പോലും ചിലസന്ദർഭങ്ങളിൽ അങ്കിൾ, ബ്രദർ എന്നു വിളിക്കുന്നതിൽ തെറ്റില്ല. അതുപോലെതന്നെ അയൽകേകാരേയും ബന്ധുമിത്രാദികളേയും വെറും പേരു ചൊല്ലി വിളിക്കുന്നതിനു പകരം മാമാ, ചേച്ചീ, അമ്മായി, മേമ എന്നൊക്കെ ചേർത്തു വിളിക്കുവാൻ കുട്ടികളെ പഠിപ്പിക്കുക. സംസാരത്തിലെ മാധുര്യം ജീവിതത്തിലും മധുരിക്കും എന്നു മറക്കാതിരിക്കുക.

ലേഖനം

# ഹൃദയത്തിൽ ദൈവത്തിന്റെ കൈയ്യൊപ്പുമായ്


ജോസ് പൂതക്കുഴി

തീവ്രവാദ രാഷ്ട്രീയ പ്രവർത്തനത്തിന് 1849 ഏപ്രിൽ 23ന് ദസ്തേയ്വ്സ്കി അറസ്റ്റ് ചെയ്യപ്പെട്ടു. രാജ്യദ്രോഹ കുറ്റം ചുമത്തി സാർ ഭരണകൂടം ദസ്തേയ്വ്സ്കി ഉൾപ്പെടെ പതിനഞ്ച് പേരെ വധശിക്ഷയ്ക്ക് വിധിച്ചു. 1849 ഡിസംബർ 22. ദസ്തേയ്വ്സകിയേയും കൂട്ടുകാരേയും പീറ്റേഴ്സ്ബർഗ്ഗിലെ സെമേനോവ് സക്വയറിൽ നിരത്തി നിർത്തി. അവർക്ക് ധരിക്കുവാൻ വെള്ള വസ്ത്രങ്ങൾ നൽകി. ചുംബിക്കാൻ കുരിശും. ആദ്യത്തെ മൂന്നു പേരെ തൂണോടു ചേർത്തു കെട്ടി. രാമത്തെ സംഘത്തിലായിരുന്നു ദസ്നേയ്വ്സ്കി. പട്ടാളക്കാർ കാഞ്ചിയിൽ വിരലമർത്താൻ തുടങ്ങവേ, ആൾകൂട്ടത്തിനിടയിലൂടെ വെളുത്ത കൈലേസ് വീശി ഒരു ഓഫിസർ ഓടിവന്നു. വധശിക്ഷ ഇളവു ചെയ്തിരിക്കുന്നു.

'മനുഷ്യൻ ഒരു മഹാരഹസ്യമാണ്. ആ രഹസ്യം പുറത്തുകൊു വരണം.ജീവിതമെന്തിനായി ഹോമിക്കപ്പെട്ടാലും അത് അവിവേകമാകില്ല. എന്റെ പഠനവിഷയം ഈ മഹാരഹസ്യമാണ്. എനിക്ക് മനുഷ്യനാകണം.' തന്റെ ജീവിതലക്ഷ്യത്തെപ്പറ്റി ദസ്തേയ്വ്സ്കി പറഞ്ഞതാണിത്. മനുഷ്യാത്മാവിന്റെ അനേക വ്യക്തിത്വങ്ങൾ അനന്ത സാഗരം പോലെ ആഴവും പരപ്പുമുള്ള തന്റെ സൃഷ്ടികളിലൂടെ അദ്ദേഹം വ്യതിരിക്തമാക്കി. മനോവിജ്ഞാനത്തിന്റെ വേരുകൾ തേടി ഫ്രോയിഡ് അലഞ്ഞത് ഇദ്ദേഹത്തിന്റെ കഥാപാത്രങ്ങളിലൂടെയാണ്.

മനുഷ്യനെന്ന പ്രതിഭാസത്തിന്റെ അനന്ത പ്രകൃതിയുടെ താരതമ്യമില്ലാത്ത സർഗ വിക്ഷോഭം. അതിന്റെ ബല തന്ത്രം നിർണ്ണയിച്ചതാകട്ടെ പതിനെട്ട് പത്തൊൻപത് നൂറ്റാുകളിലെ യൂറോപ്യൻ സമൂഹവും, അതിന്റെ ചരിത്രത്തിലെ അത്യുഗ്ര ചലനങ്ങളും.

കാഫയ്ക്കും കമ്യൂവിനും സാർത്രിനു ശേഷം ദസ്തേയ്വസ്കിയെ വായിക്കുമ്പോൾ വെറുമൊരു സാഹിത്യകാരനായിട്ടല്ല മനുഷ്യവംശം ചരിത്രത്തിൽ നിഗൂഢതകളും ഉഗ്രങ്ങളുമായ അന്തസത്യങ്ങൾ സ്ഫോടനാത്മകതയോടെ വെളിപ്പെടുത്താൻ അവതരിച്ച അല്ലെങ്കിൽ തെരഞ്ഞെടുക്കപ്പെട്ട ആധുനിക പ്രവാചകനായിട്ടാണ് അദ്ദേഹത്തെ കാണേത്. പ്രവാചകത്വത്തിന്റെ പ്രതിഫലമായ സകലവിധ പീഢാനുഭവങ്ങളും യാതനകളും ഒറ്റപ്പെടുത്തലുകളും ഒക്കെക്കൂടി സനാതനമായ ധർമ്മപ്രഹേളികകൾക്കും ജീവിത പ്രതിസന്ധികൾക്കും ഉത്തരം കത്തൊൻ സ്വയം എരിഞ്ഞുതീർത്ത ജീവിതം. അതിന്റെ പ്രകാശവലയങ്ങളിൽ ഒളിമിന്നുന്ന മനുഷ്യാത്മാവിന്റെ ഇരു ഭൂഖണ്ഡങ്ങൾ മനുഷ്യനിൽ നന്മയും തിന്മയും പ്രകാശവും അന്ധകാരവും ദൈവവും ചെകുത്താനും വേർതിരിച്ചറിയാൻ നടത്തിയ സത്യാന്വേഷണ പരീക്ഷണങ്ങളുടെ സ്തോഭത്തിന്റെ അനന്തര ഫലങ്ങൾ. ജീവിത പ്രഹേളികയുടെ കിട്ടാത്ത ഉത്തരം തേടിയുള്ള അനന്തമായ പ്രയാണം!



ദസ്തേയ്വ്സ്കിയുടെ രചനകൾ മനുഷ്യന്റെ ആത്മീയ മേഖലയിലെ വൈരുദ്ധ്യശക്തികളുടെ പോരാട്ടങ്ങൾ സ്പഷ്ടമാക്കുന്നവയാണ്. അതിലൂടെ മനുഷ്യന്റെ വൈരുദ്ധ്യാധിഷ്ഠിതആത്മത്തിന്റെ പ്രസ്നങ്ങൾ, സമയത്തിന്റെ അന്യഥാത്യവും അതിൽനിന്നുദിക്കുന്നവ്യഥയും സ്വയം കത്തലിനുള്ള തിക്കും തിരക്കും മറ്റും പ്രതിപാദിക്കുകയാണ്. അതിൽ ദൈവം, മനുഷ്യൻ, പ്രപഞ്ചം ഇവ തമ്മിലുള്ള ബന്ധം കേന്ദ്ര വിഷയമാക്കിയിരിക്കുന്നു. മനുഷ്യാത്മാവിന്റെ ഇരു അഗാധതയുടേയും അപാകതകളുടേയും ഭയാനകമായ സൗന്ദര്യം ഒരു മഹാമാന്ത്രികന്റെ സിദ്ധികളോടെ ദസ്തേയ്വ്സ്കി ആവിഷ്കരിച്ചപ്പോൾ അതുവരെയുള്ള നോവൽ സങ്കൽപ്പങ്ങൾഅട്ടിമറിക്കപ്പെടുകയാണ് ചെയ്തത്. ദസ്തേയ്വ്സ്കിയുടെ എഴുത്ത് കാവ്യാനുഭവത്തിന്റെ മാസ്മരിക ദൃശ്യങ്ങളിൽ സംഭവിച്ച വിസ്ഫോടനമായിരുന്നുവെന്ന് ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ സന്മാഗ്ഗിക ജീവിതം എന്നും ആത്മാവിന്റെ

പീഢനാനുഭവങ്ങൾ നിറഞ്ഞതായിരുന്നു. വേദനയിലൂടേയും ബന്ധനത്തിലൂടേയും ഈശ്വരനെ പ്രാപിക്കുക എന്ന ആദർശവും അദമ്യമായ ആഗ്രഹവും അവിടെ അനുഭവമായി ത്തീരുന്നു. അതറിയാൻ കഴിയുന്ന ഒരനുവാചകനുമാത്രമേ ദസ്തേയ്വ്സ്കിയുടെ ജീവിതത്തെ വൈകാരികമായി ഉൾകൊള്ളുവാൻ കഴിയുകയുള്ളു. അല്ലെങ്കിൽ എത്ര വലിയ വായനക്കാരനാണെങ്കിലും അദ്ദേഹം ദുർവൃത്തനും നികൃഷ്ടനും ആഭാസനും മദ്യപാനിയും ചൂതാട്ടക്കാരനും അപഥസഞ്ചാരിയുമായ ഒരു വ്യക്തിയാണോ എന്ന് സംശയിച്ചു പോയേക്കാം. അദ്ദേഹം അങ്ങിനെ ആയിരുന്നില്ലങ്കിലും.

സൃഷ്ടിയിലെ അയുക്തികളെ നോക്കി ദസ്തേയ്വ്സ്കി അസുഖകരമായ ചോദ്യങ്ങൾ ചോദിക്കുന്നു ചോദ്യങ്ങൾക്ക് സ്വയം ഉത്തരം കത്തെുന്നതിലാണ് തന്റെ ജീവിതത്തിന്റെ സാധൂകരണംഎന്ന മട്ടിൽ അസ്വാസ്ഥ്യം കൊള്ളുന്നു. സൃഷ്ടാവിനെവിചാരണ ചെയ്യുന്ന അദ്ദേഹം വിശ്വാസികളുടെ കൂട്ടത്തിൽ ഒന്നാം സ്ഥാനക്കാരനാണ്. വിശ്വാസവും കലാപവും ആ മനസ്സിൽ കുടികൊിരിക്കുന്നു. സ്നേഹത്തിനുവേി തീവ്രമായി ദാഹിക്കുന്ന അദ്ദേഹം എല്ലാ സ്നേഹത്തേയും പീഢാനുഭവമാക്കി മാറ്റുന്നു. രോഗവും ശമനവും നിർവൃതിയും ഇവിടെ ഒന്നായി ത്തീരുന്നു. ദിമിത്രിയും ഐവാനും അലോഷ്യയും സ്മർഡ്യക്കോവും ഒരാളിൽ സാക്ഷാത്ക്കരിക്കപ്പെട്ടപ്പോഴാണ് ദസ്നേയ്വ്സ്കി പുണ്യപാപങ്ങളുടെ ഈ കടുംകെട്ട് അഴിച്ചടുക്കാനുള്ള യത്നമാണ് ആ ജീവിതത്തെ സങ്കീർണ്ണമാക്കുന്നത്. ആയതിന്റെ കടച്ചിലാണ് അദ്ദേഹത്തിന്റെ രചനകളെ മാഹാത്മ്യമണിയിക്കുന്നത്. ദൈവത്തിന്റെ കൈയ്യൊപ്പ് ആ ഹൃദയത്തനു മേൽ പതിയുന്നത് അപ്പോഴാണ്.

സ്നേഹിക്കുന്ന പെൺക്കുട്ടിയുടെ കാല്ക്കൽ കുനിഞ്ഞിരുന്ന് അവളുടെ പാദങ്ങൾ ചുംബിച്ച് അത്ഭുതപ്പെടുത്തികൊ് 'കുറ്റവും ശിക്ഷയും' എന്ന നോവലിൽ റസ്ക്കോൾ നിക്കാഫ് ഭ്രാന്തമായി പറഞ്ഞു 'നിന്നെ മാത്രമല്ല കഠിനമായ യാതനഅനുഭവിക്കുന്ന മനുഷ്യരാശിയെയാണ് താൻ പ്രണമിക്കുന്നതെന്ന്' 'ഭൂതാവിഷ്ടരി 'ലെ മാവ്രിക്കി ലിസായോടു പറയുന്നു. 'ഞാൻ എന്റെ ജീവിതത്തിൽ സുന്ദരമായ സകലതിന്റേയും മുമ്പിൽ കുമ്പിടുകയാണ്. അവയെ ചുംബിച്ചുകൊ് നന്ദി പറയുകയാണ്'. ദൈവവും പിശാചും മാറി മാറി ദസ്തേയ്വ്സ്കിയുടെ ഹൃദയത്തിൽ ആധിപത്യം സ്ഥാപിച്ചു കൊിരുന്നു. ഹൃദയത്തിൽ ദൈവം കൈയ്യൊപ്പിടുമ്പോൾ ചെകുത്താൻ വന്നത് മായ്ക്കുന്നു. ദൈവം പിന്നേയും ഒപ്പിടുന്നു. ചെകുത്താന്റെ കളി പിന്നേയും പിന്നേയും തുടരുന്നു. ദസ്തേയ്വ്സ്കി ദൈവത്തോടൊപ്പം നടക്കാനിറങ്ങുന്നു. ചെകുത്താനോടൊപ്പം ചൂതാട്ട കേന്ദ്രത്തിലും മദ്യശാലയിലുമെത്തുന്നു. ഓരോമനുഷ്യനും അവൻ ആരായാലുംജീവിതത്തിൽ സാരഭൂതമായി കത്തുന്ന ഒരു മഹത്വത്തിന് മുമ്പിൽ കുമ്പിടണമെന്ന് 'ഭൂതാവിഷ്ടരിൽ' ദസ്തേയ്വ്സ്കി ഓർമ്മിപ്പിച്ചു.

'എന്റെ പീഢാനുഭവങ്ങളെ സ്നേഹിക്കുവാൻഞാൻ പഠിച്ചു കഴിഞ്ഞു' എന്ന് ഒരിടത്ത് അദ്ദേഹം പ്രസ്താവിക്കുന്നു.ധാരാളം ആത്മക്ഷതങ്ങൾ ഏറ്റിട്ടുള്ള ആളായതുകൊ് അവയെല്ലാം കഥാപാത്രങ്ങൾക്ക് വീതിച്ചു കൊടുക്കുവാൻ അദ്ദേഹം ശ്രദ്ധ വെച്ചു. എന്നാൽ അതു നിമിത്തം ജീവിതത്തെ വെറുക്കുവാൻ താൻ അവരെ പഠിപ്പിക്കുന്നില്ല. മറിച്ച് ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കുവാനാണ് എന്നെ പഠിപ്പിച്ചത്. അതാണ് തന്റെ നോവലുകളിലൂടെ വായനക്കാർക്ക് പകർന്നു നൽകിയതും.


കുറ്റവും ശിക്ഷയും, ചെകുത്താന്മാർ, കർമസോവ് സഹോദരന്മാർ, ചൂതാട്ടക്കാരൻ, വിഡഢി മുതലായ എല്ലാ കൃതികളും മനുഷ്യാത്മാവിനെഉഗ്രപീഢയനുഭവിക്കുന്ന തത്വശാസ്ത്രങ്ങളെ കുറിച്ചുള്ള സമഗ്ര അന്വേഷണങ്ങൾ. ഈ അന്വേഷണത്തിന്റെ അഗാധതകൾ അടുത്ത നൂറ്റാുകളിലെല്ലാം ജാജ്വല്യമാനമായി നിൽക്കും.

ദസ്തേയ്വ്സ്കി എന്നറിയപ്പെടുന്ന ഫിയദോർ മീഖായിലോവിച്ച് ദസ്തേയ്വ്സ്കി 1821 നവംബർ 11 ന് മോസ്ക്കയിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവ് ദസ്തേയ്വ്സ്കി ഡോക്ടറായിരുന്നു. പ്രാചീനമായ അച്ചടക്കം പാലിച്ചുവേണം കുട്ടികൾ വളരാനെന്ന് അദ്ദേഹം ശഠിച്ചു. പതിനാറാം വയസ്സിൽ ഫിയദോറുടെ അമ്മ മരിച്ചു. സെന്റ് പീറ്റേഴ്സ്ബർഗ്ഗിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനിയറിംഗ് ബിരുദം നേടി. താമസിയാതെ അദ്ദേഹത്തിന് ജോലിയും ലഭിച്ചു. കൈയ്യിൽ ധാരാളം പണം വരാൻ തുടങ്ങിയപ്പോൾ ജീവിതം ധാരാളിത്തത്തിലേക്കും സുഖലോലുപതയിലേക്കും വഴുതി വീണു. അദ്ദേഹത്തിന്റെ കുത്തഴിഞ്ഞ ജീവിതം ജോലി നഷ്ടമാക്കി. കൂടുതൽ സമയം സാഹിത്യ പ്രവർത്തനത്തിനായി വിനിയോഗിച്ചു.1846 ൽ തന്റെ ആദ്യ കൃതി പ്രസിദ്ധീകരിച്ചു. പുവർ ഫോൾക് എന്ന ആ നോവൽ വിജയമായതോടെ റഷ്യൻ സാഹിത്യരംഗത്ത് ദസ്തേയ്വ്സ്കി ശ്രദ്ധേയനായി. അദ്ദേഹം നിരവധി പ്രശസ്ത കൃതികൾക്ക് ജന്മം നൽകി. അപരൻ, ഒൻപതു കത്തുകളിലൂടൊരു നോവൽ, കാരണവരുടെ കിനാവ്, നിന്ദിതരും പീഢിതരും, മരിച്ചവരുടെ വീട്, ശരത്കാലാനുഭവങ്ങളുടെ ശീതകാലക്കുറിപ്പുകൾ, അധോതലകുറിപ്പുകൾ, കുറ്റവും ശിക്ഷയും, ഭൂതാവിഷ്ടർ, എഴുത്തുകാരന്റെ ഡയറി, ചൂതാട്ടക്കാരൻ, ഇഡിയറ്റ്, അനശ്വര ഭർത്താവ്, അപക്വ യുവാവ്, ഒരപഹാസ്യന്റെ സ്വപ്നം, കരമസോവ് സഹോദരന്മാർ മുതലായവ അവയിൽ എടുത്തു പറയത്തക്ക കൃതികളാണ്.

ഒരെഴുത്തുകാരൻ കടന്നുപോയ തീച്ചാലുകൾ, അയാളുടെ ജീവിതത്തേയും എഴുത്തിനേയും എപ്രകാരം സ്വാധീനിച്ചു എന്നതിന് ദസ്തേയ്വ്സ്കിയുടെ കൃതികൾ സാക്ഷ്യം വഹിക്കുന്നു.

■

സി.കെ. രാഘവൻ



C.K. RAGHAVAN



## നക്ഷത്രരാജ്യം മാസിക മാനേജ്മെന്റ് "മാസിക" നേരിട്ട് സപ്ലൈ ചെയ്യുന്ന കോഴിക്കോട് സിറ്റി, കൊയിലാണ്ടി, മഞ്ചേരിയിലെ പ്രധാനപ്പെട്ട കടകൾ

**ശാസ്താസ്**
(Near K.S.R.C Stand)
സിറ്റി ടവറിന് എതിർവശം
മാവൂർറോഡ്
കോഴിക്കോട്

**ഹരീഷ്കുമാർ പി**
കലാകൗമുദി, ആകാശ് ബുക്ക്സ്,
കന്യാപരമേശ്വരി ടെമ്പിളിന് എതിർവശം
തളി റോഡ്, കാലിക്കറ്റ് - 2

**ക്വാളിറ്റി സ്റ്റേഷനറി**
7/940, കോർട്ട് റോഡ്
രാം റെയിൽവേ ഗേറ്റിന് സമീപം
കോഴിക്കട്- 673 001
ഫോൺ: 2721358

**കെ. ആർ. ബ്രദേഴ്സ്**
എസ്. എം. സ്ട്രീറ്റ്
കോഴിക്കോട് - 673 001
ഫോൺ : 2720565

**അളകാപുരി സ്റ്റേഷനറി,**
കോഴിക്കോട്
പാളയം

**മലബാർ സ്റ്റേഷനറി,**
മിംസ് ആശുപത്രിക്ക് എതിർവശം
കോഴിക്കോട്

**വിജയൻ കെ.സി.**
മല്ലിശ്ശേരിത്താഴം
പറമ്പിൽബസാർ
നമ്പ്രത്ത് ബിൽഡിംഗ്
ഫോൺ: 9037880835

**ലക്കി ബുക്ക്സ്**
ന്യൂ ബസ്സ് സ്റ്റാന്റ്
കൊയിലാണ്ടി
ഫോൺ ; 9846544326

**നെല്ലിക്കുത്ത് ബുക്ക് സ്റ്റാൾ,**
പുതിയ ബസ്സ് സ്റ്റാന്റിനടുത്ത്, (മഞ്ചേരി)
**കരിമ്പ് ജ്യൂസ്കട**
പഴയ ബസ്സ് സ്റ്റാന്റ്, (മഞ്ചേരി)

**യൂണിക്ക് ബുക്ക് സ്റ്റാൾ,**
കോടതിക്കടുത്ത്, (മഞ്ചേരി)
**ബേക്കറി** ശ്രീകൃഷ്ണ തിയേറ്റർ ഗെയ്റ്റ്,
(മഞ്ചേരി)

**ശ്രീദേവി ബുക്ക്സ് & പേപ്പേഴ്സ്**
കച്ചേരിപ്പടി - മഞ്ചേരി

**ശ്രീദേവി എന്റർപ്രൈസസ്സ്**
കോർട്ട് ഗേറ്റ് - മഞ്ചേരി

**ന്യൂ ശ്രീദേവി ഓഫ്സെറ്റ് പ്രിന്റേഴ്സ്**
കോർട്ട് ഗേറ്റ് - മഞ്ചേരി
**അപെക്സ് ബുക്ക് സ്റ്റാൾ,**
ബസ്സ് സ്റ്റാന്റ്, (രാമനാട്ടുകര)

**അക്ഷര ബുക്ക്സ്** (രാമനാട്ടുകര)
**എം. കെ. ബുക്ക്സ്** (രാമനാട്ടുകര)
**ബുക്ക് ലാന്റ്,** (രാമനാട്ടുകര)
**കുട്ടിയാപ്പു സ്റ്റേഷനറി,** (രാമനാട്ടുകര)
**മലയാളി ഫാൻസി,** ഫറോക്ക്
**ചന്ദ്രൻ സ്റ്റേഷനറി,** ഫറോക്ക്
**രാജൻ സ്റ്റേഷനറി,** (പൊയിൽകാവ്)
**കോയ സ്റ്റേഷനറി,** പൂക്കാട്
**ഇ. എൻ. ജി. സ്റ്റോർ,** സ്റ്റേഷനറി, പന്തീരാങ്കാവ്




അഖില മലബാർ നാട്ടുവൈദ്യ പ്രാക്ടീഷണേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മറ്റി സംഘടിപ്പിച്ച ദ്വിദിന പഠന ക്യാമ്പ് സമാപന സമ്മേളനത്തിൽ ശ്രീ. ആർ.എൽ. ബൈജു സബ്ബ് ജഡ്ജ് (കോഴിക്കോട്) ഉൽഘാടന പ്രസംഗം ചെയ്തു പ്രസംഗിക്കുന്നു.

# ഒരിറ്റ്



ഗിരീഷ് മൂഴിപ്പാടം




Edited, Printed Published by Nakshthra Rajyam E. Radhakrishnan on behalf of Nakshathra Rajyam Monthly.
DTP Bhavana Graphics Thali, Printed at Geethanjali Offset Prints, Kundayithode, Kozhikode